VOL NO: 05 I ISSUE 38
www.nerpatham.com
mail@nerpatham.com
2021 SEPTEMBER 25 I ₹12

# നേർപഥം

വാരിക

# ആവിഷ്കാരത്തിലെ മഞ്ഞക്കണ്ണടകൾ

ഒരു വാർത്ത എത്രമാത്രം പ്രതിലോമകരമായി സമൂഹത്തിന് കൈമാറാമെന്നതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് കേരളത്തിലെ മാധ്യമങ്ങൾ. നിഷേധാത്മക വൃത്താന്തങ്ങളിലെ അനുകൂല-പ്രതികൂല 'പ്രതികരണാഘോഷങ്ങൾ'ക്കപ്പുറം മൗനംപോലും പ്രസക്തമാണെന്ന തിരിച്ചറിവാണ് മീഡിയ കൈവരിക്കേണ്ടത്.



- ആരാണ് മുസ്‌ലിം?

- ദൈവവിശ്വാസം അലങ്കാരമല്ല; സംസ്കാരമാണ്
- അഫ്ഗാനിസ്ഥാൻ: അമേരിക്കൻ അധിനിവേശത്തിന് ശേഷം
- വ്യർഥവാദങ്ങളുടെ തണലിൽ ശിർക്കിനെ പരിപോഷിപ്പിക്കുന്നവർ

WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
Tel: 0495 4019437

# മതം, മനുഷ്യൻ, സാഹോദര്യം

**സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി**

**വില: ₹ 40**




ഇസ്‌ലാമിനെ യഥാർഥ ഉറവിടങ്ങളിൽ നിന്ന് പഠിക്കുമ്പോഴാണ് അതിന്റെ തനിമ നമുക്ക് വ്യക്തമാവുക. പ്രമാണങ്ങളെ തെറ്റായി വായിക്കുന്നത് സമൂഹത്തിൽ നിരവധി കുഴപ്പങ്ങൾക്ക് ഹേതുവാണ്. തങ്ങളുടെ ഇംഗിതങ്ങൾക്കനുസരിച്ച് പ്രമാണങ്ങളെ വക്രീകരിച്ച് അവതരിപ്പിക്കുന്നവർ എക്കാലത്തും ഉണ്ടായിട്ടുണ്ട്. അവർ സമൂഹത്തിനേൽപ്പിക്കുന്ന പരുക്ക് സാരമുള്ളതാണ്. മനുഷ്യർ തമ്മിലുള്ള സാഹോദര്യത്തെ മതം വിലക്കുന്നുണ്ടോ? ഇതര മത വിശ്വാസികളുമായുള്ള വിശ്വാസികളുടെ ഇടപെടൽ എങ്ങനെ? ഇസ്‌ലാം വിലക്കിയ സാഹോദര്യം ഏതാണ്? തുടങ്ങിയ വിഷയങ്ങളിലെ വൈജ്ഞാനിക പഠനമാണ് ഈ ഗ്രന്ഥം. ഈ വിഷയത്തിൽ തൽപരകക്ഷികൾ ഉയർത്തിവിടുന്ന ചില സന്ദേഹങ്ങൾക്ക് ഗ്രന്ഥകാരൻ മറുപടി നൽകിയിട്ടുണ്ട്.

ഓരോ വിഷയത്തിലെയും സലഫീ കാഴ്ചപ്പാടുകൾ എന്തുമാത്രം കാലികമാണ് എന്നതിന്റെ തെളിവുകൂടിയാണ് സിറാജുൽ ഇസ്‌ലാമിന്റെ ഈ കനപ്പെട്ട രചന. ചോദ്യോത്തര രൂപത്തിലുള്ള അവതരണം, വിഷയ ഗ്രാഹ്യത വർധിപ്പിക്കുന്നു.

0244

നേർപഥം
വാരിക

2021 സെപ്തംബർ 25
1442 സഫർ 18
പുസ്തകം 05 / ലക്കം 38

Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo

Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly






10
ആവിഷ്കാരത്തിലെ മഞ്ഞക്കണ്ണടകൾ
മുജീബ് ഒട്ടുമ്മൽ

05
മുഖമൊഴി
ആരാണ് മുസ്‌ലിം?
എഡിറ്റർ

06
ചരിത്രപഥം
ഉഹ്ദ് യുദ്ധം
ഹുസൈൻ സലഫി, ഷാർജ

16
ലേഖനം
അഫ്ഗാനിസ്ഥാൻ:
അമേരിക്കൻ അധിനിവേശത്തിന് ശേഷം
ഡോ. ടി.കെ യൂസുഫ്

20
ലേഖനം
വ്യർഥവാദങ്ങളുടെ തണലിൽ
ശിർക്കിനെ പരിപോഷിപ്പിക്കുന്നവർ
മൂസ സ്വലാഹി, കാര

26
ലേഖനം
ദൈവവിശ്വാസം അലങ്കാരമല്ല;
സംസ്കാരമാണ്
സുഫ്‌യാൻ അബ്ദുസ്സലാം

24
വിവർത്തനം
ആരാധനകൾക്ക്
ഒരാമുഖം
ശമീർ മദീനി

34
ക്വുർആൻ പാഠം
ചോദിക്കാം, പക്ഷേ...!
അബൂതെഹ്സീൻ

വായനക്കാർ എഴുതുന്നു

# വോട്ടുബാങ്ക് രാഷ്ട്രീയത്തിന് വിധേയമാകുന്നത് ആശങ്കാജനകം: മുജാഹിദ് നേതൃസംഗമം

മലപ്പുറം: കേരളത്തിന്റെ മതേതര പാരമ്പര്യത്തിനും സൗഹാർദത്തിനും മുറിവേൽപിച്ച് മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ വോട്ടുബാങ്ക് രാഷ്ട്രീയത്തിന് വിധേയമാകുന്നത് ആശങ്കാജനകമാണെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ മലപ്പുറത്ത് സംഘടിപ്പിച്ച മുജാഹിദ് നേതൃസംഗമം അഭിപ്രായപ്പെട്ടു. വിവിധ മതവിഭാഗങ്ങൾക്കിടയിൽ സംശയമുളവാക്കുന്ന ആസൂത്രിത നീക്കങ്ങൾ നടത്തുന്ന ഫാഷിസ്റ്റ് സംഘങ്ങളുടെ പാതയിലേക്ക് മതമേലധ്യക്ഷന്മാർ എത്തുന്നത് വലിയ വിപത്തുകൾ ക്ഷണിച്ച് വരുത്തും.

പാലാ ബിഷപ്പിന്റെ പ്രസ്താവന പിൻവലിപ്പിക്കുന്നതിന് പകരം മുസ്‌ലിം സമുദായത്തെ പ്രതിക്കൂട്ടിലാക്കുന്ന സമീപനം ആവർത്തിക്കുന്നത് അംഗീകരിക്കാനാവില്ല. സമൂഹത്തിലെ സൗഹാർദാന്തരീക്ഷം തകർക്കുന്നവരോട് വോട്ടുബാങ്ക് ലക്ഷ്യമാക്കി നിലപാട് സ്വീകരിച്ച് വരുന്നതും ഇത്തരം ചെയ്തികളോട് പരസ്യമായ വിയോജിപ്പ് പ്രകടിപ്പിക്കാതെ സമവായ ചർച്ചക്ക് ശ്രമിക്കുന്നതും വലിയ അപരാധമാണെന്ന് നേതൃസംഗമം വിലയിരുത്തി. വിവിധ മതവിഭാഗങ്ങൾക്കിടയിൽ സൗഹാർദാന്തരീക്ഷം ഊട്ടിയുറപ്പിക്കാൻ ഭരണകൂടം പ്രത്യേക പദ്ധതികൾ നടപ്പാക്കണം.

ക്രൈസ്തവ-മുസ്‌ലിം വിഭാഗങ്ങൾക്കിടയിൽ ചേരിതിരിവിന് ശ്രമിക്കുന്ന സംഘപരിവാർ സംഘങ്ങളുടെ അജണ്ടകൾക്കെതിരെ പ്രതിപക്ഷ നേതാവിന്റെ നേതൃത്വത്തിൽ നടക്കുന്ന പരിശ്രമങ്ങളെ യോഗം സ്വാഗതം ചെയ്തു. ബിഷപ്പിനെക്കൊണ്ട് പ്രസ്താവന പിൻവലിപ്പിക്കുകയും ഇരു മതവിഭാഗങ്ങളിലെയും വിവിധ സംഘടനാ നേതാക്കളെ ഒന്നിച്ചിരുത്തി ഐക്യത്തിന്റെ മാർഗം ശക്തിപ്പെടുത്തുകയും ചെയ്യണമെന്നും നേതൃസംഗമം നിർദേശിച്ചു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ.അബ്ദുല്ലത്വീഫ് മദനി അധ്യക്ഷത വഹിച്ചു. വൈസ് പ്രസി. കുഞ്ഞുമുഹമ്മദ് മദനി പറപ്പൂർ, ജനറൽ സെക്ര. ടി.കെ.അശ്‌റഫ്, നാസിർ ബാലുശ്ശേരി, ഫൈസൽ മൗലവി പുതുപ്പറമ്പ്, പ്രൊഫ.ഹാരിസ് ഇബ്നുസലിം, അബ്ദുൽ മാലിക് സലഫി, കെ.സജ്ജാദ്, കെ.സി.അയ്യൂബ്, നബീൽ രണ്ടത്താണി, വിസ്ഡം യൂത്ത് സംസ്ഥാന പ്രസി. കെ.സി.ഹാരിസ് കായക്കൊടി, ജനറൽ സെക്ര. കെ.താജുദ്ദീൻ സ്വലാഹി, മുജീബ് ഒട്ടുമ്മൽ, മുഹമ്മദ് അൻവർ.ഒ, അബ്ദുല്ല ഫാസിൽ, അനിൽ പ്രിംറോസ്, ഡോ.ഫസലുർറഹ്മാൻ, വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന പ്രസിഡന്റ് അർശദ് അൽഹികമി താനൂർ, ജനറൽ സെക്രട്ടറി ശമീൽ അരീക്കോട്, സി. മുഹമ്മദ് അജ്മൽ, ശമീൽ മഞ്ചേരി, ത്വാഹാ റഷാദ് എന്നിവർ പങ്കെടുത്തു.

**പാലാ വിവാദം: മന്ത്രിയുടെ നീക്കം സൗഹാർദത്തിന്റെ വഴിയിൽ മുള്ള് വാരിയിട്ടു വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ**

വിഭാഗീയ നീക്കങ്ങൾക്ക് പരിഹാരം കാണേണ്ട സംസ്ഥാന സർക്കാരിന്റെ ഉത്തരവാദപ്പെട്ട ഒരു മന്ത്രി പാലാ ബിഷപ്പിനെ സന്ദർശിച്ചശേഷം നടത്തിയ പ്രതികരണം സൗഹാർദത്തിന്റെ പാതയിൽ മുള്ള് വാരിയിടുന്നതായെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസി.പി.എൻ അബ്ദുലത്വീഫ് മദനി ജന.സെക്രട്ടറി ടി.കെ അശ്‌റഫ് എന്നിവർ പ്രസ്താവിച്ചു.

വിദ്വേഷം വമിപ്പിക്കുന്ന പ്രസ്താവന വന്നശേഷം അദ്ദേഹം അത് തിരുത്തിയില്ലെന്ന് മാത്രമല്ല; സഭയും അതിന്റെ മുഖപത്രവും അതിനെ ന്യായീകരിച്ച് രംഗത്ത് വരികയും ചെയ്ത സാഹചര്യത്തിൽ ബിഷപ്പിനെ മഹത്ത്വവത്കരിക്കുകയും തെറ്റ് തിരുത്താനാവശ്യപ്പെടുന്നവരെ തീവ്രവാദികളാക്കുകയും ചെയ്യുന്ന ശൈലി മുറിവേറ്റ സമുദായത്തിന് നേരെയുള്ള വെല്ലുവിളിയാണെന്നും പ്രസ്താവനയിൽ കുറ്റപ്പെടുത്തി. പാലാ ബിഷപ്പ് തന്റെ ദുരുദ്ദേശപരമായ പ്രസ്താവനക്ക് ഒരു തെളിവും ഇതുവരെ പൊതുസമൂഹത്തിന്റെ മുമ്പിൽ വെച്ചിട്ടുമില്ലെന്ന് നേതാക്കൾ ചൂണ്ടിക്കാട്ടി. മുസ്‌ലിം സമുദായം നടത്തുന്ന ന്യായമായ പ്രതികരണങ്ങളെപ്പോലും തീവ്രവാദത്തിന്റെ ചാപ്പയടിച്ച് ഇല്ലാതെയാക്കാനുള്ള ശ്രമത്തിൽനിന്ന് സർക്കാർ പിന്തിരിയണമെന്നും നേതാക്കൾ ആവശ്യപ്പെട്ടു.

മുഖമൊഴി

# ആരാണ് മുസ്‌ലിം?

കുറ്റകൃത്യങ്ങളിലുള്ള മുസ്‌ലിംനാമധാരികളുടെ സാന്നിധ്യം ചൂണ്ടിക്കാട്ടി മുസ്‌ലിം സമുദായത്തെ മൊത്തമായും ഇസ്‌ലാമിനെ പ്രത്യേകമായും അപകീർത്തിപ്പെടുത്താൻ സാമൂഹ്യമാധ്യമങ്ങളിലൂടെയും മറ്റും ചില സ്ഥാപിത താൽപര്യക്കാർ കിണഞ്ഞു ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. മറ്റേതൊരു മതത്തിൽപെട്ട വ്യക്തികൾ ചെയ്യുന്ന തെറ്റുകളെയും ആ മതത്തിന്റെയോ സമുദായത്തിന്റെയോ മേൽ ചാർത്തപ്പെടാറില്ല എന്ന കാര്യം ശ്രദ്ധേയമാണ്. ഇസ്‌ലാം എന്തെന്നറിയാത്തവർ അബദ്ധധാരണയിൽ അകപ്പെടാൻ ഇത് കാരണമാകുന്നുവെന്നതിൽ സംശയമില്ല.

സ്രഷ്ടാവിനുള്ള സമ്പൂർണ സമർപണമാണ് ഇസ്‌ലാം. ജീവിത പരിശുദ്ധി അതിന്റെ എല്ലാ അർഥത്തിലും വിശ്വാസി കാത്തുസൂക്ഷിക്കേണ്ടതുണ്ട്. അല്ലാഹുവും അവന്റെ തിരുദൂതനും കാണിച്ചുതന്ന പാതയിൽനിന്ന് വ്യതിചലിക്കാതെ ജീവിക്കൽ സത്യവിശ്വാസിയുടെ കടമയാണ്. വിശ്വാസകാര്യങ്ങളും കർമപരമായ കാര്യങ്ങളും വിധിവിലക്കുകളും പെരുമാറ്റ-സംസാര മര്യാദകളുമെല്ലാം ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്. ജീവിതത്തിൽ മനുഷ്യൻ പാലിക്കേണ്ടതായി ഇസ്‌ലാം അനുശാസിക്കുന്ന ഓരോ കാര്യവും വ്യക്തിക്കും കുടുംബത്തിനും സമൂഹത്തിനുമെല്ലാം ഗുണകരം മാത്രമാണ്.


അബൂഹുറയ്‌റ(റ)യിൽനിന്ന് നിവേദനം. നബി(ﷺ) പറഞ്ഞു: “നിങ്ങൾ അന്യോന്യം അസൂയ കാണിക്കരുത്. വ്യാപാരത്തിൽ പരസ്പരം വില കൂട്ടിപ്പറയരുത്. പരസ്പരം പകവെക്കരുത്. അന്യോന്യം അവഗണിക്കരുത്. മറ്റുള്ളവർ കച്ചവടം നടത്തിയതിനുമേൽ കച്ചവടം നടത്തരുത്. നിങ്ങൾ അല്ലാഹുവിന്റെ അടിമകൾ പരസ്പരം സഹോദരന്മാരായി വർത്തിക്കുക...” (മുസ്‌ലിം).

മുകളിലുദ്ധരിച്ച നബിവചനം ശ്രദ്ധിക്കുക. അതിൽ പറഞ്ഞ ഒന്നിനോടും ആർക്കും എതിർപ്പുണ്ടാകുമെന്നു തോന്നുന്നില്ല. ആ കാര്യങ്ങൾ അനുസരിക്കുന്നവരാണ് മുസ്‌ലിം സമൂഹമെങ്കിൽ അത് ഒരു മാതൃകാസമൂഹമായിരിക്കുമെന്നതിൽ സംശയമില്ല. ഇസ്‌ലാം സുഭദ്രമായ ഒരു സാമൂഹിക ജീവിതത്തിന് ആവ്യമായ മുഴുവൻ കാര്യങ്ങളിലും നിർദേശങ്ങൾ നൽകിയതായി കാണുവാൻ സാധിക്കും.

ഒരു യഥാർഥ മുസ്‌ലിം അസൂയയിൽനിന്നും മുക്തി നേടിയവനായിരിക്കും. ‘നിങ്ങൾ അസൂയ സൂക്ഷിക്കണം. നിശ്ചയം തീ വിറകുതിന്നുന്നതു പോലെയോ പുല്ല് കരിച്ചുകളയുന്നതുപോലെയോ അസൂയ സൽകർമങ്ങളെ നശിപ്പിച്ചുകളയും” എന്ന് നബി(ﷺ) മറ്റൊരിക്കൽ പറഞ്ഞതായി അബൂദാവൂദ് ഉദ്ധരിക്കുന്ന ഹദീഥിൽ കാണാം.

കച്ചവടത്തിൽ എന്തുമാകാം എന്ന തെറ്റായ ധാരണ വെച്ചുപുലർത്തുന്നവരുണ്ട്. കൃത്യമായി സമസ്കരിക്കുകയും ദാനധർമങ്ങൾ നൽകുകയും ചെയ്യുന്നവർ. പക്ഷേ, കച്ചവടത്തിൽ മാന്യത പുലർത്താറില്ല. കച്ചവടത്തിൽ തനിക്ക് ഉന്നതിയിലെത്തണം എന്ന ചിന്തയിൽ മറ്റുള്ളവരുടെ പരാജയത്തിനായി ഏതറ്റംവരെ പോകാനും തയ്യാറാകുന്നവർ ഏറെയുണ്ട്. ‘അല്ലാഹു പലിശ നിഷിദ്ധമാക്കുകയും കച്ചവടം അനുവദിക്കുകയും ചെയ്തിരിക്കുന്നു’ എന്ന് ക്വുർആൻ പറയുന്നുണ്ട്. പലിശ ചൂഷണമാണ്. ദ്രോഹമാണ്. അതുകൊണ്ടുതന്നെ അത് നിഷിദ്ധമാക്കപ്പെട്ടു. എന്നാൽ അനുവദിക്കപ്പെട്ട കച്ചവടത്തെയും ചൂഷണവും ദ്രോഹവുമാക്കി മാറ്റുന്നത് ന്യായീകരണമർഹിക്കുന്നില്ല.

ഇതരരുടെ അഭിമാനത്തിന് ക്ഷതം വരുത്തുവാനും ധനം അപഹരിക്കുവാനും അന്യായമായി രക്തം ചിന്തുവാനും ഇസ്‌ലാം അനുവാദം നൽകുന്നില്ല. സൂക്ഷ്മതയോടുകൂടി ജീവിക്കുന്ന ഒരു സത്യവിശ്വാസിയിൽനിന്നും ഇത്തരത്തിലുള്ള സ്വഭാവ വൈകൃതങ്ങൾ ഉണ്ടാവുകയില്ല. അൽപവിശ്വാസിയിൽനിന്നുണ്ടാകുന്ന അബദ്ധങ്ങളെ ജിഹാദുമായി ബന്ധിപ്പിച്ചു പറയുന്ന അൽപന്മാർക്ക് വിശുദ്ധജീവിതത്തിലൂടെയാണ് വിശ്വാസികൾ മറുപടി നൽകേണ്ടത്.




ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com



# ഉഹ്ദ് യുദ്ധം

മുഹമ്മദ് നബിﷺ 39

**ബ**ദ്‌റിലെ മുസ്‌ലിംകളുടെ വിജയം ശത്രുക്കളെ തെല്ലൊന്നുമല്ല അലോസരപ്പെടുത്തിയത്. മക്കയിലും മദീനയിലും അതിന്റെ അലയൊലികൾ ഉണ്ടായി. ശത്രുക്കൾക്ക് വലിയ അപമാനവും നാണക്കേടും ബദ്ർ യുദ്ധം സമ്മാനിച്ചു. വിശ്വാസികൾക്ക് ഈമാനികമായ കൂടുതൽ ശക്തിയും ലഭിച്ചു. മദീനയിൽ മേൽക്കോയ്മ നടിച്ച് നടന്നിരുന്ന യഹൂദികൾക്ക് മുസ്‌ലിംകളുടെ വിജയം വലിയ അസ്വസ്ഥതയുണ്ടാക്കി. യഹൂദികളുടെ വമ്പും വീര്യവുമെല്ലാം ക്ഷയിച്ചു. ബദ്ർ യുദ്ധത്തിന് ശേഷം ഇസ്‌ലാമിന് വലിയ വളർച്ചയുണ്ടായി. മക്കയിൽനിന്നും മദീനയിൽനിന്നുമായി ഇസ്‌ലാമിലേക്ക് വരുന്നവരുടെ എണ്ണം കൂടിവരാൻ തുടങ്ങി. ഇസ്‌ലാമിലേക്കുള്ള ജനങ്ങളുടെ ഒഴുക്ക് കണ്ടപ്പോൾ പലർക്കും വിഭ്രാന്തിയുണ്ടായി. നമ്മളായിട്ട് ഇനി എങ്ങനെ മാറിനിൽക്കും, എങ്ങനെ ഇനി ഇസ്‌ലാമിൽ ചേരാതിരിക്കും എന്ന് വിചാരിച്ചും ചിലർ ഇസ്‌ലാമിലേക്ക് കയറിക്കൂടി.

ബദ്‌റിലെ പരാജയത്തിന് പകരം ചോദിക്കാൻ ഒരു വലിയ സൈന്യവുമായി അവർ മക്കയിൽനിന്നും പുറപ്പെട്ടു. മൂവായിരത്തോളം വരുന്ന ആളുകളാണ് അന്ന് അതിൽ അവർക്കൊപ്പം ഉണ്ടായിരുന്നത്. കൂടാതെ ഇരുനൂറ് കുതിരകളും. യുദ്ധത്തിന് എല്ലാവിധത്തിലുള്ള വീര്യവും ലഭിക്കുമാറ് ആയുധസാമഗ്രികളും നർത്തകിമാരും വാദ്യോപകരണങ്ങളും എല്ലാമായി അവർ പുറപ്പെട്ടു. അബൂസുഫ്‌യാൻ, ഖാലിദുബ്‌നുൽ വലീദ്, ഇക്‌രിമതുബ്‌നു അബീജഹ്ൽ (മൂന്നുപേരും പിൽക്കാലത്ത് ഇസ്‌ലാം സ്വീകരിക്കുകയുണ്ടായി) തുടങ്ങിയവരാണ് നേതൃത്വം നൽകിയത്.

മക്കയിൽനിന്നും മദീനയിലേക്ക് യുദ്ധത്തിന് ശത്രുക്കൾ പുറപ്പെട്ടിരിക്കുന്നു എന്ന വിവരം നബിﷺ അറിഞ്ഞു. ഇത്തരം ഘട്ടങ്ങളിൽ നേതാവായ നബിﷺ സ്വന്തമായ ഒരു തീരുമാനം കൈകൊള്ളാറില്ലല്ലോ. അനുചരന്മാരുമായി കൂടിയാലോചിക്കലാണ് അവിടുത്തെ പതിവ്. അപ്രകാരം തന്നെ ഈ സന്ദർഭത്തിലും നബിﷺ സ്വഹാബികളോടൊത്ത് കൂടിയാലോചിച്ചു. ശത്രുക്കൾ മദീനയിൽ പ്രവേശിച്ച് നമുക്കെതിരിൽ ആക്രമണം തുടങ്ങുമ്പോഴാണോ, അതോ മദീനയിൽ എത്തുന്നതിന് മുമ്പായി മദീനയുടെ പുറത്തുവെച്ചാണോ അവരെ എതിരിടേണ്ടത് എന്നതിലായിരുന്നു നബിﷺ സ്വഹാബിമാരോട് കൂടിയാലോചന നടത്തിയിരുന്നത്. ഇപ്പോൾ നമ്മൾ സുശക്തമായ, നിർഭയത്വമുള്ള ഒരു നാട്ടിലാണ് ഉള്ളത്. അതിനാൽ നമുക്ക് അവർ മദീനയിൽ പ്രവേശിച്ച് നമ്മെ കടന്നാക്രമിക്കുന്ന സമയത്ത് അവരോട് എതിരിടാം എന്നതായിരുന്നു നബിﷺയുടെ അഭിപ്രായം. അത് നബിﷺ സ്വഹാബിമാരെ അറിയിച്ചു.

'നബിയേ, മദീനയുടെ അകത്തുവെച്ച് ഞങ്ങൾ ശത്രുക്കളാൽ വധിക്കപ്പെടുന്നത് ഞങ്ങൾ വെറുക്കുന്നു. ഇതിനകത്ത് ഒരു യുദ്ധം ഉണ്ടാകുന്നത് ഞങ്ങൾ വെറുക്കുന്നു. ജാഹിലിയ്യാ കാലത്ത് പോലും ഞങ്ങൾ അത് ശ്രദ്ധിച്ചവരായിരുന്നു. മുസ്‌ലിംകളായതിന് ശേഷം ഇനി നാം അത് ഏറെ ശ്രദ്ധിക്കേണ്ടതില്ലേ. അതിനാൽ മദീനക്ക്

അങ്ങനെ കയറിക്കൂടിയവരിൽ പെട്ടവനാണ് അബ്ദുല്ലാഹിബ്‌നു ഉബയ്യുബ്‌നു സലൂൽ. ഇസ്‌ലാമിന്റെ കുപ്പായമിട്ട് കയറിവന്ന അവനെക്കൊണ്ട് പിൽക്കാലത്ത് മുസ്‌ലിംകൾ സഹിക്കേണ്ടിവന്ന ഉപദ്രവങ്ങൾക്ക് കണക്കില്ലായിരുന്നു. കപടവിശ്വാസികളുടെ നേതാവായി പിന്നീട് അവൻ അറിയപ്പെട്ടു. അവൻ ഇസ്‌ലാമിൽ വന്നിട്ട് ചില മുന്നണികൾക്ക് രൂപം കൊടുത്തു. അവന്റെ നേതൃത്വത്തിൽ മുനാഫിഖുകളുടെ (കപടവിശ്വാസികളുടെ) സൈന്യം നബിﷺക്കും വിശ്വാസികൾക്കുമെതിരിൽ പ്രവർത്തിക്കാൻ ഒരു ടീമിനെ സജ്ജമാക്കി. അതേസമയം, തങ്ങളുടെ തലതൊട്ടപ്പന്മാർ നിലംപൊത്തിയ ജാള്യതയിലും അപമാനത്തിലുമാണ് മക്കയിലെ ക്വുറയ്ശികൾ. സാധാരണ അറബികൾ ആരെങ്കിലും മരണപ്പെട്ടാൽ നെഞ്ചത്തിടിച്ചും നിലവിളിച്ചും ആർത്തട്ടഹസിച്ചിരുന്നവരാണ്. ബദ്‌റിൽ അവരുടെ നേതാക്കൾ വധിക്കപ്പെട്ടിട്ട് യാതൊരു അനക്കവും ഇല്ലാതെ ഇളിഭ്യരായി കഴിയുകയായിരുന്നു. മുസ്‌ലിംകൾ അറിയാതിരിക്കാൻ അവരുടെ ദുഃഖം അവർ ഉള്ളിലൊതുക്കി. ബദ്ർ യുദ്ധത്തിലെ പരാജയത്തോടെ മക്കയിൽനിന്നും സിറിയയിലേക്ക് കച്ചവടത്തിനായി പോകുന്ന മാർഗം മുസ്‌ലിംകളുടെ അധീനതയിലായി. ഇപ്പോൾ മക്കക്കാർക്ക് അതുവഴി യാത്ര ചെയ്യാൻ സാധിക്കാതെയായി. അതെല്ലാം തിരിച്ചുപിടിച്ച് പകരം ചോദിക്കണം എന്നെല്ലാം അവർ തീരുമാനിച്ചു. ഇങ്ങനെ രണ്ട് വലിയ ലക്ഷ്യങ്ങൾ അവർക്ക് മുമ്പിൽ ഉണ്ടായിരുന്നു.

ബദ്‌റിലെ പരാജയത്തിന് പകരംവീട്ടാൻ അവർ തീരുമാനിച്ചു. അതിനായി അവർ വിഭവങ്ങൾ സമാഹരിച്ചു. കോപ്പുകൾ ഒരുക്കൂട്ടി. ഓരോദിവസം കഴിയുംതോറും പ്രതികാരചിന്ത അവരുടെ മനസ്സുകളിൽ തിളച്ചുമറിയാൻ തുടങ്ങി. ആ പ്രതികാര മനഃസ്ഥിതിമൂലമാണ് ഒരു കൊല്ലവും ഒരു മാസവും കഴിഞ്ഞ് (ഹിജ്‌റ 3ന്) ശവ്വാലിൽ ഉഹ്ദിൽവെച്ച് അടരാടാൻ അവർ തീരുമാനിച്ചത്. ശവ്വാൽ 15 ശനിയാഴ്ചയാണ് അത് സംഭവിച്ചത് എന്നതാണ് പ്രസിദ്ധമായ അഭിപ്രായം. മസ്ജിദുന്നബവിയിൽനിന്നും ഏകദേശം അഞ്ചര കിലോമീറ്റർ ദൂരത്ത് സ്ഥിതി ചെയ്യുന്ന ഉഹ്ദ് പർവതനിരകൾക്കു സമീപമാണിത് നടന്നത്.

ബദ്ർ യുദ്ധത്തിന്റെ പശ്ചാത്തലം നാം മനസ്സിലാക്കിയല്ലോ. ഒരിക്കലും ശത്രുക്കളോട് യുദ്ധം ചെയ്യാനുള്ള ഒരു മുന്നൊരുക്കത്തിലല്ലായിരുന്നു മുസ്‌ലിംകൾ. അതേസമയം മക്കയിൽനിന്നും മദീനയിൽ എത്തിയ മുസ്‌ലിംകളെ നശിപ്പിക്കാനായി ശത്രുക്കൾ രൂപകൽപന ചെയ്ത ചില പദ്ധതികൾ നബിﷺ അറിഞ്ഞപ്പോൾ ആ പദ്ധതിയെ ഇല്ലാതാക്കാൻ ശ്രമിക്കുകയാണ് ഉണ്ടായത്. എന്നാൽ അത് മക്കക്കാർക്ക് സഹിച്ചില്ല. അങ്ങനെയാണ് യുദ്ധം രൂപപ്പെട്ടത്.

പുറത്തുവെച്ചാകാം അവരോടുള്ള സംഘട്ടനം' എന്ന് അൻസ്വാരികളിൽ പെട്ട പലരും അഭിപ്രായപ്പെട്ടു. നബിﷺയുടെ അഭിപ്രായത്തിന് എതിരാണ് അനുയായികൾ പറയുന്നതെന്ന വിഷമമൊന്നും നേതാവായ നബിﷺയെ പിടികൂടിയില്ല. വിനീതനായ നേതാവ് മുഹമ്മദ് നബിﷺ അനുചരന്മാരുടെ അഭിപ്രായം അംഗീകരിച്ചു. പടയങ്കിയണിഞ്ഞു; പുറത്തേക്കിറങ്ങാൻ ഒരുങ്ങി.

ഈ സന്ദർഭത്തിൽ സ്വഹാബിമാർക്കിടയിൽ ചില സംസാരങ്ങളുണ്ടായി. എന്തിന് നാം നബിﷺയുടെ അഭിപ്രായത്തിന് എതിര് പറഞ്ഞു? അത് അരുതായിരുന്നു. അല്ലാഹുവിന്റെ റസൂൽﷺ ഇവിടം വിട്ട് പോകാൻ ആഗ്രഹിച്ചതല്ലല്ലോ. ഇവിടെ വെച്ചുതന്നെ അവരെ പ്രതിരോധിക്കാനായിരുന്നല്ലോ നബിﷺ ഉദ്ദേശിച്ചത്. നബിﷺയുടെ ആ ആഗ്രഹത്തിന് നാം എതിര് നിൽക്കേണ്ടിയിരുന്നില്ല എന്ന് സ്വഹാബിമാർക്കിടയിൽ സംസാരമുണ്ടായി. അവർ നബിﷺയോട് സംസാരിക്കാനായി ഹംസ‍ؓയെ ഏൽപിച്ചു. എന്നിട്ട് അവർ അദ്ദേഹത്തോട് പറഞ്ഞു:

"ഓ, ഹംസ! താങ്കൾ നബിﷺയോട് പറയൂ: '(നബിയേ) അങ്ങയുടെ തീരുമാനം പിൻപറ്റാനാണ് ഞങ്ങളുടെ തീരുമാനം.' അങ്ങനെ ഹംസؓ നബിﷺയോട് (അത്) പറഞ്ഞു: 'അല്ലാഹുവിന്റെ പ്രവാചകരേ, തീർച്ചയായും ജനങ്ങൾക്ക് കുറ്റബോധം ഉണ്ടായിരിക്കുന്നു. അവർ പറയുന്നു; ഞങ്ങളുടെ തീരുമാനം അങ്ങയുടെ തീരുമാനത്തെ പിന്തുടരുകയാണ് (എന്നതാണ്).' അപ്പോൾ അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: 'ഒരു പ്രവാചകന് പടയങ്കി അണിഞ്ഞാൽ അത് (യുദ്ധം) അവസാനിക്കുന്നതുവരെ അഴിച്ചുവെക്കൽ ചേർന്നതല്ല..."(തഫ്സീറുത്ത്വബ്‌രി).

വ്യക്തമായ ഒരു കാര്യത്തിൽ അല്ലാഹു തീർപ്പ് പറഞ്ഞിട്ടില്ലാത്ത കാര്യത്തിലായിരുന്നു ഇങ്ങനെ നബിﷺ കൂടിയാലോചന നടത്തിയിരുന്നത്. അല്ലാഹു ഏതൊരു കാര്യത്തിൽ തീരുമാനം അറിയിച്ചിട്ടുണ്ടോ, ആ കാര്യത്തിൽ പിന്നെ കൂടിയാലോചന നടത്തുന്നതിൽ പ്രസക്തിയില്ലല്ലോ. അത്തരം കാര്യങ്ങളിൽ അവിടുന്ന് കൂടിയാലോചന നടത്താറുമില്ലായിരുന്നു. അനുചരന്മാരോട് കൂടിയാലോചന നടത്തിയ കാര്യത്തിൽ ഒരു കാര്യം തീരുമാനിക്കുകയും അതിൽ എല്ലാ നന്മക്കുമായി അല്ലാഹുവിൽ ഭരമേൽപിച്ച്മുന്നോട്ട് പോകുകയുമായിരുന്നു അവിടുത്തെ രീതി.

കൂടിയാലോചനക്കുവേണ്ടി ഇരിക്കുന്നതിന് മുമ്പേ തീരുമാനം കാണുകയും ആ തീരുമാനത്തിന് എതിരായി യോഗങ്ങളിൽ ആരെങ്കിലും അഭിപ്രായം പറഞ്ഞാൽ അവർക്കെതിരെ ഗർജിക്കുകയും അവരെ അടിച്ചമർത്തുകയും ചെയ്യുന്ന ചില നേതാക്കളുണ്ട്. അത്തരം നേതാക്കളാണ് ഏതൊരു സംഘത്തിന്റെയും നാശത്തിന് തുടക്കം കുറിക്കുക. ഒരു നേതാവ് അനുയായികൾക്ക് അഭിപ്രായം പറയാൻ സ്വാതന്ത്ര്യം നൽകുകയും അവരുടെ അഭിപ്രായത്തെ മാനിക്കുകയും ബഹുമാനിക്കുകയും ചെയ്യാൻ കഴിവുള്ളവനായിരിക്കണം. എതിർക്കുന്നവരെ അധിക്ഷേപിക്കുകയും അടിച്ചമർത്തുകയും ചെയ്യുന്നവർക്ക് സന്തോഷത്തോടെ മുന്നോട്ട് പോകാൻ കഴിയില്ല. നബിﷺയുടെ അഭിപ്രായത്തിന് എതിരു പറഞ്ഞ സ്വഹാബിമാരെ നബിﷺ ചീത്ത പറയുകയോ അധിക്ഷേപിക്കുകയോ ചെയ്തില്ല. അവരോട് സഹിഷ്ണുതാ മനോഭാവത്തോടെ അവിടുന്ന് പെരുമാറി. അവരുടെ അഭിപ്രായത്തോട് യോജിച്ച് മദീനക്ക് പുറത്തേക്ക് ഇറങ്ങാൻ അവിടുന്ന് തീരുമാനമായി. നേരത്തെ ബദ്റിൽ പങ്കെടുക്കാൻ അവസരം ലഭിച്ചിട്ടില്ലാത്ത സ്വഹാബിമാർക്ക് ഈ യുദ്ധത്തിൽ പങ്കെടുക്കാൻ ആവേശമായിരുന്നു. അങ്ങനെ ആയിരത്തോളം വരുന്ന സേനാവ്യൂഹവുമായി നബിﷺ മദീനയിൽനിന്ന് പുറപ്പെടുന്നു.

മദീനയിൽനിന്നും ആയിരത്തോളം അംഗങ്ങളുള്ള സൈന്യവുമായി പുറപ്പെട്ടതിൽ ഒരു അബ്ദുല്ലാഹ് ഉണ്ടായിരുന്നു. 'ശൗത്' എന്ന സ്ഥലത്ത് എത്തിയപ്പോൾ അയാളുടെ നിറം മാറി. ആ അബ്ദുല്ലാഹ് നബിﷺയോട് സ്നേഹം ഉള്ളവനോ മുസ്‌ലിംകൾക്ക് നന്മ വരണം എന്ന് വിചാരിക്കുന്നവനോ അല്ലായിരുന്നു. മുസ്‌ലിംകളുടെ കൂട്ടത്തിൽ നുഴഞ്ഞുകയറിയ കപടവിശ്വാസിയായ ഇയാളുടെയും മുന്നൂറോളം അനുയായികളുടെയും ലക്ഷ്യം നിർണായകസമയം എത്തുമ്പോൾ മുസ്‌ലിംകളെ ചതിക്കണം എന്നതായിരുന്നു. സൈന്യം ശൗത് എന്ന സ്ഥലത്തെത്തിയപ്പോൾ കപട വിശ്വാസികളുടെ നേതാവായ ഈ അബ്ദുല്ലാഹിബ്നു ഉബയ്യുബ്നു സലൂൽ അവന്റെ ആളുകളോട് നമുക്ക് പിന്തിരിയാം എന്ന് ആഹ്വാനം നൽകി. അങ്ങനെ ഈ മുനാഫിഖുകൾ വഴിയിൽവെച്ച് പിന്തിരിഞ്ഞു. പക്വതയും പ്രായവും ഉള്ള ഞങ്ങളുടെ അഭിപ്രായം സ്വീകരിക്കാതെ മുഹമ്മദ് ചെറുപ്പക്കാരുടെ അഭിപ്രായമാണ് സ്വീകരിച്ചത് എന്നതായിരുന്നു ഇ

യാൾ പിന്തിരിയാനുള്ളതിന്റെ കാരണമായി പറഞ്ഞത്. അയാളുടെ അഭിപ്രായം മദീനയുടെ പുറത്ത് പോകാതെ അകത്തുവെച്ച് തന്നെ അവരോട് പോരാടാം എന്നതായിരുന്നു. അവന് നേരത്തെ തന്നെ നബിﷺയെ അവന്റെ തീരുമാനം അറിയിക്കാമായിരുന്നു. പക്ഷേ, അവൻ അത് ചെയ്തില്ല. ഉള്ളിൽ വിശ്വാസമില്ലാത്ത കപടനാണല്ലോ അയാൾ. അപ്പോൾ അയാളുടെ ലക്ഷ്യം വിഫലമാകും. നിർണായക സമയത്ത് മുന്നൂറ് പേരെയും കൂട്ടി പിന്തിരിഞ്ഞാൽ തീർച്ചയായും അത് മുസ്‌ലിം സൈന്യത്തിന് വലിയ ആഘാതമാകും എന്ന് അയാൾ പ്രതീക്ഷിച്ചു. പല രൂപത്തിലുള്ള അനുനയങ്ങൾക്കും മുസ്‌ലിംകൾ മുന്നോട്ട് വന്നു. അതൊന്നും അവന് സ്വീകാര്യമായില്ല. യുദ്ധത്തിൽ പങ്കെടുത്തില്ലെങ്കിലും ശത്രുക്കൾക്ക് നാം വലിയൊരു സംഘമുണ്ടെന്ന് തോന്നാനായി ഒന്നു കൂടെനിന്നുകൂടേ എന്നുപോലും അവനോട് അവർ ചോദിച്ചു. എന്നാൽ അതൊന്നും അവൻ ചെവിക്കൊണ്ടില്ല. അവൻ നേരത്തെ തയ്യാറാക്കിയ അജണ്ട പൂർത്തിയാക്കാൻ തീരുമാനിക്കുകയായിരുന്നു. മുസ്‌ലിംകളുടെ കൂട്ടത്തിൽ നിന്ന് അബ്ദുല്ലാഹിബ്നു അംറുബ്നു ഹറാം رضي الله عنه മുന്നോട്ട് വന്നു. അവനെ അനുനയിപ്പിക്കാൻ ശ്രമിച്ചു. അതിനൊന്നും വഴങ്ങാൻ ഒരുക്കമല്ലാത്തതിനാൽ അബ്ദുല്ലാഹിബ്നു അംറുബനു ഹറാം رضي الله عنه അവനോട് പറഞ്ഞു:

"അല്ലാഹുവിന്റെ ശത്രുക്കളായ നിങ്ങളെ അല്ലാഹു അകറ്റട്ടെ. അല്ലാഹു അവന്റെ പ്രവാചകനെ നിങ്ങളിൽ നിന്നും നിരാശ്രയനാക്കുന്നതാണ്" (സീറതു ഇബ്നു ഹിശാം).

അങ്ങനെ മുനാഫിഖുകളായ മുന്നൂറ് പേർ പിന്മാറി. ബാക്കി വരുന്നവരെയും കൂട്ടി പ്രവാചകൻﷺ യാത്ര തുടർന്നു. ഒരു വലിയ സംഘം പിന്തിരിഞ്ഞതിൽ പലർക്കും വിഷമം ഉണ്ടായി. അത് സ്വാഭാവികമാണല്ലോ. ഏതായിരുന്നാലും ഉള്ളവരെ നബിﷺ ഒന്നുകൂടെ പരിശോധിക്കുകയും അവരെ സമാധാനിപ്പിക്കുകയും ചെയ്തു.

പോർക്കളത്തിലേക്ക് ഇറങ്ങും മുമ്പ് തന്റെ കൂടെയുള്ള സംഘങ്ങളെ നബിﷺ ഒരുമിച്ചുചേർത്തു. അബ്ദുല്ലാഹിബ്നു ഉമർ رضي الله عنه, ഉസാമ رضي الله عنه പോലെയുള്ള കൗമാരക്കാരും ആ കൂട്ടത്തിൽ ഉണ്ടായിരുന്നു. നബിﷺ 'നിങ്ങൾ പങ്കെടുക്കേണ്ട, തിരിച്ചു പോയിക്കോളൂ' എന്ന് അവരോടു പറഞ്ഞു. എന്നാൽ അവർക്ക് അത് വലിയ വിഷമമായിരുന്നു. അവർ ഓരോരുത്തരും അവരുടെ പല കഴിവുകളും നബിﷺയെ അറിയിച്ചു. ഇസ്‌ലാമിന് വേണ്ടിയുള്ള പോരാട്ടത്തിൽ പങ്കെടുത്ത് അതിന്റെ പ്രതിഫലം കരസ്ഥമാക്കലായിരുന്നു അവരുടെ ലക്ഷ്യം. ആ കൂട്ടത്തിലെ റാഫിഅ് ഇബ്നു ഖുദൈജ് رضي الله عنه എന്ന കുട്ടി ഞാൻ ഉന്നം തെറ്റാതെ ശരിയായ രൂപത്തിൽ അമ്പെയ്യാൻ സാധിക്കുന്നവനാണെന്നും എന്റെ പ്രായം പരിഗണിക്കാതെ എന്നെ കൂടെ കൂട്ടണമെന്നും നബിﷺയോട് പറഞ്ഞു. നബിﷺ ആ കുട്ടിക്ക് സമ്മതം നൽകി. ഈ രംഗം കണ്ടു നിൽക്കുകയാണ് സമുറതുബ്നു ജുൻദുബ് رضي الله عنه. അദ്ദേഹവും കുട്ടിയാണ്. തന്നെയും കൂടെ കൂട്ടണമെന്ന് ആ കുട്ടി നബിﷺനോട് ആവശ്യപ്പെടുന്നു. നബിﷺ ആ കുട്ടിക്ക് സമ്മതം നൽകിയില്ല. 'നബിയേ, നിങ്ങൾ റാഫിഇനെ എടുത്തില്ലേ? അവനെക്കാൾ ശക്തനാണ് ഞാൻ. വേണമെങ്കിൽ അങ്ങ് ഞങ്ങളുടെ കായിക ബലം പരിശോധിച്ചോളൂ. ഞാൻ റാഫിഇനെ പരാജയപ്പെടുത്തുന്നതാണ്' എന്ന് സമുറ رضي الله عنه പറഞ്ഞു. അവർ രണ്ടുപേരും ഒരു മൽപിടുത്തത്തിന് തയ്യാറായി. റാഫിഇനെ സമുറ പരാജയപ്പെടുത്തി. സമുറയെയും നബിﷺ കൂടെ കൂട്ടി. ബാക്കി വന്ന കുട്ടികളെയെല്ലാം നബിﷺ തിരിച്ചയച്ചു.

നബിﷺയും അനുയായികളും യുദ്ധക്കളത്തിലേക്ക് ഇറങ്ങുകയാണ്. മദീനയിൽ ചെന്ന് നോക്കിയാൽ നമുക്ക് ഇന്നും കാണാൻ സാധിക്കുന്ന വലിയ പർവത നിരകളാണ് ഉഹ്ദ്. ഉഹ്ദ് മലയെ പിന്നിലാക്കി നബിﷺയും അനുചരന്മാരും നിന്നു. മുന്നിൽ ശത്രുക്കളുണ്ട്. അതിന്റെ മുന്നിലായി ഒരു ചെറിയ കുന്നുണ്ടായിരുന്നു. അതിൽ അമ്പെയ്ത്തിൽ വിദഗ്ധരായ അമ്പതോളം ആളുകളെ അബ്ദുല്ലാഹിബ്നു ജുബയ്ർ رضي الله عنه ന്റെ നേതൃത്വത്തിൽ നിർത്തി. ജബലുർറുമാത്ത് എന്നാണ് പിന്നീട് ആ കുന്നുകൾ അറിയപ്പെടുന്നത്. അബ്ദുല്ലാഹിബ്നു ജുബയ്ർ رضي الله عنه ന്റെ നേതൃത്വത്തിലുള്ള ഈ അമ്പെയ്ത്തുകാർക്ക് നബിﷺ ഇപ്രകാരം നിർദേശം കൊടുത്തിരുന്നു:

"നിങ്ങൾക്ക് ഞാൻ സന്ദേശം നൽകുന്നതുവരെ, ഞങ്ങളെ പക്ഷികൾ റാഞ്ചുന്നതാണ് നിങ്ങൾ കാണുന്നതെങ്കിലും നിങ്ങൾ നിങ്ങളുടെ സ്ഥാനത്തെ വിട്ടുപിരിയരുത്. ഈ സംഘം ഞങ്ങളെ തകർക്കുന്നതും കീഴ്പെടുത്തുന്നതും നിങ്ങൾ കാണുകയാണെങ്കിലും ഞാൻ നിങ്ങൾക്ക് സന്ദേശം നൽകുന്നതുവരെ നിങ്ങൾ (സ്ഥലം) വിടുകയും ചെയ്യരുത്" (ബുഖാരി).

**(തുടരും)**

മുജീബ് ഒട്ടുമ്മൽ
mujeeb.ottummal@gmail.com

കവർ സ്റ്റോറി



# ആവിഷ്കാരത്തിലെ മഞ്ഞക്കണ്ണടകൾ

**ഒരു വാർത്ത എത്രമാത്രം പ്രതിലോമകരമായി സമൂഹത്തിന് കൈമാറാമെന്നതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് കേരളത്തിലെ മാധ്യമങ്ങൾ. നിഷേധാത്മക വൃത്താന്തങ്ങളിലെ അനുകൂല-പ്രതികൂല 'പ്രതികരണാ ഘോഷങ്ങൾ'ക്കപ്പുറം മൗനംപോലും പ്രസക്തമാണെന്ന തിരിച്ചറിവാണ് മീഡിയ കൈവരിക്കേണ്ടത്.**

**1980**കളിൽ അമേരിക്കൻ പിന്തുണയോടെ സോവിയറ്റ് സൈന്യത്തെ ആക്രമിച്ച മുൻ അഫ്ഗാൻ പോരാളികൾ 1994ൽ രൂപീകരിച്ച താലിബാൻ അഫ്ഗാനിസ്ഥാനിന്റ ഭരണം പിടിച്ചടക്കിയതോടെ കേരള സാംസ്കാരിക മണ്ഡലത്തിലെ നവോൻമേഷവും ഉ

ണർവും പ്രത്യേകിച്ച് മാധ്യമങ്ങളിലൂടെ പ്രകടമാവുകയാണ്. താലിബാൻ ഭരണകൂടത്തിന്റ കരാള ഹസ്തങ്ങളിൽ പിടയുന്ന അവിടത്തെ ജനതയുടെ വേദനകൾ തൊട്ടറിഞ്ഞ് അതിൽനിന്നുള്ള മോചനത്തിനായുള്ള ശ്രമത്തിനായി ലോകരെ പ്രേരിപ്പിക്കും വിധമുള്ള അവതരണങ്ങളാൽ ധന്യമായ മാധ്യമധർമം പ്രതീക്ഷിച്ചവരെ നിരാശപ്പെടുത്തിയുള്ള അന്തിച്ചർച്ചകൾ ഇപ്പോഴും പൊടിപൊടിക്കുകയാണ്. ഇസ്‌ലാം എന്ന സമാധാന ദർശനത്തെ കശാപ്പ് ചെയ്യാനുള്ള അവസരം ഒത്തുകിട്ടിയതിന്റെ ആരവങ്ങൾ ദൃശ്യമാധ്യമങ്ങളിൽ വർണപ്പൊലിമയാൽ പെയ്തിറങ്ങുകയാണ്. ഇസ്‌ലാം വെറുപ്പ് മനസ്സുകളെ അന്ധകാരങ്ങളിൽ തളച്ചിടുന്നതിന്റെ ഉദാഹരണങ്ങളാണിത്.

സ്വൂഫിസം ദർശനമായി സ്വീകരിച്ചും സലഫികളോട് ശത്രുത വെച്ചുപുലർത്തിയുമുള്ള ആശയ പ്രചാരണം താലിബാനികളുടെ നയനിലപാടുകളായിരുന്നിട്ട്പോലും അവരെ ന്യായികരിക്കുന്ന പ്രസ്താവനകളിറക്കിയോ ഐക്യദാർഢ്യം പ്രഖ്യാപിച്ചോ കേരളത്തിലെ ഒരു മുസ്‌ലിം സംഘടനയും ഇതേവരെ മുന്നോട്ട് വന്നിട്ടില്ല. ത്വാലിബാൻ മുന്നോട്ട് വെക്കുന്ന ഇസ്‌ലാമിന്റെ പിന്തുണയില്ലാത്ത അക്രമ രാഷ്ട്രീയത്തോട് കടുത്ത വിയോജിപ്പാണ തിന് കാരണം. എന്നിട്ടും അന്തിച്ചർച്ചകളിൽ ഇസ്‌ലാമിനെ പ്രതിക്കൂട്ടിൽ നിർത്തി സാംസ്കാരിക ഭൂമികയിലെന്നും ഭാരമായ പുഴുക്കുത്തുകളുടെ നിയന്ത്രണങ്ങളില്ലാത്ത, സഭ്യമല്ലാത്ത വാചകക്കസർത്തുകൾക്കവസരം നൽകാൻ മാധ്യമങ്ങൾ മത്സരിക്കുകയാണ്. മുസ്‌ലിം രാഷ്ട്രീയ പാർട്ടിക്കുള്ളിലെ ആഭ്യന്തര പ്രശ്നങ്ങളെ പോലും താലിബാനുമായി ചേർത്ത് പറയാനുള്ള മാധ്യമങ്ങളുടെ ആവേശം എന്തായാലും മുസ്‌ലിം സമുദായത്തിന്റെ നന്മക്ക് വേണ്ടിയല്ലെന്നുറപ്പാണ്. സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ മണ്ഡലങ്ങളിലുപകാരപ്പെടാത്ത, ധാർമിക, സദാചാരമൂല്യങ്ങളെ കശാപ്പുചെയ്യാൻ കരുക്കൾ നീക്കുന്ന, സ്ത്രീത്വത്തിന്റയും കുടുംബ മാഹാത്മ്യത്തിന്റെയും അടിവേര് പിഴുതെറിയാൻ അണിയറയിൽ വിയർപ്പൊഴുക്കുന്ന കേവല സാമൂഹിക മാലിന്യങ്ങൾക്ക് അവസരം കൊടുത്തുകൊണ്ടുള്ള പ്രമുഖ മലയാള ചാനൽ അവതാരകൻമാർ ലക്ഷ്യമാക്കുന്നത് സമുദായത്തെ ഒറ്റപ്പെടുത്തുകതന്നെയാണന്നതിൽ തർക്കമുണ്ടാകാനിടയില്ല.

മാനവികതക്കെതിരായ ആശയങ്ങൾക്കും നിലപാടുകൾക്കും ഒരേരീതിയും ഭാവവുമാണുണ്ടാവാറുള്ളത്. കേരളത്തിലെ മാധ്യമങ്ങളുടെ ശൈലിയിലും അത് വ്യക്തമാണ്. നിഷ്കളങ്കമായ സ്നേഹവും സാഹോദര്യവും സദാസമയങ്ങളിലും കാത്തുസൂക്ഷിക്കുന്ന ഒരു സമുദായത്തെ ക്രൂരമായ ആരോപണങ്ങളിൽ തളച്ചിട്ട് അരക്ഷിതാവസ്ഥയിൽ മഥിക്കുന്ന മനസ്സുകളാക്കി മരവിപ്പിക്കാൻ പെരുംനുണകൾ പടച്ചുവിടുന്നതും അതേറ്റെടുത്തിരുന്ന മാധ്യമങ്ങൾ സ്വീകരിച്ച രീതിയും നാസികളുടെയും ഫാസിസ്റ്റുകളുടെയും കുതന്ത്രങ്ങളുടെതാണ്. നാസിസവും ഫാസിസവുമാകട്ടെ മനുഷ്യത്വത്തിന്റ ശവപ്പറമ്പുമാണ്. അവർക്കുള്ള മാതൃകാപുരുഷൻമാരാകട്ടെ അഡോൾഫ് ഹിറ്റ്ലറും അയാളുടെ പ്രചാരണ ചുമതലയുള്ള ജോസഫ് ഗീബൽസും മുസോളനിയുമെല്ലാമാണ്. ഒരു നുണ പല തവണ ആവർത്തിച്ചാൽ ജനങ്ങൾ അതു സത്യമായി എടുത്തുകൊള്ളും എന്ന അപകടകരമായ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവായിരുന്നു ഗീബൽസ്. അങ്ങനെയാണ് അയാൾ ഹിറ്റ്ലറുടെ മറ്റു പല കൂട്ടാളികളേക്കാളുമേറെ ലോകത്തു കുപ്രസിദ്ധി നേടിയതും. ഗീബൽസിയൻ നുണകൾ എന്ന വാക്കും ഇന്ന് പ്രസിദ്ധമാണ്.

1933 ഫെബ്രുവരി 27ന് ജർമൻ പാർലമെന്റായ 'റീഷ്താഗ്' മന്ദിരം തീയിട്ട് നശിപ്പിച്ചപ്പോൾ ആ കുറ്റം കമ്യൂണിസ്റ്റുകാരിൽ ആരോപിച്ച് അവരെ കൊടും കുറ്റവാളിയാക്കി അവർക്കെതിരെ ക്രൂരമായ അക്രമങ്ങൾ അഴിച്ച്‌വിട്ടുകൊണ്ടിരുന്നു. അവരോട് ചെയ്ത ക്രൂ

> **ഇസ്‌ലാമിനോടുള്ള അടങ്ങാത്ത കലിപ്പുമായി ഊര് തെണ്ടുന്ന പെൺകൊടിമാരുടെ നാവുകൾകൊണ്ട് ദൃശ്യമാധ്യമങ്ങളിലൂടെ മാരകപ്രഹരമേൽപിക്കാനുള്ള തിടുക്കം ഭൂലോകവലയിൽ കാണാമറയത്തായിപ്പോയ ചില അവതാരകർക്കും പത്രമുത്തശ്ശിമാരുടെ പേരക്കിടാങ്ങൾക്കുമുണ്ട്. മുഖപുസ്തകത്തിലൂടെ ബൗദ്ധിക മേൽക്കോയ്മ അവകാശപ്പെടാൻ വാക്കുകൾക്ക് ചമയങ്ങൾ തീർക്കുന്ന ചില ഇടത് സൈദ്ധാന്തികരും കേരള മുസ്‌ലിംകളിൽ താലിബാനെ കണ്ടെത്താൻ ശ്രമിക്കുന്നത് കാണുമ്പോൾ നാസികളുടെ ശിഷ്യൻമാരായ സംഘപരിവാരങ്ങൾ പോലും ലജ്ജിച്ച് തലതാഴ്ത്തിയേക്കാം.**

രതകൾക്ക് മിതഭാഷ്യം നൽകാൻ ഗീബൽസിയൻ നുണകൾക്ക് സാധിച്ചു. ഫാർ ഡെയർ ലുബ്ബെ എന്ന പോളണ്ടുകാരനെ കരുവാക്കി കമ്യൂണിസ്റ്റുകൾ ചെയ്തതാണെന്ന് വരുത്താൻ ഗീബൽസ് ആയിരക്കണക്കിന് നുണകൾ ആവിഷ്കരിച്ചു പ്രചാരണം നൽകി. ന്യൂറംബർഗ് വിചാരണയിൽ നാസീ കൊടും കുറ്റവാളികൾ സത്യം വെളിപ്പെടുത്തിയപ്പോൾ മാത്രമാണ് യാഥാർഥ്യം ലോകം മനസ്സിലാക്കിയത്. സമകാലിക മലയാളമാധ്യമങ്ങളിലെ നിറംപിടിപ്പിച്ച കഥകളിൽ മുസ്‌ലിംകൾക്ക് അപരിഷ്‌കൃത വേഷം കൽപിച്ചു നൽകി ഫാഷിസ്റ്റ് ചിന്തകൾക്ക് വേഗം കൂട്ടിക്കൊണ്ടിരിക്കുന്നതിന് പിന്നിലുള്ള വികാരവും ഗീബൽസിയൻ തന്ത്രങ്ങളോടുള്ള അനുരാഗാത്മക ഭ്രമം തന്നെയാണ്. അതെ, കേരളത്തിലെ മുസ്‌ലിം സമുദായത്തിന് അഫ്ഗാനിലെ താലിബാൻ തീവ്രവാദികളുടെ പരിവേഷം നൽകുന്നതിന് മലയാളമാധ്യമങ്ങൾ പോലും മത്സരിക്കുന്നത് കാണുമ്പോൾ നാസീ മസ്തിഷ്‌കം കടമെടുത്തത് പോലെ തോന്നും.

ഇസ്‌ലാമിനോടുള്ള അടങ്ങാത്ത കലിപ്പുമായി ഊര് തെണ്ടുന്ന പെൺകൊടിമാരുടെ നാവുകൾകൊണ്ട് ദൃശ്യമാധ്യമങ്ങളിലൂടെ മാരകപ്രഹരമേൽപിക്കാനുള്ള തിടുക്കം ഭൂലോകവലയിൽ കാണാമറയത്തായിപ്പോയ ചില അവതാരകർക്കും പത്രമുത്തശ്ശിമാരുടെ പേരക്കിടാങ്ങൾക്കുമുണ്ട്. മുഖപുസ്തകത്തിലൂടെ ബൗദ്ധിക മേൽക്കോയ്മ അവകാശപ്പെടാൻ വാക്കുകൾക്ക് ചമയങ്ങൾ തീർക്കുന്ന ചില ഇടത് സൈദ്ധാന്തികരും കേരള മുസ്‌ലിംകളിൽ താലിബാനെ കണ്ടെത്താൻ ശ്രമിക്കുന്നത് കാണുമ്പോൾ നാസികളുടെ ശിഷ്യൻമാരായ സംഘപരിവാരങ്ങൾ പോലും ലജ്ജിച്ച് തലതാഴ്ത്തിയേക്കാം.

### മാധ്യമങ്ങളുടെ തിരിനോട്ടം

താലിബാൻ സേന അഫ്ഗാൻ ഭരണം പിടിച്ചെടുത്തപ്പോൾ സാംസ്‌കാരിക ഭൂമികയിലെ മാധ്യമങ്ങളുടെ ഉൾക്കാഴ്ചകളിൽ തെളിഞ്ഞ ഭീകരമാനങ്ങളാണ് നാം കേട്ടറിഞ്ഞത്. 2001 സെപ്തംബർ 11ന് ഭീകരാക്രമണത്തിൽ തകർന്ന വേൾഡ് ട്രേഡ് സെന്റർ സൗധങ്ങൾ സാമ്രാജ്യത്വത്തിനും പറിഞ്ഞാറൻ സംസ്‌കാരത്തിനും എന്നും എതിർപക്ഷത്താണ് ഇസ്‌ലാമെന്ന ഖ്യാതിക്ക് അടിവരയിടാൻ കാരണമാക്കി മാധ്യമങ്ങൾ ആഘോഷിക്കുകയായിരുന്നു. പ്രതികാരമായി അഫ്ഗാനിലെ അമേരിക്കൻ അധിനിവേശത്തിലൂടെ ഐക്യസേന നിറഞ്ഞാടിയിപ്പോൾ ഒഴുകിയ രക്തത്തുള്ളികളിൽ ക്രൂരതകളെ ദർശിക്കാൻ മാധ്യങ്ങൾക്കായില്ല. അനാഥരായ പിഞ്ചോമനകളുടെ വിലാപങ്ങളിൽ അതിന് കാരണക്കാരായ പാശ്ചാത്യ ദാർശനിക പ്രയോക്താക്കളുടെ ഭീകരതയും കണ്ടില്ല.

അരക്ഷിതരായ സ്ത്രീകളുടെ വേദനകളിലെ ഉണങ്ങാത്ത ചുടുകണ്ണീരിൽ നിരാലംബതയുടെ സ്ത്രീത്വത്തെ കാണാനും മാധ്യമങ്ങൾ ശ്രമിച്ചില്ല. ക്വാണ്ടനാമോ ജയിലുകളിൽ പച്ചമാംസം ജീവനുള്ള ശരീരങ്ങളിൽനിന്ന് അരിഞ്ഞെടുത്തും വേട്ടനായകളുടെ പല്ലിന്റെ ശൗര്യം മാംസളഭാഗങ്ങളിൽ പരിശോധിച്ചും അമേരിക്കൻ പട്ടാളം ചെയ്ത ക്രൂരതയിൽ വേദനകൊണ്ട് പുളഞ്ഞ അഫ്ഗാൻ യുവാക്കളുടെ ദീനരോദനങ്ങൾക്കും ഇവർ ചെവികൊടുത്തില്ല. മനുഷ്യാവകാശത്തിനായുള്ള ശബ്ദം ലോകത്തെവിടെയും മുഴങ്ങിയില്ല. യുദ്ധക്കെടുതിയിൽ നിത്യരോഗികളായിപ്പോയവരും അംഗവൈകല്യം സംഭവിച്ചവരും വിധവകളും ഭവനരഹിതരുമെല്ലാം അനുഭവിക്കുന്ന വേദനകൾക്കറുതിവരുത്താനും പുനരധിവാസത്തിനായി ലോകരെ പ്രേരിപ്പിക്കുവാനും സത്യസന്ധമായ പത്രപ്രവർത്തനം പ്രതീക്ഷിച്ച വരെ നിരാശരാക്കി ചിന്തകൾക്ക് വർഗീയനിറം നൽകാനാണ് മാധ്യമങ്ങൾ ശ്രമിച്ചത്.



ഇസ്‌ലാമിനെ പ്രതിക്കൂട്ടിൽ നിർത്തി കുറ്റപത്രം തയ്യാറാക്കാൻ പഴുതുകൾ തേടിയാണ് മാധ്യമ ദൂരദർശനികൾ സഞ്ചരിച്ചത്. മുസ്‌ലിം കുടുംബങ്ങളിൽ പെൺകുട്ടികൾ അരക്ഷിതരാണെന്ന് ബോധ്യപ്പെടുത്താനുള്ള അവസരങ്ങൾ തേടിയാണ് അവരുടെ നയനങ്ങൾ വിഹരിച്ചത്. മതനിയമങ്ങളുടെ അപ്രായോഗികതയും നിരർഥകതയും വിളിച്ച് പറയാനുള്ള കഥകളെയാണ് അവർ തേടിയിറങ്ങിയത്. വിദ്യാഭ്യാസ അവകാശത്തിനായി പ്രവർത്തിച്ചിരുന്ന, താലിബാൻ ഭീകരതയുടെ ആക്രമണങ്ങൾക്ക് വിധേയയായ മലാല യൂസുഫ് സായിയുടെ നൊമ്പരങ്ങളെ അതിനായി അവർ ദുരുപയോഗം ചെയ്തു.

I am Malala: The Girl who Stood Up for Education and was Shot by the Taliban 'ഞാൻ മലാല: 'വിദ്യാഭ്യാസത്തിനു വേണ്ടി നിലകൊണ്ടതിനാൽ ത്വാലിബാന്റെ വെടിയേറ്റ പെൺകുട്ടി' എന്ന ആത്മകഥയിലൂടെ താനനുഭവിച്ച വേദനകൾ വിശദീകരിക്കുമ്പോൾതന്നെ പാശ്ചാത്യസംസ്കാരത്തെ പ്രകീർത്തിച്ചും ഇസ്‌ലാമിക വസ്ത്രധാരണരീതിയെ വിമർശിച്ചുമുള്ള വരികൾ ഇസ്‌ലാം വെറുപ്പിനായി അവസരങ്ങൾ ഉപയോഗപ്പെടുത്തുന്നതിന്റ കുതന്ത്രങ്ങളെ തിരിച്ചറിയാനാകും. ക്രിസ്റ്റിനാ ലാംപിന്റെ സഹായത്തോടെയാണിത് എഴുതിയതെന്ന് പറയുമ്പോൾ ചിത്രം വളരെ വ്യക്തവുമാണ്. മനഃസാക്ഷിയുള്ളവരെയെല്ലാം ഏറെ വേദനിപ്പിക്കുന്ന ജീവിതാനുഭവങ്ങളിലൂടെ തന്നെയാണ് മലാല യൂസുഫ് സായി കടന്നുപോയിട്ടുള്ളതെന്നത് ആർക്കും തർക്കമില്ലാത്ത കാര്യവുമാണ്.

2008ൽ 'ഗ്ലാമർ വുമൺ ഓഫ് ദി ഇയർ' ആയി തിരഞ്ഞെടുക്കപ്പെട്ട യമനിൽനിന്നുള്ള നുജൂദ് അലിയുടെ I am Nujood, Age 10 and Divorced 'ഞാൻ നുജൂദ്, വയസ്സ് പത്ത്, വിവാഹമോചിത' എന്ന ആത്മകഥയിലെ ചില വരികൾക്കും നൽകിയ പ്രചാരണങ്ങളുടെ ലക്ഷ്യവും ഇസ്‌ലാംവെറുപ്പ് തന്നെ. ഡെൽഫിൻ മിനോയിയാണ് ഇത് തയ്യാറാക്കുന്നതിൽ മുഖ്യപങ്ക് വഹിച്ചതെന്ന് പറയുമ്പോഴും കാര്യങ്ങൾക്ക് വ്യക്തതയുണ്ട്. പിതാവ് അടിച്ചേൽപിച്ച പീഡനങ്ങളുടെ വൈവാഹിക ജീവിതത്തിൽനിന്ന് വിവാഹമോചനത്തിലേക്ക് നടന്നുകയറിയ ഈ പത്തുവയസ്സുകാരിയെ പാശ്ചാത്യൻ ആശയങ്ങളുടെ പിൻബലത്തിൽ രക്ഷപ്പെട്ടവളായാണ് ഡെൽഫിൻ മിനോയ് അവൾക്കുവേണ്ടി തയ്യാറാക്കിയ പുസ്തകം അവതരിപ്പിക്കാൻ ശ്രമിക്കുന്നത്. നുജൂദിന്റെ ന്യായമായ വിവാഹമോചന ആവശ്യത്തെ അംഗീകരിക്കുകയും കാലതാമസങ്ങളിൽ തട്ടിത്തടയാൻ അനുവദിക്കാതെ വെറും നാലുദിവസങ്ങൾക്കുള്ളിൽ അവൾ ആവശ്യപ്പെട്ട നീതി അവളുടെ കയ്യിൽ വെച്ചുകൊടുക്കുകയും ചെയ്ത യമനിലെ കോടതി വിവാഹത്തിനുമുമ്പ് പെൺകുട്ടിയുടെ സമ്മതം തേടേണ്ടതുണ്ടെന്ന ഇസ്‌ലാമിക നിയമത്തിന്റെ പിൻബലത്തിലാണ് നുജൂദിന് വിവാഹമോചനം അനുവദിച്ചതെന്ന സത്യം എല്ലായിടത്തും തമസ്കരിക്കാൻ മാധ്യമ ഗൂഢാലോചനകൾക്ക് സാധിച്ചു. നുജൂദിന്റ പിതാവിന്റെ അവിവേകമായ സമീപനങ്ങളെയും പ്രവൃത്തിയെയും ഇസ്‌ലാമിന്റ പേരിൽ പ്രചരിപ്പിക്കാനാണ് ശ്രമം നടന്നത്.

> **"സ്വൂഫിസം ദർശനമായി സ്വീകരിച്ചും സലഫികളോട് ശത്രുത വെച്ചുപുലർത്തിയുമുള്ള ആശയ പ്രചാരണം താലിബാനികളുടെ നയനിലപാടുകളായിരുന്നിട്ട്പോലും അവരെ ന്യായികരിക്കുന്ന പ്രസ്താവനകളിറക്കിയോ ഐക്യദാർഢ്യം പ്രഖ്യാപിച്ചോ കേരളത്തിലെ ഒരു മുസ്‌ലിം സംഘടനയും ഇതേവരെ മുന്നോട്ട് വന്നിട്ടില്ല. ത്വാലിബാൻ മുന്നോട്ട് വെക്കുന്ന ഇസ്‌ലാമിന്റെ പിന്തുണയില്ലാത്ത അക്രമ രാഷ്ട്രീയത്തോട് കടുത്ത വിയോജിപ്പാണതിന് കാരണം. എന്നിട്ടും അന്തിച്ചർച്ചകളിൽ ഇസ്‌ലാമിനെ പ്രതിക്കൂട്ടിൽ നിർത്തി സാംസ്കാരിക ഭൂമികയിലെന്നും ഭാരമായ പുഴുക്കുത്തുകളുടെ നിയന്ത്രണങ്ങളില്ലാത്ത, സഭ്യമല്ലാത്ത വാചകക്കസർത്തുകൾക്കവസരം നൽകാൻ മാധ്യമങ്ങൾ മത്സരിക്കുകയാണ്. മുസ്‌ലിം രാഷ്ട്രീയ പാർട്ടിക്കുള്ളിലെ ആഭ്യന്തര പ്രശ്നങ്ങളെ പോലും താലിബാനുമായി ചേർത്ത് പറയാനുള്ള മാധ്യമങ്ങളുടെ ആവേശം എന്തായാലും മുസ്‌ലിം സമുദായത്തിന്റെ നന്മക്ക് വേണ്ടിയല്ലെന്നുറപ്പാണ്."**

### ഞങ്ങൾക്ക് ഭയമാകുന്നു


താലിബാൻ സംഘത്തിന്റെ പരാക്രമങ്ങൾക്കെതിരെ പ്രതികരിക്കാതെ മൗനമായിരിക്കുന്ന മലയാളി മുസ്‌ലിംകൾക്കിടയിൽ ജീവിക്കാൻ ഞങ്ങൾക്ക് ഭയമാകുന്നുവെന്ന് പരിതപിച്ച സംഘപുത്രന്റ വിലാപം സമൂഹമാധ്യമങ്ങളിലൂടെ പങ്കിട്ട ഒരു മതേതര ബുദ്ധിജീ

വിയുടെ സമീപനമാണ് ഏറെ അത്ഭുതപ്പെടുത്തിയത്. മുസ്‌ലിം സ്വത്വം ഭയപ്പെടേണ്ട സാമൂഹിക വിപത്താണെന്ന ബോധം പൊതുജനങ്ങളിൽ രൂപപ്പെടുത്താനുള്ള വിത്ത് പാകുകയാണിവിടെ. സമീപകാല സംഭവവികാസങ്ങളും ആയുധങ്ങളേന്തിയുള്ള പ്രകടമായ വിധ്വംസകരൂപങ്ങൾ സമൂഹമാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ച് ഭയം വിതക്കാനുള്ള ശ്രമം നടത്തുന്ന കാവിക്കൊടിവാഹകരും നാടിന് ഭീഷണിയല്ലാതിരിക്കുകയും ആയിരക്കണക്കിന് വർഷങ്ങളായി സാഹോദര്യമനസ്സോടെ സമാധാനപൂർവം ജീവിക്കാൻ ശ്രമിക്കുന്നവർ നാടിന് ഭീഷണിയാവുകയും ചെയ്യുന്നത് ആരെയാണ് ആശ്ചര്യപ്പെടുത്താതിരിക്കുക!

ഇന്ത്യയുടെ തലസ്ഥാന നഗരിയിൽ സിവിൽ ഡിഫൻസ് ഉദ്യോഗസ്ഥയായ റാബിയ സെയ്ഫി പൈശാചികമായി കൊലചെയ്യപ്പെട്ട സംഭവത്തിന് പിന്നിലുള്ള ശക്തികളുടെ ദർശനംപേറുന്നവർ കേരളത്തിലുണ്ടെന്ന ചിന്ത ആരെയും ഭയപ്പെടുത്തുന്നില്ല. മാറിടങ്ങൾ മുറിച്ചുമാറ്റിയും കഴുത്തറുത്തും ജനനേന്ദ്രിയം കുത്തിക്കീറിയും അതിനിഷ്ഠൂരമായാണ് ആ കൊലപാതകം നടന്നത്. അതിനോട് നിസ്സംഗത പുലർത്തിയ ഭരണകൂടത്തിന്റെയും ഒരു പറ്റം മാധ്യമങ്ങളുടെയും നിലപാടുകൾ മനഃസാക്ഷിയെ ഞെട്ടിക്കുന്നതായിരുന്നു. അവരുടെ രാഷ്ട്രീയാനുഭാവികളും പ്രവർത്തകരും കേരളക്കരയിലെ ആയിരക്കണക്കിന് ശാഖകളിൽ സ്വൈര്യവിഹാരം നടത്തിയിട്ടും അതാരെയും അലോസരപ്പെടുത്തിയില്ല. പുതിയ കഥകൾ മെനഞ്ഞെടുത്ത് കേസിന്റെ ഗതി മാറ്റാൻ ശ്രമിക്കുന്ന പോലീസിന്റെ കുറ്റവാസനയും ഭയപ്പെടേണ്ടതാണെന്ന ബോധം ആർക്കും ഉണ്ടായതായി തോന്നിയില്ല.

ഗുജറാത്തിലെ തെരുവുകളിൽ ജീവനുള്ള പച്ചമനുഷ്യരെ അഗ്നിനാളങ്ങളിലെറിഞ്ഞ നരാധമൻമാരുടെ അക്രമസ്വഭാവം സ്വാംശീകരിക്കാൻ പരിശീലനം നടത്തുന്ന ത്രിശൂല വാഹകരെക്കുറിച്ച് ആർക്കും ആശങ്കയില്ല. പശുവിന്റെ പേരിൽ വയോധികരെയും യുവാക്കളെയും അറുകൊല നടത്തിയവരുടെ, ക്രിസ്ത്യൻ മിഷണറി പ്രവർത്തകൻ ഗ്രഹാം സ്റ്റെയിനിനെയും രണ്ട് കുഞ്ഞുങ്ങളെയും കാറിലിട്ട് ചുട്ടുകൊന്നവരുടെ, ഉത്തരേന്ത്യൻ തെരുവീഥികളിൽ ദളിതരെ കൂട്ടക്കശാപ്പുനടത്തിയ മനുഷ്യ പിശാചുക്കളുടെ, മഹാത്മാഗാന്ധിയുടെ ഘാതകൻ നാഥുറാം വിനായക് ഗോഡ്സെയുടെ ആദർശം സ്വീകരിച്ച് മലയാളക്കരയിൽ സ്വൈര്യം കെടുത്തുന്നവരെക്കുറിച്ച് ആരും വേവലാതിപ്പെടുന്നില്ല. മസ്തിഷ്ക വീക്കത്തെ തുടർന്ന് ചികിൽസയിലായിരുന്ന ഗൊരഖ്പൂരിലെ ബിആർഡി ആശുപത്രിയിലെ നൂറുകണക്കിന് പിഞ്ചോമനകളുടെ ജീവൻ രക്ഷിക്കാൻ ഓക്സിജൻ സിലിണ്ടർ ലഭ്യമാക്കിയും വിദഗ്ധ ചികിൽസ നൽകിയും ആത്മാർഥ സേവനമനുഷ്ഠിച്ച ഡോ. കഫീൽഖാനെ കൽതുറുങ്കിലടച്ച ഭരണകൂടത്തിന് ഓശാന പാടുന്നവരും കേരളത്തിലുണ്ടെന്നിരിക്കെ അവരെക്കുറിച്ചും ലവലേശം പേടി നമ്മെ പിടികൂടിയില്ല.

മതപ്രഭാഷകരുടെ ഭാഷണങ്ങളിലെ അക്ഷരസ്ഖലിതങ്ങൾക്ക് യുഎപിഎ ചാർത്തി ലോക്കപ്പിലിടാൻ ശ്രമിക്കുമ്പോഴും വെട്ടുകളുടെ എണ്ണം കൂട്ടി അറുകൊല നടത്തുന്ന രാഷ്ട്രീയ ക്രിമിനലുകൾ വിഹരിച്ചപ്പോഴും നമ്മുടെ മനസ്സുകളിൽ ഭീതിയുടെ നിഴലാട്ടമുണ്ടായില്ല. സമാധാന സന്ദേശ രേഖകൾ സൗഹൃദഹസ്തമായി കൈമാറിയത് 'വഴിമരുന്നായിട്ടും' വിദ്വേഷ പ്രസംഗങ്ങളും വിഭാഗീയ ശബ്ദങ്ങളും ഭരണകൂടത്തിന് തെല്ലും പ്രയാസപ്പെടുത്തിയില്ല. അപ്പോഴും മനസ്സിൽ ഉദിക്കുന്ന ചോദ്യം ആര് ആരെയാണ് ഭയപ്പെടേണ്ടത് എന്ന് തന്നെയാണ്.



## ‘സ്ത്രീ’ അവകാശങ്ങളിലെ മാധ്യമ ജാഗ്രത

സ്ത്രീകളുടെ സംരക്ഷണവും അവകാശങ്ങളും ഏതുകാലത്തും മാധ്യമ ചർച്ചകളിൽ ചൂടുള്ള വിഭവങ്ങളാണ്. ഭരണ കേന്ദ്രങ്ങൾമുതൽ വീടകംവരെ സ്ത്രീകൾ അനുഭവിക്കുന്ന മാനസിക, ശാരീരിക പീഡനങ്ങൾ നാൾക്കുനാൾ വർധിച്ച് വരികയാണിന്ന്. അതിനെതിരെ സാമൂഹിക ബോധവൽകരണത്തിനും കുറ്റവാളികൾക്ക് കടുത്തശിക്ഷ ഉറപ്പാക്കാനും മാധ്യമങ്ങളുടെ ഇടപെടൽ ഇനിയും ശക്തമാക്കേണ്ടതുണ്ട്. സ്ത്രീസുരക്ഷ ഉറപ്പുവരുത്താൻ സമൂഹത്തിൽ നേതൃപരമായ പങ്കുവഹിക്കാൻ മാധ്യമങ്ങൾക്ക് സാധിക്കണം. സ്ത്രീകൾ അനുഭവിക്കുന്ന ഏറ്റവും വലിയ വെല്ലുവിളി ഇസ്‌ലാമിക മതനിയമങ്ങളാണെന്ന് വരുത്താൻ ചില മാധ്യമങ്ങളുടെ ശ്രമം ഏറെ ദൗർഭാഗ്യകരമാണ്. ഇസ്‌ലാമിക വസ്ത്രധാരണയും കുടുംബവ്യവസ്ഥയും പൊതുമേഖലകളിലെ ഇടപെടലുമെല്ലാം പ്രതിസ്ഥാനത്ത് നിർത്തിയാണ് ചിലർ ചർച്ചകൾക്ക് മാറ്റ് കൂട്ടാറുള്ളത്. സമകാലിക രാഷ്ട്രീയ കേരളത്തിൽ മുസ്‌ലിം ലീഗിലെ വിദ്യാർഥി വിഭാഗങ്ങളിലുണ്ടായ തർക്കങ്ങളും അസ്വാരസ്യങ്ങളും ചർച്ച ചെയ്ത് പിണക്കങ്ങളിലെ ‘സ്ത്രീവിരുദ്ധത’ ഇസ്‌ലാമിന്റ പേരിൽ ചാർത്താനുള്ള കൊണ്ടുപിടിച്ച ശ്രമങ്ങളാണ് നാം കാണുന്നത്. അതീവ ഗുരുതരമായ അവകാശധ്വംസനങ്ങളും അക്രമങ്ങളും പീഡനങ്ങളും സ്ത്രീകൾക്ക് നേരെ നിറഞ്ഞാടിയിട്ടും അതൊന്നും വാർത്തയും ചർച്ചയുമാകാതെ മറഞ്ഞുപോകുന്നതിലെ യുക്തി ഇപ്പോഴും ദുരൂഹമാണ്. മുസ്‌ലിം വേഷങ്ങളിലെ തട്ടങ്ങളിൽ കാണുന്ന ‘അടിമത്തം’ സ്വന്തം ഭാര്യയെ പണസമ്പാദനോപകരണമായി കൂട്ടിക്കൊടുത്ത ചുംബന സമരക്കാരന്റെ കച്ചവട താൽപര്യങ്ങളിൽ മാധ്യമങ്ങൾ കണ്ടില്ല.

മയക്കുമരുന്ന് നൽകി ക്രൂരമായി പീഡിപ്പിക്കുന്നത് നാസ്തികരാണെങ്കിൽ അവരത് കാണുന്നില്ല. പിടിക്കപ്പെടുന്ന കുറ്റവാളികളുടെ ദർശനവും അവരുടെ അപ്പോസ്തലൻമാരുടെ പിന്നാമ്പുറങ്ങളും ചർച്ചയാക്കുന്നില്ല. മാതാവിനെപോലും ഭോഗിക്കാമെന്ന ഇൻസ്റ്റിറ്റ് ലൈംഗികതക്ക് ദാർശനികമാനം നൽകുന്ന മതനിഷേധികളായ നാസ്തികരിലെ സ്ത്രീവിരുദ്ധതയും അന്തിച്ചർച്ചകളിൽ വിഷയീഭവിക്കുന്നില്ല. മാതാവാകാനുള്ള സ്വാതന്ത്ര്യംപോലും ഹനിച്ചുകളഞ്ഞ് മഠങ്ങളിലെത്തി വിശുദ്ധ വസ്ത്രമണിഞ്ഞ കന്യാസ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ അരമനകളിൽനിന്ന് നുരഞ്ഞ് പൊങ്ങിയിട്ടും അവിടങ്ങളിലെ സ്ത്രീ സുരക്ഷ ചർച്ചയാവുന്നില്ല. നൂറുകണക്കിന് കന്യാസ്ത്രീകളുടെ കൊലപാതകങ്ങളെക്കുറിച്ചുള്ള അടക്കിപിടിച്ച സംസാരങ്ങൾ വ്യാപകമായിട്ടും അതിലെ മതത്തെക്കുറിച്ചോ ആദർശത്തെക്കുറിച്ചോ തലനാരിഴകീറിയ ചർച്ച എവിടെയും കേൾക്കുന്നില്ല. സിസ്റ്റർ ലൂസി കളപ്പുരയടക്കം ധാരാളം പേർ ഇത്തരം പേക്കൂത്തുകളെക്കുറിച്ച് വിളിച്ചുകൂവിയിട്ടും ആർക്കും കേട്ട ഭാവം പോലുമില്ല.

“സ്ത്രീകളുടെ സംരക്ഷണവും അവകാശങ്ങളും ഏതുകാലത്തും മാധ്യമ ചർച്ചകളിൽ ചൂടുള്ള വിഭവങ്ങളാണ്. ഭരണ കേന്ദ്രങ്ങൾമുതൽ വീടകംവരെ സ്ത്രീകൾ അനുഭവിക്കുന്ന മാനസിക, ശാരീരിക പീഡനങ്ങൾ നാൾക്കുനാൾ വർധിച്ച് വരികയാണിന്ന്. അതിനെതിരെ സാമൂഹിക ബോധവൽകരണത്തിനും കുറ്റവാളികൾക്ക് കടുത്തശിക്ഷ ഉറപ്പാക്കാനും മാധ്യമങ്ങളുടെ ഇടപെടൽ ഇനിയും ശക്തമാക്കേണ്ടതുണ്ട്.”

ഉത്തരേന്ത്യയിലെ അവർണരായ സ്ത്രീകൾ അനുഭവിക്കുന്ന വേദനകളും അവരുടെ രോദനങ്ങളും സമൂഹമാധ്യമങ്ങളിലൂടെ നിറഞ്ഞൊഴുകിയിട്ടും അതിന് പിന്നിലുള്ള രാഷ്ട്രീയ, മത, ഫാസിസ്റ്റ് ദാർശനികത നമ്മുടെ മനസ്സിനെ നൊമ്പരപ്പെടുത്തുന്നില്ല. അക്രമരാഷ്ട്രീയത്തിൽ വിധവകളാക്കപ്പെട്ടവർ, ജീവിത സായാഹ്നങ്ങളിൽ കാരുണ്യഹസ്തമാകേണ്ടിയിരുന്ന മക്കൾ കൊല്ലപ്പെട്ടവർ, ഇങ്ങനെ തോരാത്ത കണ്ണുനീരിൽ വേദനയുടെ നെരിപ്പോടിൽ ദിവസങ്ങളെണ്ണി ജീവിക്കുന്ന ആയിരക്കണക്കിന് സ്ത്രീകളുടെ സങ്കടങ്ങൾക്കുനേരെ സഹതാപത്തിന്റെ ഒരു നോട്ടമെങ്കിലും സാധ്യമാകാത്തവർ. അപ്പോഴും നാം അഫ്ഗാനിലും സൗദിയിലും മറ്റു അറേബ്യൻ നാടുകളിലുമുള്ള സ്ത്രീകളെക്കുറിച്ച് പരിതപിക്കുകയാണ്, മുസ്‌ലിം സ്ത്രീയുടെ അവകാശങ്ങൾക്കായി കണ്ണ് നിറക്കുകയാണ്.

മാധ്യമങ്ങളിലൂടെ നിഷ്പക്ഷതയുടെ സത്യസന്ധമായ വാർത്തകളാണ് സമൂഹം പ്രതീക്ഷിക്കുന്നത്. കണ്ണടകൾക്ക് വിവിധ വർണങ്ങൾ നൽകുന്നതവസാനിപ്പിച്ച് നേരിന്റെ വഴിയിലൂടെ സഞ്ചരിക്കാനാവണം.

ഡോ. ടി.കെ യൂസുഫ്
mail@nerpatham.com

ലേഖനം



# അഫ്ഗാനിസ്ഥാൻ: അമേരിക്കൻ അധിനിവേശത്തിന് ശേഷം

സാമ്രാജ്യത്വത്തിന്റെ ശവപ്പറമ്പ് എന്ന് വിശേഷിപ്പിക്കപ്പെട്ട അഫ്ഗാനിസ്ഥാനിൽനിന്ന് അമേരിക്ക പത്തിമടക്കി പിൻവാങ്ങിയ ഈ അവസരത്തിൽ അഫ്ഗാനികൾക്കിടയിൽ നടത്തിയ പഠനങ്ങൾ അവിടുത്തെ മുസ്‌ലിംകൾക്ക് മതത്തോടുള്ള അഭിനിവേശം വർധിച്ചുവരുന്നതായിട്ടാണ് സൂചിപ്പിക്കുന്നത്. മതബോധം, മൗലികവാദം എന്നിവയോട് അഫ്ഗാൻ ജനതക്കുള്ള ആവേശം ഇല്ലായ്മ ചെയ്ത് അവരിൽ പാശ്ചാത്യ സംസ്‌കാരം കുത്തിനിറക്കാൻ വേണ്ടി അമേരിക്ക പഠിച്ച പണി പതിനെട്ട് പയറ്റിയിട്ടും അവരിൽ മതത്തിന്റെ ചിഹ്നങ്ങളോടും കർമങ്ങളോടും ആചാരങ്ങളോടുമുള്ള ആദരവ് വർധിച്ചുവരുന്നതായിട്ടാണ് കാണപ്പെടുന്നത്.

2001 ഒക്ടോബറിൽ അമേരിക്ക അഫ്ഗാനിൽ കാല്കുത്തിയ ഉടനെ അഫ്ഗാനികൾ തീവ്ര മതാന്ധതക്കെതിരെ പ്രതിഷേധിക്കുന്ന ചില പ്രകടനങ്ങൾ വാർത്താമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. അമേരിക്കൻ ആധിപത്യം ഏതാനും നാളുകൾ നീണ്ടുനിന്നാൽ അഫ്ഗാനികളുടെ മുസ്‌ലിം സംസ്‌കാരം മുച്ചൂടും മാറ്റാൻ ക

ഴിയുമെന്ന് മനപ്പായസമുണ്ടവർ ഇപ്പോൾ നിരാശരായിരിക്കയാണ്. കാരണം അഫ്ഗാനികൾ മതനിരാസ പ്രവണതകൾ കൈവിട്ട് വീണ്ടും മതാവേശത്തിലേക്ക് മടങ്ങിയിരിക്കുന്നു.

ഏകദേശം ഇരുപത് വർഷങ്ങൾക്ക് മുമ്പ് അമേരിക്ക അഫ്ഗാനിൽ ആധിപത്യം ചെലുത്തിയ നാളുകളിലുള്ള അഫ്ഗാനികളും ഇന്നത്തെ അഫ്ഗാനികളും മനോഭാവത്തിലും കാഴ്ചപ്പാടിലും ഒരുപാട് വ്യത്യാസപ്പെട്ടിട്ടുണ്ട്. അന്ന് അമേരിക്ക അഫ്ഗാൻ മലമടക്കുകൾക്കിടയിൽ വമ്പിച്ചതോതിൽ ആയുധം ഉപയോഗിച്ചിരുന്നു. ഇത് അവിടുത്തെ മതവിശ്വാസികൾക്കിടയിൽ അൽപം ഭീതി പരത്തുകയും മതചിഹ്നങ്ങൾ മുറുകെപിടിക്കാൻ അവർ ശങ്കിക്കുകയും ചെയ്തിരുന്നു. അതുപോലെ അന്ന് അഫ്ഗാൻ നഗരങ്ങളിൽ മതഭ്രാന്തിനെതിരെയുള്ള ചില പ്രകടനങ്ങൾ അരങ്ങേറാൻ കാരണം താലിബാൻ ഭരണകൂടത്തിന്റെ ചില തെറ്റായ നിയമനടപടികളായിരുന്നു. അതോടൊപ്പം അഫ്ഗാനിലെ, മതാചരങ്ങൾ മുറുകെ പിടിക്കുന്നവരോട് അമേരിക്കൻ ഭടന്മാർ ആക്രോശങ്ങളും ഭീഷണികളുമായി അൽപം ക്രൂരമായിട്ടാണ് പെരുമാറിയിരുന്നത്.

താലിബാൻ ഭരണാധികാരികളുടെ തലതിരിഞ്ഞ നിലപാടുകളും തീവ്ര മത ചിന്തകളും യാഥാസ്ഥിതികരായ അഫ്ഗാനികളെ പോലും എതിരായി ചിന്തിക്കുന്ന പരുവത്തിലാക്കിയിരുന്നു. കാബൂളിലും മറ്റ് അഫ്ഗാൻ നഗരങ്ങളിലും സ്ത്രീകൾ മുഖാവരണമില്ലാതെ പ്രകടനം നടത്തിയതും മതവിശ്വാസം രൂഢമൂലമായിട്ടില്ലാത്തവർ തെരുവുകളിൽ കള്ള് കുടിച്ച് കൂത്താടിയതും ഇത്തരം ഒരു പ്രതിഷേധത്തിന്റെ ഭാഗമാണ്. ഈ പ്രവണത കണ്ട അധിനിവേശക്കാർ ധരിച്ചത് അഫ്ഗാനികൾ ഇസ്‌ലാമിക സംസ്കാരം പരിത്യജിച്ച് പാശ്ചാത്യ സംസ്കാരം വാരിപ്പുണരുമെന്നാണ്. എന്നാൽ സ്ഥിതിഗതികൾ ശാന്തമായപ്പോൾ അഫ്ഗാനികൾ വീണ്ടും വിശ്വാസത്തിലേക്ക് തിരിച്ചുവരികയാണ് ചെയ്തത്.

അഫ്ഗാൻ ജനതയെ ഇസ്‌ലാമിക സംസ്കാരത്തിൽനിന്ന് വ്യതിചലിപ്പിച്ച് അവരെ പാശ്ചാത്യവത്കരിക്കുന്നതിന് അമേരിക്ക താഴെ പറയുന്ന മാർഗങ്ങളാണ് സ്വീകരിച്ചത്:

1. സ്ത്രീകളുടെ ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിലുപരി അവരെ പാശ്ചാത്യ സംസ്കാരത്തിന്റെ വാഹകരാക്കി മാറ്റാനുള്ള ശ്രമങ്ങളാണ് അമേരിക്ക ആദ്യമായി നടത്തിയത്. ഇത് ഒരളവോളം വിജയിക്കുകയും അധിനിവേശത്തിന്റെ ആരംഭഘട്ടത്തിൽ സ്ത്രീകൾ ശിരോവസ്ത്രമില്ലാതെ അഫ്ഗാൻ തെരുവുകളിൽ അലയാനുള്ള ധൈര്യം കാണിക്കുകയും ചെയ്തിരുന്നു.

> **താലിബാൻ ഭരണാധികാരികളുടെ തലതിരിഞ്ഞ നിലപാടുകളും തീവ്ര മത ചിന്തകളും യാഥാസ്ഥിതികരായ അഫ്ഗാനികളെ പോലും എതിരായി ചിന്തിക്കുന്ന പരുവത്തിലാക്കിയിരുന്നു. കാബൂളിലും മറ്റ് അഫ്ഗാൻ നഗരങ്ങളിലും സ്ത്രീകൾ മുഖാവരണമില്ലാതെ പ്രകടനം നടത്തിയതും മതവിശ്വാസം രൂഢമൂലമായിട്ടില്ലാത്തവർ തെരുവുകളിൽ കള്ള് കുടിച്ച് കൂത്താടിയതും ഇത്തരം ഒരു പ്രതിഷേധത്തിന്റെ ഭാഗമാണ്. ഈ പ്രവണത കണ്ട അധിനിവേശക്കാർ ധരിച്ചത് അഫ്ഗാനികൾ ഇസ്‌ലാമിക സംസ്കാരം പരിത്യജിച്ച് പാശ്ചാത്യ സംസ്കാരം വാരിപ്പുണരുമെന്നാണ്. എന്നാൽ സ്ഥിതിഗതികൾ ശാന്തമായപ്പോൾ അഫ്ഗാനികൾ വീണ്ടും വിശ്വാസത്തിലേക്ക് തിരിച്ചുവരികയാണ് ചെയ്തത്.**

2. വാർത്താമാധ്യമങ്ങളിലൂടെ അനിസ്‌ലാമിക സംസ്കാരം അടിച്ചേൽപിക്കാനുള്ള ശ്രമമാണ് പിന്നീട് അവർ നടത്തിയത്. അഫ്ഗാനിലെ പ്രാദേശിക ഭാഷകളിൽ റേഡിയോ സ്റ്റേഷനുകളും ടെലിവിഷൻ ചാനലുകളും ആരംഭിക്കുകയും അതിൽ പാശ്ചാത്യ സംസ്കാരം പ്രചരിപ്പിക്കുന്ന പരിപാടികൾ നിരന്തരം പ്രക്ഷേപണം ചെയ്തുകൊണ്ടിരിക്കുകയും ചെയ്തു. ഇരുപത്തിനാല് മണിക്കൂറും നീണ്ടുനിൽക്കുന്ന ഇത്തരം പരിപാടികളിലൂടെ അഫ്ഗാൻ ജനതയിലേക്ക് പടിഞ്ഞാറൻ സംസ്കാരം നുഴഞ്ഞുകയറാൻ തുടങ്ങി. വിവിധ ഭാഷകളിലൂള്ള സിനിമകളും സീരിയലുകളും അഫ്ഗാനിലെ പ്രാദേശിക ഭാഷകളിലേക്ക് ഡബ് ചെയതുകൊണ്ട് പ്രോഗ്രാമുകളുടെ ക്ഷാമം പരിഹരിക്കുകയും ചെയ്തു. ജനങ്ങൾ ഇത്തരം പരിപാടികൾ ദർശിച്ചാലും ഇല്ലെങ്കിലും ഇവയുടെ പ്രചാരണം ഇപ്പോഴും തുടരുകയാണ്.

3. താലിബാൻ ഭരണത്തിന് പകരമായി അമേരിക്കൻ പാവ സർക്കാർ നിലവിൽവന്നതോടുകൂടി അഫ്ഗാനി

സ്ഥാനിലെ പ്രധാന നഗരങ്ങളിലെല്ലാം മദ്യം സുലഭമായി. അമേരിക്കൻ പട്ടാളക്കാരുടെ ആവശ്യത്തിന് എന്നു പറഞ്ഞാണ് ബാറുകൾ തുടങ്ങിയിരുന്നതെങ്കിലും പിന്നീട് അത് പൊതുജനങ്ങൾക്ക് കൂടി ലഭ്യമാകാൻ തുടങ്ങി.

4. വിദ്യാഭ്യാസരംഗത്ത് പടിഞ്ഞാറൻ സംസ്കാരത്തെ കുടിയിരുത്താൻ വേണ്ടി കലാലയങ്ങളിലും കോളെജുകളിലും ലിംഗ വേർതിരിവ് ഒഴിവാക്കുകയും ആൺകുട്ടികളും പെൺകുട്ടികളും തമ്മിൽ ഇടപഴകാൻ അവസരമൊരുക്കുകയും ചെയ്തു. അതോടൊപ്പം സിലബസ്സിൽ നിലവിലുണ്ടായിരുന്ന മതാധ്യാപനങ്ങൾ വെട്ടിച്ചുരുക്കുകയോ അല്ലെങ്കിൽ പാടെ നിർമാർജനം ചെയ്യുകയോ ചെയ്തു. മതപണ്ഡിതന്മാർ പിന്തിരിപ്പന്മാരും തീവ്രവാദികളുമാണെന്നുള്ള ഒരു സന്ദേശവും ഇക്കൂട്ടത്തിൽ അവർ വിദ്യാർഥികൾക്കിടയിൽ പ്രചരിപ്പിക്കുകയുണ്ടായി. വിദ്യാർഥികൾക്കിടയിൽ കല, കായിക, സിനിമ രംഗങ്ങളിലുള്ള താരാരാധന സന്നിവേശിപ്പിക്കാനുള്ള ബോധപൂർവ്വമായ പരിശ്രമങ്ങളും നടപ്പിലാക്കുകയുണ്ടായി.

5. മതപരമായ പഠനങ്ങളിൽനിന്നും ചിന്തകളിൽനിന്നും ജനങ്ങളെ പിന്തിരിപ്പിക്കാൻവേണ്ടി ആധുനിക, ഉത്തരാധുനിക, സാഹിത്യ, ദാർശനിക പാഠഭാഗങ്ങൾ അവർക്കിടയിൽ പ്രചരിപ്പിക്കാൻ തുടങ്ങി. സ്ത്രീ പുരുഷ സമത്വം, സർവമത സത്യവാദം തുടങ്ങിയ ആശയങ്ങളുടെ പ്രചാരണങ്ങളും തകൃതിയായി നടപ്പിൽ വരുത്തി. അതോടൊപ്പം ജീവകാരുണ്യപ്രവർത്തനങ്ങളുടെ മറവിൽ സുവിശേഷപ്രവർത്തകർക്ക് അവരുടെ ആശയപ്രചാരണത്തിന് വേണ്ട അവസരങ്ങൾ തുറന്നുകൊടുത്തു. അതോടെ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിൽനിന്നുള്ള സുവിശേഷകരും അഫ്ഗാൻ മണ്ണിൽ നിരങ്ങാൻ തുടങ്ങി. പൊതുവെ ദാരിദ്ര്യം കൊണ്ടും രോഗങ്ങൾ കൊണ്ടും പരീക്ഷിക്കപ്പെട്ടിരുന്ന അഫ്ഗാനികളെ വേണ്ടപോലെ ചൂഷണം ചെയ്യാനും ചില സാധുക്കളെ മതപരമായി പരിവർത്തിപ്പിക്കാനും ഈ സുവിശേഷകർക്ക് സാധ്യമാകുകയുണ്ടായി. ഇത്തരം മതപരിത്യാഗകൾക്ക് ഇസ്‌ലാമിക ശരീഅത്ത് അനുശാസിക്കുന്ന ശിക്ഷ നടപ്പിലാക്കുന്നതിന്റെ മുമ്പായി യൂറോപ്യൻ രാജ്യങ്ങൾ ഇടപെടുകയും അവരെ അവിടുത്തെ ജയിലുകളിലേക്ക് മാറ്റുകയും ചെയ്യാറാണ് പതിവ്. യൂറോപ്യൻ രാജ്യങ്ങളിലെ സുഖജീവിതം സ്വപ്നം കാണുന്നവരെ മതപരിപരിത്യാഗത്തിന് പ്രേരിപ്പിക്കുക എന്ന ഒരു നിഗൂഢ ലക്ഷ്യവും കൂടി ഇതിന്റെ പിന്നിലുണ്ട്.

പേരിന് പോലും ഒരു ക്രിസ്ത്യാനി ഇല്ലാതിരുന്ന അഫ്ഗാനിസ്ഥാനിൽ ഇപ്പോൾ ഔദ്യോഗിക അംഗീകാരമുള്ള മൂന്ന് ക്രിസ്തീയ ദേവാലായങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്നതാണ് അധിനിവേശം കൊണ്ട് അഫ്ഗാൻ മണ്ണിലുണ്ടായ ഏറ്റവും ശ്രദ്ധേയമായ മാറ്റം. ഇത്തരത്തിലുള്ള ചില മാറ്റങ്ങൾ അഫ്ഗാനിലുണ്ടാക്കിത്തീർക്കാൻ അധിവേശക്കാർക്ക് കഴിഞ്ഞിട്ടുണ്ട് എന്നതിൽ സംശയമില്ല. നമ്മുടെ ആളുകളെല്ലാത്തവരെല്ലാം നമ്മുടെ ശത്രുക്കൾ എന്ന ജോർജ് ബുഷിന്റെ വീക്ഷണം നടപ്പിലാക്കിയത് കൊണ്ട് അധിനിവേശത്തിന്റെ ആദ്യഘട്ടത്തിൽ ആരുംതന്നെ ഇത്തരത്തിൽ പാശ്ചാത്യ ലോബി കലക്കു വെള്ളത്തിൽ മീൻ പിടിക്കുന്നത് തടഞ്ഞിരുന്നില്ല. എന്നാൽ ഭീകരവാദിയായി മുദ്രകുത്തുമോ എന്ന ഭീതി അൽപാൽപമായി മറനീങ്ങുകയും ജനങ്ങൾ അവരുടെ നൈസർഗികതയിലേക്ക് തിരിച്ചുവരികയും ചെയ്തതോടുകൂടിയാണ് അധിനിവേശം സൈനിക രംഗത്ത് മാത്രമല്ല മത, സാംസ്കാരിക രംഗത്തേക്ക് കൂടി പടർന്ന് പിടിച്ചിട്ടുണ്ടെന്ന് എന്ന തിരിച്ചറിവ് ജനങ്ങൾക്ക് വന്നത്.

മതനിയമങ്ങൾ മുറുകെപിടിക്കുന്നവരാണ് എന്നും അധിവേശക്കരുടെ ഉറക്കംകെടുത്തിയിട്ടുള്ളത്. എന്നാൽ അഫ്ഗാനികൾ ഭീകരമുദ്ര ഭയപ്പെട്ട് ബാഹ്യമായ മതചിഹ്നങ്ങൾ വെടിഞ്ഞതോടെ അമേരിക്കക്ക് ആശങ്ക മാറുകയും അവർ കൂടുതൽ സൗഹൃദത്തോട് കൂടി അഫ്ഗാനികളോട് പെരുമാറാൻ തുടങ്ങുകയും ചെയ്തു. ഈ ഊഷ്മളമായ സൗഹൃദാന്തരീക്ഷം അഫ്ഗാനികളെ വീണ്ടും മതത്തിന്റെ ശീതളഛായയിലേക്ക് തിരച്ചുകൊണ്ടുവരികയും അവരിൽ ഇപ്പോൾ കാണുന്ന തരത്തിലുള്ള അനേകം പരിവർത്തനങ്ങളുണ്ടാക്കുകയും ചെയ്തു.

അധിനിവേശത്തിന്റെ ആരംഭത്തിൽ അഫ്ഗാനിസ്ഥാനിലെ പള്ളികളിൽ ജമാഅത്ത് നമസ്കാരത്തിൽ പങ്കെടുത്തിരുന്നവരുടെ എണ്ണം താരതമ്യേന കുറവായിരുന്നു. എന്നാൽ ഇന്ന് ധാരാളം ചെറുപ്പക്കാർ പള്ളികളിൽ സജീവമാകുകയും വെള്ളിയാഴ്ചകളിൽ ഖത്വീബുമാർ സാമൂഹ്യപ്രശ്നങ്ങൾ തങ്ങളുടെ പ്രസംഗങ്ങളിൽ ഉൾപെടുത്തുകയും, മത-സാമൂഹ്യ രംഗത്ത് മുസ്‌ലിംകൾ നിറസാന്നിധ്യമായി മാറുകയും ചെയ്തിട്ടുണ്ട്. അമേരിക്ക

ക്കാർ അഫ്ഗാൻമണ്ണിൽ കാലുകുത്തിയ നാളുകളിൽ മുസ്‌ലിം സ്ത്രീകൾക്ക് പർദയോട് അലർജിയുണ്ടാകുകയും അവർ അത് പരമാവധി ഒഴിവാക്കുകയും ഒരുപടി കൂടി മുന്നോട്ട് പോയി അങ്ങാടിയിൽ ആണുങ്ങളുമായി ഇടപഴകുകയും അവരുമായി ഹസ്തദാനം നടത്തുകയും ചെയ്തിരുന്നു. എന്നാൽ ഇന്ന് തലമറക്കാതെ നഗരങ്ങളിൽ അലഞ്ഞുനടക്കുന്ന മുസ്‌ലിം സ്ത്രീകളുടെ എണ്ണം താരതമ്യേന കുറവാണ്.

മതപരമായ അഭിനിവേശം വർധിച്ചുവന്നതോടുകൂടി അഫ്ഗാനിലെ മുസ്‌ലിം പെൺകുട്ടികൾ ഇടകലരുന്ന കലാലയ കാമ്പസുകളിലേക്ക് കടന്നുചെല്ലാൻ വൈമനസ്യം കാണിക്കുകയാണ്. അതുകൊണ്ട് തന്നെ ഇപ്പോൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വീണ്ടും ആൺകുട്ടികളെയും പെൺകുട്ടികളെയും വേർതിരിക്കാൻ തുടങ്ങിയിരിക്കുകയാണ്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ ക്ലാസുകളുള്ള കാബൂളിലെ സലാം സർവകലാശാലയിലേക്ക് ഇപ്പേൾ വമ്പിച്ച വിദ്യാർഥി മുന്നേറ്റമാണുള്ളത്. മിക്സഡ് കാമ്പസുകളാണ് എന്നതുകൊണ്ട് മാത്രം രക്ഷിതാക്കൾ വിദ്യാർഥിനികളെ സർവകലാശാലയിലേക്ക് അയക്കാൻ മടികാണിച്ചിരുന്നു. സലാം സർവകാലാശാലയിലേക്കുള്ള വിദ്യാർഥികളുടെ തള്ളിക്കയറ്റം ഇസ്‌ലാമിക മൂല്യങ്ങളിലേക്കുള്ള അവരുടെ തിരിച്ചുവരവാണ് സൂചിപ്പിക്കുന്നത്.

അധിനിവേശത്തിന്റെ ആദ്യനാളുകളിൽ ആളുകളെ പാട്ടിലാക്കുന്ന അനേകം എഫ്എം നിലയങ്ങൾ അഫ്ഗാനിൽ അരങ്ങുതകർത്തിരുന്നു. പാശ്ചാത്യ, ഇന്ത്യൻ സംഗീതങ്ങളായിരുന്നു അവയിലെ പ്രധാന പരിപാടികൾ. അതിന് പുറമെ ശ്രോതാക്കൾക്ക് നർമ സല്ലാപം നടത്താനും ഈ നിലയങ്ങളിൽ ധാരാളം അവസരങ്ങളുണ്ടായിരുന്നു. ഇപ്പോൾ ചില മതപരമായ പരിപാടികളുള്ള റോഡിയോ നിലയങ്ങൾ രംഗത്ത് വന്നതോടുകൂടി ജനങ്ങൾ വിനോദപരിപാടികളോട് വിടപറഞ്ഞ് മതവിജ്ഞാന പരിപാടികളിലേക്ക് ആകൃഷ്ടരാകാൻ തുടങ്ങി. കാബൂളിൽനിന്ന് പ്രക്ഷേപണം ചെയ്യുന്ന സൗത്തുൽ ഇസ്‌ലാഹ് എന്ന റേഡിയോ നിലയത്തിലെ പരിപാടികളോടുള്ള ശ്രോതാക്കളുടെ പ്രതികരണം ജനങ്ങൾ വിനോദ ഭ്രാന്തിനോട് വിടപറഞ്ഞ് വിവേകത്തിന്റെ പാതയിലേക്ക് തിരിച്ചുപോകാൻ തുടങ്ങിയതിന്റെ തെളിവാണ്.

മതമൗലികവാദ മുദ്രകുത്തപ്പെടുമെന്ന ഭയം കാരണം പലർക്കും മത വിദ്യാലയങ്ങൾ ആരംഭിക്കാൻ മടിയായിരുന്നു. എന്നാൽ ഈയടുത്ത കാലത്ത് ആ ഭയപ്പാട് നീങ്ങിയതുകൊണ്ട് അഫ്ഗാനിൽ അനേകം ദീനീ സ്ഥാപനങ്ങൽ വളർന്നുവരുന്നുണ്ട്.

അഫ്ഗാനിൽ മതപ്രസംഗങ്ങൾ സംഘടിപ്പിക്കാൻ ഇതുവരെ ആളുകൾക്ക് ഭയമായിരുന്നു. തെറ്റിദ്ധാരണയുടെ കാർമേഘങ്ങൾ നീങ്ങിയതോടുകൂടി ആയിരങ്ങൾ പങ്കെടുക്കുന്ന മതവിജ്ഞാന വേദികൾ സംഘടിപ്പിക്കപ്പെടുന്നുണ്ട്. സാധാരണ ജനങ്ങൾക്ക് പോലും മനസ്സിലാകുന്ന ശൈലിയിൽ അഫ്ഗാൻ മുസ്‌ലിംകളുടെ സാമൂഹിക, സാമ്പത്തിക, മതപരമായ പ്രശ്നങ്ങൾ വിശകലനം ചെയ്യപ്പെടുന്ന ചില സമ്മേളനങ്ങളിൽ ഒരു ലക്ഷത്തോളം ആളുകൾവരെ പങ്കെടുക്കുന്നുണ്ടെന്നാണ് പറയപ്പെടുന്നത്.

അമേരിക്ക കഴിഞ്ഞ ഇരുപത് വർഷത്തിനിടയിൽ മതമൗലികവാദത്തിന്റെ വേരറുക്കാൻ ഇത്രയൊക്കെ പണിപ്പെട്ട് അധ്വാനിച്ചിട്ടും മത-ധാർമിക രംഗത്ത് കൂടുതൽ മെച്ചപ്പെട്ട ഒരു അവസ്ഥയിലേക്കാണ് ആ ജനത നീങ്ങിക്കൊണ്ടിരിക്കുന്നത്. എന്തുകൊണ്ടാണ് അമേരിക്കക്ക് അഫ്ഗാൻ മണ്ണിൻ അധിനിവേശ സംസ്കാരത്തിന്റെ വേരുറപ്പിക്കാൻ കഴിയാതെ പോയത്? പാശ്ചാത്യവത്കരണത്തിന് പ്രതിബന്ധമായി നിലനിൽക്കുന്നത് താഴെ പറയുന്ന കാരണങ്ങളാണ് നിരീക്ഷകർ വിലയിരുത്തുന്നത്.

1. അഫ്ഗാനികളുടെ മനസ്സിൽ ആഴത്തിൽ വേരൂന്നിയ മതബോധമാണ് പാശ്ചാത്യവത്കരണത്തിന്റെ വിജയത്തിന് വിഘാതമായത്.

2. ആയുധരംഗത്ത് അമേരിക്കയെ നേരിടാൻ അശക്തരായ അഫ്ഗാൻ ജനത സാംസ്കാരിക അധിനിവേശത്തെ ചെറുക്കാനെങ്കിലും തങ്ങൾക്ക് ആവുന്നത് ചെയ്യാൻ മുന്നോട്ട് വന്നു.

3. സൈനികരംഗത്ത് സമ്പൂർണമായി കീഴ്പെടുകയും സാംസ്കാരികരംഗത്ത് അടിയറവ് പറയാതിരിക്കാൻ പരമാവധി പരിശ്രമിക്കാനുമാണ് അഫ്ഗാനിലെ ഇസ്‌ലാമിക സംഘടനകൾ കാര്യമായി ആഹ്വാനം ചെയ്തത്. മുസ്‌ലിംകൾ ഈ ആഹ്വാനം ചെവിക്കൊണ്ടതിനാലാണ് അമേരിക്കക്ക് സാംസ്കാരികരംഗത്ത് അവരുടെ പദ്ധതികൾ വിജയിപ്പിക്കാൻ കഴിയാതിരുന്നത്.

മൂസ സ്വലാഹി, കാര
moosakara001@gmail.com

ലേഖനം



# വ്യർഥവാദങ്ങളുടെ തണലിൽ ശിർക്കിനെ പരിപോഷിപ്പിക്കുന്നവർ

**അറുതിയില്ലാത്ത അന്ധവിശ്വാസങ്ങൾ 26**

ഇസ്‌ലാം അല്ലാഹുവിന്റെ മതമാണ്. അതിന്റെ ആദർശം വ്യക്തവും സമ്പൂർണവുമാണ്. ആരാധനകൾ അല്ലാഹുവിന് മാത്രം സമർപ്പിക്കണമെന്നതാണ് അതിന്റെ അടിസ്ഥാനം. അജ്ഞതയിൽനിന്നും വഴികേടിൽനിന്നും മാനവരാശിയെ മോചിപ്പിക്കാനും നേർമാർഗം എന്തെന്ന് അവരെ പഠിപ്പിക്കാനുമായി അല്ലാഹു മുഹമ്മദ് നബിﷺയെ നിയോഗിക്കുകയും വിശുദ്ധ ക്വുർആൻ അവതരിപ്പിക്കുകയും ചെയ്തു. നിഷ്‌കളങ്കമായി ഇതിൽ വിശ്വസിക്കുന്നവർക്ക് മാത്രമെ ഈ സന്ദേശത്തിന്റെ വാഹകരാകാൻ സാധിക്കുകയുള്ളൂ.

അല്ലാഹു പറയുന്നു: “അല്ലാഹു തന്റെ പൊരുത്തംതേടിയവരെ അത് മുഖേന സമാധാനത്തിന്റ വഴികളിലേക്ക് നയിക്കുന്നു. തന്റെ ഉത്തരവ് മുഖേന അവരെ അന്ധകാരത്തിൽനിന്ന് അവൻ പ്രകാശത്തിലേക്ക് കൊണ്ടുവരികയും നേരായ പാതയിലേക്ക് അവരെ നയിക്കുകയും ചെയ്യുന്നു” (ക്വുർആൻ 5:16).

ഭൗതികവും അഭൗതികവുമായ കാര്യങ്ങൾ സാധിച്ച് കിട്ടുന്നതിനായി സൃഷ്ടികളിൽ അഭയംതേടലും അവരെ വിളിച്ച് സഹായം ചോദിക്കലും വലിയ പുണ്യപ്രവൃത്തിയായിട്ടാണ് പുരോഹിതന്മാർ അണികളെ ധരിപ്പിച്ചിട്ടുള്ളത്. അല്ലാഹുവിന്റെ കൽപനകളെ വിസ്മരിച്ചും പ്രമാണങ്ങളെ അവഗണിച്ചുമല്ലാതെ ഈ പ്രവർത്തനങ്ങളെ ന്യായീകരിക്കാൻ ആർക്കും സാധ്യമല്ല.

അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ എടുത്തുപറഞ്ഞ് ക്വുർആൻ ചോദിച്ചത് കാണുക:

“അഥവാ, സൃഷ്ടി ആരംഭിക്കുകയും പിന്നീട് അത് ആവർത്തിക്കുകയും, ആകാശത്തുനിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ഉപജീവനം നൽകുകയും ചെയ്യുന്നവനോ? (അതല്ല, അവരുടെ ദൈവങ്ങളോ?) അല്ലാഹുവോടൊപ്പം വേറെ വല്ല ആരാധ്യനുമുണ്ടോ? (നബിയേ,) പറയുക: നിങ്ങൾ സത്യവാൻമാരാണെങ്കിൽ നിങ്ങൾക്കുള്ള തെളിവ് നിങ്ങൾ കൊണ്ടുവരിക” (ക്വുർആൻ 27:64).

ആരാധനയാകുന്ന കാര്യങ്ങളെ അല്ലാഹുവല്ലാത്തവരിലേക്ക് തിരിച്ചുവിടുക എന്നത് സമസ്തയുടെ പ്രഖ്യാപിത നയമാണ്. ‘ലാഇലാഹ ഇല്ലല്ലാഹ്’ പറഞ്ഞവരിലേക്ക് ശിർക്ക് വരില്ലെന്നു പ്രചരിപ്പിച്ച് ഇക്കൂട്ടർ അണികളെ കബളിപ്പിച്ചുവരികയാണ്.

നബിﷺയോട് അല്ലാഹു നൽകിയ താക്കീത് കാണുക: “ആകയാൽ അല്ലാഹുവോടൊപ്പം മറ്റൊരു ആരാധ്യനെയും നീ വിളിച്ചു പ്രാർഥിക്കരുത്. എങ്കിൽ നീ ശിക്ഷിക്കപ്പെടുന്നവരുടെ കൂട്ടത്തിലായിരിക്കും” (ക്വുർആൻ 26:213).

2021 ജൂലൈ മാസത്തിലെ രണ്ടാം ലക്കം ‘സുന്നിവോയ്സി’ൽ ഒരു മുസ്‌ലിയാർ എഴുതിയത് കാണുക: “ഖബർ സിയാറത്ത് സുന്നത്താണ്. അത് പക്ഷേ, പുത്തൻവാദികൾ പറയുംപോലെ മരണത്തെയും പരലോകത്തെയും ഓർമിപ്പിക്കാൻ വേണ്ടി മാത്രമല്ല. മരണപ്പെട്ടവർക്ക് സലാം പറയലും അവർക്കു വേണ്ടി ഖുർആൻ പാരായണം ചെയ്ത് പ്രാർത്ഥിക്കലും സന്ദർശകന് വേണ്ടി അവിടെ വെച്ച് പ്രാർത്ഥിക്കലുമെല്ലാം ഖബർ സിയാറത്തിന്റെ ലക്ഷ്യങ്ങളിൽ പെട്ടതാണ്. കൂടാതെ മഹാന്മാരെ സന്ദർശിക്കുന്നതിലൂടെ അവരോട് ശിപാർശ ആവശ്യപ്പെടലും അവരോട് ഇസ്തിഗാസ ചെയ്യലും ബറകത്തെടുക്കലും ലക്ഷ്യമാണ്. ഇക്കാര്യങ്ങൾ ഇസ്‌ലാമിക പ്രമാണങ്ങളുടെ വെളിച്ചത്തിൽ സ്ഥിരപ്പെട്ട വസ്തുതകളാണ്” (പേജ് 17).

**ഇസ്‌ലാം അല്ലാഹുവിന്റെ മതമാണ്. അതിന്റെ ആദർശം വ്യക്തവും സമ്പൂർണവുമാണ്. ആരാധനകൾ അല്ലാഹുവിന് മാത്രം സമർപ്പിക്കണമെന്നതാണ് അതിന്റെ അടിസ്ഥാനം. അജ്ഞതയിൽനിന്നും വഴികേടിൽനിന്നും മാനവരാശിയെ മോചിപ്പിക്കാനും നേർമാർഗം എന്തെന്ന് അവരെ പഠിപ്പിക്കാനുമായി അല്ലാഹു മുഹമ്മദ് നബിﷺയെ നിയോഗിക്കുകയും വിശുദ്ധ ക്വുർആൻ അവതരിപ്പിക്കുകയും ചെയ്തു. നിഷ്കളങ്കമായി ഇതിൽ വിശ്വസിക്കുന്നവർക്ക് മാത്രമെ ഈ സന്ദേശത്തിന്റെ വാഹകരാകാൻ സാധിക്കുകയുള്ളൂ.**

വിപൽഘട്ടങ്ങളിലും അല്ലാത്തപ്പോഴും പാമരജനങ്ങൾ മക്ബറകളിൽനിന്ന് അകലാതിരിക്കാനും അതുവഴി സാമ്പത്തിക ചൂഷണം നടത്തുവാനുമുള്ള വ്യഗ്രതയാണ് ഇതിൽ തെളിഞ്ഞുകാണുന്നത്.

വിശ്വാസികൾക്ക് പ്രവാചകന്മാരുടെ ജീവിതമാണ് വഴികാട്ടി. യഅ്ക്വൂബ് നബിعليه السلام പരീക്ഷിക്കപ്പെട്ട സന്ദർഭത്തിൽ അദ്ദേഹം പറഞ്ഞതായി അല്ലാഹു പറയുന്നു: “...നിങ്ങളീ പറഞ്ഞുണ്ടാക്കുന്ന കാര്യത്തിൽ (എനിക്ക്) സഹായം തേടാനുള്ളത് അല്ലാഹുവോടത്രെ” (ക്വുർആൻ 12:18).

തെറ്റായ വിശ്വാസത്തെ സ്ഥാപിക്കാൻ മുസ്‌ലിയാർ കൂട്ടുപിടിച്ചിരിക്കുന്നത് സുന്നത്താക്കപ്പെട്ട കാര്യത്തെയാണ്. ഇത് ഇവരുടെ സ്ഥിരം ശൈലിയാണ്. സത്യത്തെ അസത്യവുമായി കൂട്ടിക്കുഴക്കുന്ന ഈ പരിപാടി ഇസ്‌ലാം നിഷിദ്ധമാക്കിയതാണ്. അല്ലാഹു പറയുന്നു:

“നിങ്ങൾ സത്യത്തെ അസത്യവുമായി കൂട്ടിക്കുഴക്കരുത്. അറിഞ്ഞു

കൊണ്ട് സത്യം മറച്ചുവെക്കുകയും ചെയ്യരുത്” (ക്വുർആൻ 2:42).

നബിചര്യയിൽപെട്ട ക്വബ്ർ സിയാറത്തിൽ ക്വബ്‌റാളിയോട് ശുപാർശ തേടലും ഇസ്തിഗാസ നടത്തലും അവരെക്കൊണ്ട് പുണ്യമെടുക്കലും കാണുവാൻ സാധ്യമല്ല. ക്വബ്‌റുകൾ സന്ദർശിച്ച വേളയിൽ നബിﷺയോ അനുചരന്മാരോ ഇങ്ങനെ ചെയ്തതായി കാണുകയില്ല. ക്വബ്‌റുകൾ ആരാധിക്കപ്പെടുന്നത് ശക്തമായിത്തന്നെ എതിർക്കുകയാണ് നബിﷺ ചെയ്തിട്ടുള്ളത്.

ഇത്തരം ശിർക്കൻ പ്രവണതകളെ പുരോഹിതന്മാർ മതമാക്കി അവതരിപ്പിക്കുന്നത് അവരുടെ താൽ പര്യം നേടാനാണ്. മരണചിന്ത, പരലോകത്തെ ഓർക്കൽ, മരണപ്പെട്ടയാൾക്കുവേണ്ടി പ്രാർഥിക്കൽ തുടങ്ങിയ, സന്ദർശനത്തിന്റെ യഥാർഥ ലക്ഷ്യങ്ങളെ നിസ്സാരമാക്കലും ലക്ഷ്യങ്ങളിൽ പെടാത്തവയെ ശ്രേഷ്ഠമാക്കി കാണിക്കലുമാണ് ലേഖകൻ നടത്തുന്നത്.

അല്ലാഹു പറയുന്നു: “(നബിയേ)പറയുക: അല്ലാഹുവിന് പുറമെ നിങ്ങൾ (ദൈവങ്ങളെന്ന്) വാദിച്ചുപോന്നവരെ നിങ്ങൾ വിളിച്ചുനോക്കൂ. നിങ്ങളിൽനിന്ന് ഉപദ്രവം നീക്കുവാനോ(നിങ്ങളുടെ സ്ഥിതിക്ക്) മാറ്റം വരുത്തുവാനോ ഉള്ള കഴിവ് അവരുടെ അധീനത്തിലില്ല” (ക്വുർആൻ 17:56).

ദൈവമെന്ന് വാദിക്കുന്നില്ലെങ്കിലും അല്ലാഹുവിനോട് മാത്രം നടത്തേണ്ട പ്രാർഥന ആരോട്, എന്തിനോട് നടത്തിയാലും അത് അല്ലാഹുവിൽ പങ്കുചേർക്കൽ തന്നെയാണ്.

ഉമറി ﵁ന്റെ കാലഘട്ടത്തിൽ തുസ്ത്തർ പ്രദേശം വിജയിക്കപ്പെട്ടപ്പോൾ ദാനിയാൽ എന്നവരുടെ ക്വബ്ർ തുറക്കപ്പെടുകയുണ്ടായി. ജനങ്ങൾ അതുമുഖേന പരീക്ഷിക്കപ്പെട്ട് ശിർക്കിലകപ്പെടുമോ എന്ന ഭയത്താൽ അവരത് തിരിച്ചറിയാതിരിക്കാൻവേണ്ടി പകലിൽ വ്യത്യസ്തങ്ങളായ പത്ത് കുഴികൾ എടുക്കാനും രാത്രി അതിലൊന്നിലിട്ട് മൂടാനും എല്ലാ ക്വബ്‌റുകളും ഒരേ നിരപ്പാക്കാനും നിർദേശിക്കപ്പെടുകയുണ്ടായി. ഇമാം ബൈഹക്വി(റഹി) ‘ദലാഇലുന്നുബൂഅ’യിലും ഇബ്നു കഥീർ(റഹി) ‘അൽബിദായ വന്നിഹായ’യിലും ഇബ്നു തൈമിയ്യ(റഹി) ‘അൽ ഇസ്തിഗാസ ഫി റദ്ദി അലൽബക്‌രി’ എന്ന ഗ്രന്ഥത്തിലും ഇത് ഉദ്ധരിച്ചിട്ടുണ്ട്.

പ്രമാണങ്ങൾ വിലക്കുകയും ഗൗരവമായി കാണുകയും ചെയ്ത വിഷയത്തിന് അവയെത്തന്നെ തെളിവാക്കാൻ ലേഖകൻ ഇവിടെ പെടാപാട് പെടുകയാണ്. കളവ് കെട്ടിച്ചമക്കലും ജനങ്ങൾക്കിടയിൽ തെറ്റുധാരണ പരത്തലും വലിയ അക്രമമാണ്.

അല്ലാഹു പറയുന്നു: “അപ്പോൾ അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമയ്ക്കുകയോ, അവന്റെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ചുതള്ളുകയോ ചെയ്തവനെക്കാൾ കടുത്ത അക്രമി ആരുണ്ട്? തീർച്ചയായും കുറ്റവാളികൾ വിജയം പ്രാപിക്കുകയില്ല” (ക്വുർആൻ 10:17).

സ്വൂഫീ പണ്ഡിതനായ അബുൽഹസൻ നൂറുദ്ദീൻ അൽബക്‌രിയുടെ ഇത്തരം ജൽപനങ്ങൾക്ക് ഇബ്നു തൈമിയ്യ(റഹി) നൽകിയ മറുപടി ഇവിടെ ഏറെ പ്രസക്തമാണ്: “മരണപ്പെട്ടതും മറഞ്ഞുകിടക്കുന്നതും- അത് നബിയാകട്ടെ, അല്ലാത്തവരാകട്ടെ; അവരോട് ചോദിക്കുക (ഇസ്തിഗാസ നടത്തുക) എന്നത് വിരോധിക്കപ്പെട്ട കാര്യമാകുന്നു എന്നതിൽ പണ്ഡിതന്മാർ ഏകോപിച്ചിട്ടുണ്ട്.”

“അല്ലാഹുവും റസൂലും കൽപിക്കാത്തതും, സ്വഹാബത്തിൽനിന്നും താബിഉകളിൽനിന്നും ആരും തന്നെ അനുവർത്തിക്കാത്തതും പ്രഗത്ഭരായ



ഇമാമുമാരിൽ ഒരാൾപോലും നല്ലതാണെന്ന് പറഞ്ഞിട്ടില്ലാത്തതുമായ കാര്യമാണിതെന്ന് ദീനിൽ അറിയപ്പെട്ടതാണ്.''

''വല്ല ആവശ്യമോ പ്രതിസന്ധിയോ ഉണ്ടായാൽ മുശ്‌രിക്കുകൾ മരിച്ചവരോടും മറഞ്ഞവരോടും 'എന്റെ നേതാവേ, ഞാൻ നിങ്ങളിലേക്ക് ആവശ്യക്കാരനാണ്,' അല്ലെങ്കിൽ 'എന്റെ ആവശ്യം നിറവേറ്റിത്തരണേ' എന്നൊക്കെ പറഞ്ഞിരുന്നതുപോലെ സ്വഹാബത്തും താബിഉകളും പറഞ്ഞിരുന്നില്ല.''

''നബിﷺയുടെ മരണശേഷം സ്വഹാബത്തിൽ നിന്ന് ആരുംതന്നെ അദ്ദേഹത്തോടോ മറ്റു നബിമാരോടോ ക്വബ്‌റിലുള്ളവരോടോ വിദൂരതയിലുള്ളവരോടോ ഇസ്തിഗാസ ചെയ്തിട്ടില്ല. മുശ്‌രിക്കുകളോടുള്ള യുദ്ധ സന്ദർഭങ്ങളിൽ ഒരുപാട് പ്രയാസങ്ങൾ അവർക്ക് നേരിടേണ്ടിവന്നിട്ടുപോലും അവർ നബിയോടോ മറ്റു സൃഷ്ടികളോടോ ഇസ്തിഗാസ നടത്തിയില്ല. അല്ലാഹുവിന് പുറമെ മറ്റുള്ള ആളുകളെക്കൊണ്ട് സത്യം ചെയ്തിട്ടുമില്ല. അമ്പിയാക്കളുടെ ക്വബ്‌റിങ്ങൽ ചെന്ന് പ്രാർഥിക്കുകയോ നമസ്‌കരിക്കുകയോ പോലും ചെയ്തിട്ടില്ല'' (അൽ ഇസ്തിഗാസഃ ഫീ റദ്ദി അലൽ ബക്‌രി/പേജ് 222,223).

ലേഖകൻ വീണ്ടും എഴുതുന്നു: ''മഹാന്മാരുടെ ഖബർ സിയാറത്ത് ചെയ്യുന്നതിലൂടെ ഭൗതികവും പാരത്രികവുമായ നിരവധി നേട്ടങ്ങൾ ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്. പാപികളുടെ ദോഷം പൊറുക്കപ്പെടാൻ നബിﷺയെ സമീപിക്കൽ അല്ലാഹു പ്രത്യേകം കൽപിക്കുന്നുണ്ട്. പാപമോചനത്തിനായി അല്ലാഹുവോട് ശിപാർശ പറയാൻ തിരുനബിﷺയോട് ആവശ്യപ്പെടുന്നതും അവിടുന്ന് അവർക്ക് വേണ്ടി ശിപാർശ പറയുന്നതും പാപം പൊറുത്തുകിട്ടാനുള്ള കാരണങ്ങളാണ്. അല്ലാഹു പറയുന്നു: 'അവർ സ്വശരീരങ്ങളെ അക്രമിച്ച അവസരത്തിൽ അവർ അങ്ങയുടെ സന്നിധിയിൽ വന്ന് അല്ലാഹുവോട് പൊറുക്കലിനെ തേടുകയും റസൂൽ അവർക്കുവേണ്ടി മാപ്പപേക്ഷിക്കുകയും ചെയ്തിരുന്നെങ്കിൽ ഏറ്റവും തൗബ സ്വീകരിക്കുന്നവനായും കരുണ ചെയ്യുന്നവനായും അല്ലാഹുവെ അവർ എത്തിക്കുമായിരുന്നു' (നിസാഅ് 64). വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങൾ ലോകാവസാനം വരെയുള്ള വിശ്വാസികൾക്ക് ബാധകമാണെന്നത് അവിതർക്കിതമാണല്ലോ. പക്ഷേ, കണ്ണടച്ച് ഇരുട്ടാക്കുക എന്നതാണല്ലോ പുത്തൻ വാദികളുടെ നയം. അതുകൊണ്ട് ഈ ആയത്തിനെതിരെയും ചില ആക്ഷേപങ്ങൾ അവർ ഉന്നയിക്കാറുണ്ട്''(പേജ് 17,18).

ഒരു ദിവസം നൂറിലധികം തവണ അല്ലാഹുവിന്റെ മുമ്പിൽ പാപമോചനം നടത്തിയ നബിﷺയുടെ പേരിലാണ് ഈ ദുഷ്പ്രചാരണം എന്നറിയുക. എത്ര സമർഥമായാണ് ഇദ്ദേഹം സത്യം മറച്ചുവെക്കുന്നത്! പാപമോചനത്തെക്കുറിച്ച് അല്ലാഹു പറയുന്നു:

''വല്ല നീചകൃത്യവും ചെയ്തുപോയാൽ, അഥവാ സ്വന്തത്തോടുതന്നെ വല്ല ദ്രോഹവും ചെയ്തു പോയാൽ അല്ലാഹുവെ ഓർക്കുകയും തങ്ങളുടെ പാപങ്ങൾക്ക് മാപ്പുതേടുകയും ചെയ്യുന്നവർക്ക് വേണ്ടി. പാപങ്ങൾ പൊറുക്കുവാൻ അല്ലാഹുവല്ലാതെ ആരാണുള്ളത്? ചെയ്തുപോയ (ദുഷ്)പ്രവർത്തിയിൽ അറിഞ്ഞുകൊണ്ട് ഉറച്ചുനിൽക്കാത്തവരുമാകുന്നു അവർ'' (ക്വുർആൻ 3:135).

മൂസാനബിعليه السلامയുടെ പ്രാർഥന ക്വുർആൻ പഠിപ്പിക്കുന്നു: ''അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവേ, തീർച്ചയായും ഞാൻ എന്നോട് തന്നെ അന്യായം ചെയ്തിരിക്കുന്നു. അതിനാൽ നീ എനിക്ക് പൊറുത്തുതരേണമേ. അപ്പോൾ അദ്ദേഹത്തിന് അവൻ പൊറുത്തുകൊടുത്തു. തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനും കരുണ ചൊരിയുന്നവനുമാകുന്നു'' (ക്വുർആൻ 28:16).

> **ഉമറിرضي الله عنهന്റെ കാലഘട്ടത്തിൽ തുസ്തർ പ്രദേശം വിജയിക്കപ്പെട്ടപ്പോൾ ദാനിയാൽ എന്നവരുടെ ക്വബ്ർ തുറക്കപ്പെടുകയുണ്ടായി. ജനങ്ങൾ അതുമുഖേന പരീക്ഷിക്കപ്പെട്ട് ശിർക്കിലകപ്പെടുമോ എന്ന ഭയത്താൽ അവരത് തിരിച്ചറിയാതിരിക്കാൻവേണ്ടി പകലിൽ വ്യത്യസ്തങ്ങളായ പത്ത് കുഴികൾ എടുക്കാനും രാത്രി അതിലൊന്നിലിട്ട് മൂടാനും എല്ലാ ക്വബ്‌റുകളും ഒരേ നിരപ്പാക്കാനും നിർദേശിക്കപ്പെടുകയുണ്ടായി. ഇമാം ബൈഹക്വി(റഹി) 'ദലാഇലുന്നുബൂഅ'യിലും ഇബ്‌നു കഥീർ(റഹി) 'അൽബിദായ വന്നിഹായ'യിലും ഇബ്‌നു തൈമിയ്യ(റഹി) 'അൽ ഇസ്തിഗാസ ഫി റദ്ദി അലൽബക്‌രി' എന്ന ഗ്രന്ഥത്തിലും ഇത് ഉദ്ധരിച്ചിട്ടുണ്ട്.**

ലേഖകൻ ഈ വചനത്തിന്റെ അവതരണ പശ്ചാത്തലത്തെ മറച്ചുവെച്ചു എന്നത് ശ്രദ്ധേയമാണ്. അൻസ്വാരിയായ ഒരു സ്വഹാബിയും ഒരു ജൂതനും തമ്മിൽ തർക്കമുണ്ടായപ്പോൾ നബിﷺ ജീവിച്ചിരിക്കെ ജൂതനായ കഅബ്ബ്നു അശ്റഫിലേക്ക് വിധിതേടി പോയതിലെ അപകടത്തെ ബോധ്യപ്പെടുത്തിക്കൊടുത്തതാണ് സംഭവം. ഇത് സമൂഹത്തിന് വിശദീകരിച്ച് കൊടുക്കുന്നവരെ 'ആയത്തിനെതിരെ ആക്ഷേപങ്ങൾ ഉന്നയിക്കുന്നവർ' എന്ന് കുറ്റപ്പെടുത്തുന്നത് അക്രമമല്ലേ? ദുർവ്യാഖ്യാന മികവ് ഒന്നുകൂടി തെളിയിച്ചു എന്നല്ലാതെ ഈ ആയത്തിന് ഇസ്തിഗാസയുമായി യാതൊരു ബന്ധവുമില്ല. തങ്ങളുടെ പിഴച്ചവാദം സ്ഥാപിച്ചെടുക്കാൻ ഈ ആയത്തിനെ തിരുത്തുകവരെ ചെയ്തവരാണിവർ.

നബിﷺ ജീവിച്ചിരിപ്പുള്ളതിനാൽ അനിവാര്യമായും ചെയ്യേണ്ടിയിരുന്ന ഈ കാര്യമാണ് ഇവർക്ക് തെളിവെങ്കിൽ അതനുസരിച്ച് മരണപ്പെട്ടവരോട് സഹായം തേടലിന്റെയും വിധി നിർബന്ധമാണെന്ന് പ്രഖ്യാപിക്കാൻ തയ്യാറാകുമോ?

ഈ ആയത്തിനെ വിശദീകരിച്ച അഹ്ലുസ്സുന്നയുടെ ഇമാമുമാർ ആരും കണ്ടെത്താത്ത ഒരു തെളിവ് ലേഖകൻ കണ്ടെത്തി എന്നത് വിചിത്രം തന്നെ. ഇമാമുമാരായ നവവി(റഹി), ഇബ്നു ഖുദാമ(റഹി), ഇബ്നു കഥീർ(റഹി) എന്നിവർ ഒരു 'സംഘം പറഞ്ഞു,' 'ഉദ്ധരിക്കപ്പെട്ടു'എന്നീ അസ്വീകാര്യതയെ അറീയിക്കുന്ന രൂപത്തിൽ പറഞ്ഞ, തീർത്തും ദുർബലമായ സംഭവത്തെയാണ് ഈ ആയത്തിന്റെ കൂടെ ഇവർ ഉയർത്തിക്കാണിക്കാറുള്ളത്. അവരാരുംതന്നെ അതിനെ ആധാരമാക്കി ഇത് നബിﷺയോടുള്ള ഇസ്തിഗാസയാണ് എന്ന് വിശ്വസിപ്പിക്കാൻ ഒരു വാക്കുകൊണ്ട് പോലും ശ്രമിച്ചിട്ടില്ല. അവരാരും ഈ ശിർക്ക് ചുമക്കുന്നവരുമല്ല.

ഉദ്ധരിച്ചവർ തന്നെയും സ്വീകാര്യത ഉറപ്പിക്കാത്ത ഒരു കഥയെ മുൻനിർത്തി ജനങ്ങളെ സത്യനിഷേധത്തിലേക്കും വഴികേടിലേക്കും നയിക്കുന്നതിൽ എന്തർഥമാണുള്ളത്? പ്രമാണങ്ങളിൽ സ്ഥിരപ്പെടാത്തത് ആരുടെ വാക്കിലുണ്ടെങ്കിലും അത് എടുക്കേണ്ടതില്ലെന്നതിൽ പണ്ഡിതന്മാർക്ക് ഭിന്നാഭിപ്രായമില്ലല്ലോ.

ഇമാം അബൂഹനീഫ(റഹി) പറയുന്നു: "പ്രവാചകനിൽനിന്നും സ്വഹാബത്തിൽനിന്നും ഹദീഥ് വന്നെത്തിയാൽ അതിനെ നിങ്ങൾ (നിസ്സംശയം) കണ്ണടച്ച് സ്വീകരിച്ചുകൊള്ളുക. താബിഉകളിൽനിന്ന് നിങ്ങൾക്ക് വല്ലതും വന്നെത്തിയാൽ (അപ്രകാരം പാടില്ല), കാരണം അവർ നമ്മെപോലെയുള്ളവർ തന്നെയാകുന്നു."

ഇമാം മാലിക്(റഹി) നബിﷺയുടെ ക്വബ്ർ ചൂണ്ടിക്കാണിച്ചു പറഞ്ഞു: "ഈ ക്വബ്റിന്റെ ഉടമയുടെതല്ലാതെ മറ്റാരുടെ അഭിപ്രായങ്ങളിലും തള്ളപ്പെടേണ്ടതുണ്ടാകും."

ഇമാം ശാഫിഈ(റഹി) പറഞ്ഞു: "ഒരാൾക്ക് പ്രവാചകന്റെ സുന്നത്ത് വ്യക്തമായാൽ മറ്റൊരാളുടെ അഭിപ്രായത്തിന് വഴങ്ങി ആ സുന്നത്തിനെ ഒഴിവാക്കൽ അയാൾക്ക് അനുവദനീയമല്ലെന്നതിൽ പണ്ഡിതന്മാർ ഏകോപിച്ചിട്ടുണ്ട്."

ഇമാം അഹ്മദുബ്നു ഹമ്പൽؒപറഞ്ഞു: "പരമ്പരയും സ്വീകാര്യതയും വ്യക്തമായിട്ടും സുഫ്യാൻ എന്ത് പറഞ്ഞു എന്ന് നോക്കുന്നവരുടെ കാര്യം അത്ഭുതകരം തന്നെ! അല്ലാഹു പറയുന്നു:



“ആകയാൽ അദ്ദേഹത്തിന്റെ കൽപനയ്ക്ക് എതിർ പ്രവർത്തിക്കുന്നവർ തങ്ങൾക്ക് വല്ല ആപത്തും (ഫിത്ന) വന്നുഭവിക്കുകയോ, വേദനയേറിയശിക്ഷ ബാധിക്കുകയോ ചെയ്യുന്നത് സൂക്ഷിച്ചുകൊള്ളട്ടെ” (ക്വുർആൻ 24:63). ഇവിടെ ‘ഫിത്ന’ എന്നത് ശിർക്കാകുന്നു. പ്രവാചക വചനത്തെ ആരെങ്കിലും നിരാകരിച്ചാൽ അതുമൂലം അവന്റെ ഹൃദയത്തിൽ വ്യതിചലനത്തിന്റ ഒരംശം സംഭവിക്കുകയും അത് അവനെ നാശത്തിലേക്ക് നയിക്കുകയും ചെയ്യും.”

സ്വഹാബത്തിന്റെയും താബിഉകളുടെയും പേരിൽ ലേഖകൻ അവാസ്തവം എഴുതിടുന്നത് കാണുക: “ആവശ്യനിർവഹണത്തിനു വേണ്ടി സ്വഹാബത്തും താബിഉകളും ഖബർ സിയാറത്ത് നടത്തിയിരുന്നതായി പ്രമാണങ്ങൾ പഠിപ്പിക്കുന്നുണ്ട്” (പേജ്,18)

ഉത്തമ തലമുറയിൽപെട്ടവരെ ആക്ഷേപിച്ചതുകൊണ്ടോ തെളിവില്ലാത്ത കാര്യം പറയുന്നതുകൊണ്ടോ ശിർക്ക് തൗഹീദാവില്ല. സ്വീകരിക്കപ്പെടാവുന്ന ഒരു സംഭവം പോലും ഇതിന് തെളിവായി ഉദ്ധരിക്കാൻ സാധ്യമല്ല.

അല്ലാഹു പറയുന്നു: “അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കാത്തവർ തന്നെയാണ് കള്ളം കെട്ടിച്ചമയ്ക്കുന്നത്. അവർ തന്നെയാണ് വ്യാജവാദികൾ” (ക്വുർആൻ 16:105).

ലേഖകൻ തുടരുന്നു: “ഇമാം ശാഫിഈ ﵀ തന്റെ ആവശ്യനിർവഹണത്തിനായി ഇമാം അബൂഹനീഫ ﵀ യുടെ ഖബ്റിങ്കൽ വന്ന് അവിടുത്തെ മധ്യവർത്തിയാക്കി പ്രാർഥിക്കാറുണ്ടായിരുന്നു” (പേജ് 18).

ഈ കഥ മുക്റം ഇബ്നു അഹ്മദ് തന്റെ ‘മനാഖിബു അബീഹനീഫ’ എന്ന ഗ്രന്ഥത്തിലും (ഇത് ധാരാളം കളവുകൾ നിറഞ്ഞ ഗ്രന്ഥമാണെന്ന് ഇമാം ബൈഹക്വി പറഞ്ഞിട്ടുണ്ട്) ഖതീബുൽ ബാഗ്ദാദി അദേഹത്തിന്റെ താരീഖു ബാഗ്ദാദിലും ഉദ്ധരിച്ചതാണ്. ഇതിന്റെ പരമ്പരയിലുള്ള ഉമർ ഇബ്നു ഇസ്ഹാക്അറിയപ്പെടാത്ത വ്യക്തിയാണ്. അലിയ്യുബ്നു മൈമൂൻ ഇമാം ശാഫിഈ ﵀ യിൽ നിന്ന് ഇത് കേട്ടു എന്ന് ആരും സ്ഥിരപ്പെടുത്തിയിട്ടില്ല.

മാത്രവുമല്ല; ഹിജാസ്, യമൻ, മിസ്ർ, ശാം, ഇറാക്വ് എന്നീ നാടുകളിൽ ഇമാം അബൂ ഹനീഫ(റഹി)യെക്കാൾ ശ്രേഷ്ഠരായവരുടെ ക്വബ്റുകൾ ഇമാം ശാഫിഈ(റഹി) കണ്ടിട്ടുണ്ട്. അവരെയൊന്നും അദ്ദേഹം മധ്യവർത്തികളാക്കി തേടിയതിന് തെളിവൊന്നുമില്ല. ഇബ്നു തൈമിയ്യ ﵀ തന്റെ ഇക്ത്തിദാഉൽ പറഞ്ഞു: “നിശ്ചയം, ഇതുപോലുള്ളത് ഉദ്ധരിക്കുക ദീനും അറിവും കുറഞ്ഞവരാണ്.”

> **നബിചര്യയിൽപെട്ട ക്വബ്ർ സിയാറത്തിൽ ക്വബ്റാളിയോട് ശുപാർശ തേടലും ഇസ്തിഗാസ നടത്തലും അവരെക്കൊണ്ട് പുണ്യമെടുക്കലും കാണുവാൻ സാധ്യമല്ല. ക്വബ്റുകൾ സന്ദർശിച്ച വേളയിൽ നബി ﷺ യോ അനുചരന്മാരോ ഇങ്ങനെ ചെയ്തതായി കാണുകയില്ല. ക്വബ്റുകൾ ആരാധിക്കപ്പെടുന്നത് ശക്തമായിത്തന്നെ എതിർക്കുകയാണ് നബി ﷺ ചെയ്തിട്ടുള്ളത്. ഇത്തരം ശിർക്കൻ പ്രവണതകളെ പുരോഹിതന്മാർ മതമാക്കി അവതരിപ്പിക്കുന്നത് അവരുടെ താൽപര്യം നേടാനാണ്. മരണചിന്ത, പരലോകത്തെ ഓർക്കൽ, മരണപ്പെട്ടയാൾക്കുവേണ്ടി പ്രാർഥിക്കൽ തുടങ്ങിയ, സന്ദർശനത്തിന്റെ യഥാർഥ ലക്ഷ്യങ്ങളെ നിസ്സാരമാക്കലും ലക്ഷ്യങ്ങളിൽ പെടാത്തവയെ ശ്രേഷ്ഠമാക്കി കാണിക്കലുമാണ് പുരോഹിതന്മാർ ചെയ്യുന്നത്.**

ലേഖകൻ തന്റെ എഴുത്ത് അവസാനിപ്പിക്കുന്നത് ഇങ്ങനെയാണ്: “ഇങ്ങനെ സഹായം പ്രതീക്ഷിച്ച് മഹാത്മാക്കളുടെ ഖബ്റിടം സന്ദർശിച്ചത് ഇസ്‌ലാമിക ചരിത്രത്തിൽ അനേകം കാണാൻ കഴിയും. പ്രമാണങ്ങൾ അതിന് പ്രചോദനം നൽകിയിട്ടേയുള്ളൂ” (പേജ് 18).

ആരാണ് സഹായം പ്രതീക്ഷിച്ച് മഹാത്മാക്കളുടെ ക്വബ്റിടം സന്ദർശിച്ചത്? പ്രവാചകനോ അനുചരന്മാരോ ചെയ്തിട്ടില്ല. ‘ആരെങ്കിലും’ ചെയ്തിട്ടുണ്ടെങ്കിൽ അതെങ്ങനെ ഇസ്‌ലാമികമാകും? ഇസ്‌ലാമിക പ്രമാണങ്ങൾ പ്രചോദനം നൽകുന്നു എന്നത് തികച്ചും വ്യാജമാണ്. ശിയാ, സ്വൂഫി ചരിത്രത്തെയും വിശ്വാസങ്ങളെയും മതമാക്കാനും പരിശുദ്ധമാക്കാനുമുള്ള ശ്രമത്തിന്റെ ഭാഗമാണ് ഇതെല്ലാം.

അല്ലാഹു പറയുന്നു: “...പറയുക: അവൻ ഏകദൈവം മാത്രമാകുന്നു. നിങ്ങൾ (അവനോട്) പങ്ക് ചേർക്കുന്നതുമായി എനിക്ക് യാതൊരു ബന്ധവുമില്ല” (ക്വുർആൻ 6:19).

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com

ലേഖനം



# ദൈവവിശ്വാസം അലങ്കാരമല്ല; സംസ്‌കാരമാണ്

വിവിധ മതങ്ങളിൽ കഴിഞ്ഞുകൂടുന്നവരാണെങ്കിലും ആത്യന്തികമായി മനുഷ്യരെല്ലാം ദൈവവിശ്വാസികളാണ്. ദൈവവിശ്വാസത്തിന്റെ വ്യാഖ്യാനങ്ങളിലാണ് മതവിശ്വാസികളുടെ അഭിപ്രായവ്യത്യാസം നിലനിൽക്കുന്നത്. മാനവസമുദായത്തെയും ഇതര ജന്തുജാലങ്ങളെയും പ്രകൃതി പ്രതിഭാസങ്ങളെയും സൃഷ്ടിച്ചവനാണ് യഥാർഥ ദൈവമെന്ന ധാരണയാണ് പൊതുവിൽ മതവിശ്വാസികൾക്കുള്ളത്. പ്രവാചകന്മാർ വഴിയും വേദഗ്രന്ഥങ്ങൾ വഴിയും മനുഷ്യരുടെ വിശേഷബുദ്ധി വഴിയും മനുഷ്യമസ്തിഷ്‌ക്കങ്ങളിൽ സ്ഥിരപ്രതിഷ്ഠ നേടിയ വി

ശ്വാസമാണത്. മനുഷ്യരെല്ലാവരും ഒരേ സ്രഷ്ടാവിന്റെ സൃഷ്ടികളാണെന്ന കാഴ്ചപ്പാട് മനുഷ്യർക്കിടയിൽ അവർ ഏകോദര സഹോദരങ്ങളാണെന്ന ബോധ്യം വളർത്തുന്നു. അത്തരമൊരു ബോധ്യം ജാതീയതയെ തകർക്കുന്നു. പണക്കാരനും പണിക്കാരനും തമ്മിലുള്ള അന്തരം ഇല്ലാതാക്കുന്നു. വർണത്തിന്റെയും കുലത്തിന്റെയും പേരിലുള്ള ആഭിജാത്യങ്ങളെ നിർവീര്യമാക്കുന്നു. സ്രഷ്ടാവിനെ വണങ്ങി, പ്രതിസന്ധി ഘട്ടങ്ങളിലും അല്ലാത്തപ്പോഴും അവങ്കലേക്ക് കൈകളുയർത്തി സമസൃഷ്ടികളെ സ്നേഹിച്ച് കഴിയുമ്പോൾ മനുഷ്യരിൽ ഏകമാനവതയും പരസ്പര ബഹുമാനവും വളരുന്നു. വർഗീയവാദം അവരിൽ നിന്ന് പാടേ ഇല്ലാതാകുന്നു.

## മനുഷ്യർ ഏകസമുദായം

ക്വുർആൻ പറയുന്നു: "തീർച്ചയായും ഇതാണ് നിങ്ങളുടെ സമുദായം, ഏകസമുദായം. ഞാനാണ് നിങ്ങളുടെ രക്ഷിതാവ്. അതിനാൽ നിങ്ങൾ എന്നെ സൂക്ഷിച്ചു ജീവിക്കുവിൻ. എന്നാൽ മനുഷ്യർ കക്ഷികളായി പിരിഞ്ഞുകൊണ്ട് തങ്ങളുടെ കാര്യത്തിൽ പരസ്പരം ഭിന്നിക്കുകയാണുണ്ടായത്. ഓരോ കക്ഷിയും തങ്ങളുടെ പക്കലുള്ളതുകൊണ്ട് സംതൃപ്തി അടയുന്നവരാകുന്നു" (23:52,53).

മാനവസമുദായം ഏകസമുദായമാണെന്നാണ് ക്വുർആനിന്റെ കാഴ്ചപ്പാട്. സ്രഷ്ടാവിനെ സൂക്ഷിച്ചും ആരാധിച്ചും ജീവിക്കുന്നതിന് പകരം പരസ്പരം കക്ഷികളും മതങ്ങളുമായി പിരിയുകയാണ് മനുഷ്യർ ചെയ്തിട്ടുള്ളത്. ക്വുർആൻ പഠിപ്പിക്കുന്ന, ദൈവാർപ്പണം എന്ന് അർഥംവരുന്ന 'ഇസ്‌ലാം' എന്നതിന്റെ വിശാലാർഥം സ്രഷ്ടാവിനെ അറിഞ്ഞ്, അവനെ മാത്രം ആരാധിച്ച്, അവന്റെ നിയമങ്ങൾക്ക് വിധേയനായി ജീവിക്കുക എന്നതാണ്. എല്ലാവർക്കും സമാധാനവും ശാന്തിയും നേർന്ന്, എല്ലാവർക്കും സേവനം ചെയ്ത് നന്മകളെ ധാരാളം ജീവിതത്തിലേക്ക് കൊണ്ടുവരിക എന്നതാണ് അതിന്റെ അന്തിമഫലം. എന്നാൽ ഇസ്‌ലാം എന്ന സുന്ദരമായ ആശയത്തെ വെറുപ്പും അസഹിഷ്ണുതയും വളർത്തിക്കൊണ്ടുള്ള കക്ഷിത്വം നിറഞ്ഞ ഒരു 'പാർട്ടി' എന്ന നിലക്ക് അതിന്റെ വക്താക്കളെന്ന് അവകാശപ്പെടുന്ന ചിലർ കാണുന്നു. അങ്ങനെ അവരുടെ വീക്ഷണത്തിലുള്ള 'ഇസ്‌ലാമിനെ' സംരക്ഷിക്കാൻ അവർ ഇസ്‌ലാം അനുവദിക്കാത്ത പകയും വിദ്വേഷവും ശത്രുതയും ഉപയോഗിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

## ശത്രുതകൾ അവസാനിപ്പിക്കുക

വാക്കുകൾകൊണ്ടും നോക്കുകൾകൊണ്ടും ഒരാളെപ്പോലും നോവിക്കരുതെന്നാണ് ദൈവവിശ്വാസത്തിന്റെ യഥാർഥ സന്ദേശം. ഒരാളും മറ്റൊരാളുടെ ശത്രുവല്ല. മനുഷ്യന് ഒരു ശത്രുവുണ്ടെങ്കിൽ അത് മനുഷ്യരെ ദുർമാർഗത്തിലേക്ക് നയിക്കുന്ന പിശാചുക്കൾ മാത്രമാണ്. മനുഷ്യർക്കിടയിൽ ഉണ്ടാവുന്ന അഭിപ്രായ വ്യത്യാസങ്ങളുടെ പേരിൽ, അത് മതത്തിന്റെയോ ദേശത്തിന്റെയോ കുടുംബത്തിന്റെയോ മറ്റേതെങ്കിലും കാരണങ്ങളുടെയോ പേരിൽ ആയിരുന്നാലും മനുഷ്യർക്കിടയിൽ രൂപപ്പെടുന്ന അഭിപ്രായാന്തരങ്ങൾ ആത്യന്തിക ശത്രുതയല്ല. കാലാകാലങ്ങളിലും അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാവണമെന്നും അതുവഴി മനുഷ്യർക്കിടയിൽ ശത്രുതയുണ്ടാവണമെന്നും ഒരു യഥാർഥ

**മാനവസമുദായം ഏകസമുദായമാണെന്നാണ് ക്വുർആനിന്റെ കാഴ്ചപ്പാട്. സ്രഷ്ടാവിനെ സൂക്ഷിച്ചും ആരാധിച്ചും ജീവിക്കുന്നതിന് പകരം പരസ്പരം കക്ഷികളും മതങ്ങളുമായി പിരിയുകയാണ് മനുഷ്യർ ചെയ്തിട്ടുള്ളത്. ക്വുർആൻ പഠിപ്പിക്കുന്ന, ദൈവാർപ്പണം എന്ന് അർഥംവരുന്ന 'ഇസ്‌ലാം' എന്നതിന്റെ വിശാലാർഥം സ്രഷ്ടാവിനെ അറിഞ്ഞ്, അവനെ മാത്രം ആരാധിച്ച്, അവന്റെ നിയമങ്ങൾക്ക് വിധേയനായി ജീവിക്കുക എന്നതാണ്. എല്ലാവർക്കും സമാധാനവും ശാന്തിയും നേർന്ന്, എല്ലാവർക്കും സേവനം ചെയ്ത് നന്മകളെ ധാരാളം ജീവിതത്തിലേക്ക് കൊണ്ടുവരിക എന്നതാണ് അതിന്റെ അന്തിമഫലം. എന്നാൽ ഇസ്‌ലാം എന്ന സുന്ദരമായ ആശയത്തെ വെറുപ്പും അസഹിഷ്ണുതയും വളർത്തിക്കൊണ്ടുള്ള കക്ഷിത്വം നിറഞ്ഞ ഒരു 'പാർട്ടി' എന്ന നിലക്ക് അതിന്റെ വക്താക്കളെന്ന് അവകാശപ്പെടുന്ന ചിലർ കാണുന്നു. അങ്ങനെ അവരുടെ വീക്ഷണത്തിലുള്ള 'ഇസ്‌ലാമിനെ' സംരക്ഷിക്കാൻ അവർ ഇസ്‌ലാം അനുവദിക്കാത്ത പകയും വിദ്വേഷവും ശത്രുതയും ഉപയോഗിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.**

ദൈവവിശ്വാസി ആഗ്രഹിക്കാൻ പാടില്ല. എവിടെയെങ്കിലും ശത്രുതയുടെ കനൽ ഉണ്ടെങ്കിൽ അതിനെ ഊതിക്കത്തിക്കുവാനല്ല, ഊതിക്കെടുത്തുവാനാണ് മനസ്സിൽ യഥാർഥ ദൈവവിശ്വാസം സൂക്ഷിച്ചുവെച്ചിട്ടുള്ള ഒരാൾ ചെയ്യേണ്ടത്.

ക്വുർആൻ പറയുന്നു: "നല്ലതും ചീത്തയും സമമാവുകയില്ല. ഏറ്റവും നല്ലത് ഏതോ അത്കൊണ്ട് നീ പ്രതിരോധിക്കുക. അപ്പോൾ ഏതൊരുവനും നീയും തമ്മിൽ ശത്രുതയുണ്ടോ അവനതാ നിന്റെ ഉറ്റബന്ധു എന്നോണം ആയിത്തീരുന്നു" (41:34).

എന്നാൽ ഈ ഗുണം കേവലം ഒരാൾ വിശ്വാസിയാണെന്ന് പറയുന്നതുകൊണ്ടോ ഇസ്‌ലാമിക കുടുംബങ്ങളിൽ ജനിച്ചതുകൊണ്ടോ ലഭ്യമാവില്ല. തുടർന്നുള്ള വചനത്തിൽ നാം കാണുന്നത് ഇങ്ങനെയാണ്: "ക്ഷമ കൈക്കൊണ്ടവർക്കും വമ്പിച്ച ഭാഗ്യമുള്ളവനുമല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല."ക്ഷമയും ആത്മസംയമനവും യഥാർഥ ദൈവവിശ്വാസത്തിന്റെ ഭാഗമായി ഉണ്ടായിത്തീരുന്ന ഗുണങ്ങളാണ്. അതിനു വിപരീതമായി ശത്രുതയും പകയും വിദ്വേഷവും ജനിപ്പിക്കുന്നത് പൈശാചിക ശക്തികളാണ്. അതിൽനിന്നും എപ്പോഴും സ്വന്തത്തെ സംരക്ഷിച്ചുനിർത്തുന്നവനാണ് യഥാർഥ വിശ്വാസി. അതുതന്നെയാണ് തുടർന്നുകൊണ്ട് ക്വുർആൻ പറയുന്നത്: "പിശാചിൽനിന്നുള്ള വല്ല ദുഷ്പ്രേരണയും നിന്നെ വ്യതിചലിപ്പിച്ചുകളയുന്ന പക്ഷം അല്ലാഹുവോട് നീ ശരണം തേടിക്കൊള്ളുക. തീർച്ചയായും അവൻ തന്നെയാകുന്നു എല്ലാം കേൾക്കുന്നവനും അറിയുന്നവനും" (41:36).

## ചിന്താസ്വാതന്ത്ര്യം പ്രകൃതിപരം

അഭിപ്രായവ്യത്യാസങ്ങളും മതങ്ങളും മനുഷ്യരുടെ സ്വാഭാവിക പ്രകൃതിയുടെ ഭാഗമായി രൂപപ്പെട്ടതാണ്. മനുഷ്യരുടെ ചിന്തകളും കാഴ്ചപ്പാടുകളും വ്യത്യസ്തമാണ് എന്നതുകൊണ്ടുതന്നെ അവയിൽ ശരിതെറ്റുകൾ ഉണ്ടാകാവുന്നതാണ്. എല്ലാ മനുഷ്യരും ഒരുപോലെ ചിന്തിക്കുന്ന വിധത്തിലല്ല സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ക്വുർആൻ പറയുന്നു: "നിന്റെ രക്ഷിതാവ് ഉദ്ദേശിച്ചിരുന്നെങ്കിൽ മനുഷ്യരെ അവൻ ഒരൊറ്റ സമുദായമാക്കുമായിരുന്നു. എന്നാൽ അവർ ഭിന്നിച്ചുകൊണ്ടേയിരിക്കുന്നതാണ്. നിന്റെ രക്ഷിതാവ് കരുണ ചെയ്തവരൊഴികെ. അതിന്നുവേണ്ടിയാണ് അവൻ അവരെ സൃഷ്ടിച്ചത്" (11:118).

## മറ്റുള്ളവരുടെ ആരാധ്യരെ ശകാരിക്കരുത്

ഭിന്നതയുടെ പേരിൽ പരസ്പരം ശത്രുത സൃഷ്ടിക്കുന്ന പ്രവണത ഒരു യഥാർഥ വിശ്വാസിയുടേതല്ല. തന്റെ മതം സ്വീകരിക്കാത്തവരെയോ അവരുടെ ആരാധ്യന്മാരെയോ ഒരിക്കലും ആക്ഷേപിച്ചു സംസാരിക്കാൻ പാടില്ല എന്നത് ദൈവിക നിയമമാണ്. ക്വുർആൻ പറയുന്നു: "അല്ലാഹുവിനു പുറമെ അവർ വിളിച്ച് പ്രാർഥിക്കുന്നവരെ നിങ്ങൾ ശകാരിക്കരുത്" (6:108). 'നിങ്ങൾക്ക് നിങ്ങളുടെ മതം; എനിക്ക് എന്റെ മതം' (109:6) എന്ന് പ്രഖ്യാപിക്കാനാണ് മുഹമ്മദ് നബിﷺയോട് അല്ലാഹു കൽപിച്ചിട്ടുള്ളത്. എന്നാൽ പലപ്പോഴും മറ്റുള്ളവരെ ആക്ഷേപിക്കുന്നതിലാണ് പലർക്കും താൽപര്യമുള്ളത്. ആക്ഷേപിച്ചും പരിഹസിച്ചും തെറ്റിദ്ധരിപ്പിച്ചും തർക്കിച്ച് ജയിക്കുക എന്നത് ചില മതപ്രബോധനങ്ങളുടെ അവിഭാജ്യ ചേരുവയായി മാറിയിരിക്കുന്നു. സ്വന്തം ആദർശത്തിന്റെ മഹിമ ഒരാൾക്ക് ബോധ്യമാണെങ്കിൽ മറ്റുള്ളവരെ കുറിച്ച് അയാൾക്ക് ആക്ഷേപിക്കേണ്ടിവരില്ല. ക്വുർആൻ മതപ്രബോധനത്തിന്റെ മൂന്നു രീതികളെക്കുറിച്ച് പറയുന്നുണ്ട്. വൈജ്ഞാനിക സംവേദനം, സദുപദേശങ്ങൾ, സംവാദം എന്നിവയാണത്.



### സംവാദങ്ങൾ സംഘർഷങ്ങളാകരുത്

ആദ്യത്തെ രണ്ടിനങ്ങളെക്കാൾ പല പ്രബോധകർക്കും അനുവാചകർക്കും താൽപര്യം മൂന്നാമത്തെ ഇനമാണ്. കാരണം അത് സംഘർഷാത്മകമാണ്. അതിൽനിന്നും തിരിച്ചും മറിച്ചും വരുന്ന പ്രയോഗങ്ങളും ആക്ഷേപങ്ങളും ഇകഴ്ത്തലും ഒരു 'സംഘർഷ സിനിമ' കാണുന്ന പ്രതീതി ജനിപ്പിക്കുന്നു. അതുകൊണ്ടുതന്നെ ഇങ്ങനെയുള്ള സംവാദങ്ങൾ വീണ്ടും വീണ്ടും കാണുവാനും കേൾക്കുവാനും ആളുകൾ ഇഷ്ടപ്പെടുന്നു.

### സംവാദങ്ങൾ വർഗീയതയ്ക്ക് വളമാകരുത്

എന്നാൽ ക്വുർആൻ സംവാദത്തെ പ്രോത്സാഹിപ്പിച്ചിട്ടുണ്ടോ? അനിവാര്യമായ ഘട്ടങ്ങളിൽ മാത്രമാണ് സംവാദത്തെ ക്വുർആൻ അനുവദിക്കുന്നത്. തികച്ചും വൈജ്ഞാനികമായ അന്വേഷണത്തെ ലക്ഷ്യമാക്കിക്കൊണ്ടുള്ള സംവാദങ്ങളെയാണ് ക്വുർആൻ അംഗീകരിച്ചിട്ടുള്ളത്. 'വ ജാദിൽഹും ബില്ലതീ ഹിയ അഹ്സൻ' അഥവാ 'ഏറ്റവും നല്ലരൂപത്തിൽ മാത്രം സംവാദത്തിൽ ഏർപ്പെടുക' എന്നാണ് ക്വുർആൻ പറയുന്നത്. അതുകൊണ്ടാണ് 'വേദക്കാരായ ക്രിസ്ത്യാനികളോടും യഹൂദരോടും ഏറ്റവും നല്ല രീതിയിലല്ലാതെ നിങ്ങൾ സംവാദം നടത്തരുത്' (29:46) എന്ന് കൽപിച്ചത്. അതുകൊണ്ടാണ് പ്രവാചകനുമായി തർക്കത്തിന് മുതിർന്ന വേദക്കാരോട് ക്വുർആൻ ഇങ്ങനെ ചോദിച്ചത്: "...നിങ്ങൾക്ക് അറിവില്ലാത്ത വിഷയത്തിൽ നിങ്ങളെന്തിന് തർക്കിക്കുന്നു?...'' (3:66). അനാവശ്യമായ തർക്കമല്ല വൈജ്ഞാനികമായ സംവാദം. വൈജ്ഞാനികമായ സംവാദത്തിന്റെ ലക്ഷ്യം പറയാനുള്ള കാര്യങ്ങൾ വ്യക്തമാക്കി പറയുക എന്നതാണ്. തോൽപിക്കുകയോ ഉത്തരം മുട്ടിക്കുകയോ അല്ല. അറിയുകയും അറിയിക്കുകയും ചെയ്യുക എന്നതാണ്. സംവാദങ്ങൾ അവയുടെ യഥാർഥ ലക്ഷ്യത്തിൽനിന്നും തെറ്റിയാൽ പിന്നീട് സംഭവിക്കുന്നത് വാദിച്ചു ജയിക്കുവാനുള്ള ത്വരയാണ്. അത് കള്ളം പറയാനും മറുകക്ഷിയെ ഇകഴ്ത്താനും പ്രേരിപ്പിക്കും. വർഗീയമായ ചിന്തകൾ അത് വളർത്തിയെടുക്കും. സ്വന്തം കക്ഷിയെ അനീതിയിലും അക്രമത്തിലും സഹായിക്കാൻ അത് കാരണമാകും. ഇത്തരം വർഗീയതയെ ഏറ്റവും വലിയ രീതിയിൽ പ്രവാചകൻﷺ താക്കീത് ചെയ്തിട്ടുണ്ട്. അത് യഥാർഥ ദൈവവിശ്വാസത്തെ പ്രതിനിധീകരിക്കുന്നില്ല.


### ദൈവവിശ്വാസം അലങ്കാരമല്ല; സംസ്കാരമാണ്

മനുഷ്യർ ഏതൊക്കെ തരത്തിലുള്ളവരായാലും അവർ സ്നേഹത്തോടെ കഴിയണം എന്നതാണ് ദൈവികമതത്തിന്റെ അന്തസ്സാരം. പരസ്പരം വിദ്വേഷം ജനിപ്പിക്കുന്നതും ജനങ്ങൾക്കിടയിൽ മാനസികമായ അകൽച്ച സൃഷ്ടിക്കുന്നതുമായ പ്രവർത്തനങ്ങൾ എത്ര ഉന്നതർ നടത്തിയാലും അവർ യഥാർഥ ദൈവവിശ്വാസികളാവില്ല. കാരണം അവർക്ക് ദൈവത്തെ ഭയമില്ല എന്നതുതന്നെ. ദൈവഭയമുള്ളവർ കുഴപ്പങ്ങൾക്കും തെറ്റിദ്ധരിപ്പിക്കലുകൾക്കും കൂട്ടുനിൽക്കില്ല. ദൈവവിശ്വാസം ഒരു അലങ്കാരമല്ല. മറിച്ച് അതൊരു സംസ്കാരമാണ്. 'ഒരാൾ മറ്റൊരാളെ വെറുക്കരുത്, ഒരാൾ മറ്റൊരാൾക്ക് മേൽ അസൂയ പുലർത്തരുത്, ഒരാൾ മറ്റൊരാളെ പരിത്യജിക്കരുത്' തുടങ്ങിയ ദൈവിക ബോധനങ്ങളെ ഉൾക്കൊണ്ടവനായിരിക്കും യഥാർഥ വിശ്വാസി. സ്വകാര്യപ്രബോധനത്തിലായിരുന്നാലും പരസ്യ പരിപാടികളിലായിരുന്നാലും ജനങ്ങൾക്കിടയിൽ വെറുപ്പും സംശയങ്ങളും സൃഷ്ടിക്കുന്ന സംസാരങ്ങൾ ഏതു ഉന്നത പണ്ഡിതൻ നടത്തിയാലും അയാളിൽ 'ജാഹിലിയ്യത്ത്' മാത്രമാണുള്ളതെന്നും യഥാർഥ ദൈവവിശ്വാസത്തിന്റെ മാധുര്യം നുകരാൻ അയാൾക്ക് സാധിച്ചില്ലെന്നുമാണ് മനസ്സിലാക്കേണ്ടത്. ഏതു മതത്തിൽ പെട്ടവരായിരുന്നാലും അത്തരത്തിലുള്ളവരെ പൊതുസമൂഹം തള്ളിക്കളയുകയാണ് വേണ്ടത്.

**മനുഷ്യർ ഏതൊക്കെ തരത്തിലുള്ളവരായാലും അവർ സ്നേഹത്തോടെ കഴിയണം എന്നതാണ് ദൈവികമതത്തിന്റെ അന്തസ്സാരം. പരസ്പരം വിദ്വേഷം ജനിപ്പിക്കുന്നതും ജനങ്ങൾക്കിടയിൽ മാനസികമായ അകൽച്ച സൃഷ്ടിക്കുന്നതുമായ പ്രവർത്തനങ്ങൾ എത്ര ഉന്നതർ നടത്തിയാലും അവർ യഥാർഥ ദൈവവിശ്വാസികളാവില്ല. കാരണം അവർക്ക് ദൈവത്തെ ഭയമില്ല എന്നതുതന്നെ. ദൈവഭയമുള്ളവർ കുഴപ്പങ്ങൾക്കും തെറ്റിദ്ധരിപ്പിക്കലുകൾക്കും കൂട്ടുനിൽക്കില്ല. ദൈവവിശ്വാസം ഒരു അലങ്കാരമല്ല. മറിച്ച് അതൊരു സംസ്കാരമാണ്.**

ശമീർ മദീനി
shameermadeeni@gmail.com

വിവർത്തനം



# ആരാധനകൾക്ക് ഒരാമുഖം

22

**നാ**ൽപത്തിയൊന്ന്: സാത്വികരായ ആളുകൾ ഉത്സാഹം കാണിച്ചതായ ഉന്നത അവസ്ഥകളും മഹത്തായ അറിവുകളും കായ്ക്കുന്ന ഫലവത്തായ വൃക്ഷമാണ് 'ദിക്ർ.' ദിക്റാകുന്ന പ്രസ്തുത മരത്തിൽ നിന്നല്ലാതെ ആ ഫലങ്ങൾ നേടാൻ മറ്റു വഴികളില്ല. ആ വൃക്ഷത്തിന്റെ മുരട് ശക്തമായി ഉറക്കുകയും അത് വളർന്നു വലുതാവുകയും ചെയ്യുമ്പോൾ അത് ഏറ്റവും നല്ല ഫലം നൽകും. തൗഹീദിലേക്കുള്ള ഉണർവും ഉന്മേഷവും പോലുള്ള ഉന്നതമായ സ്ഥാനങ്ങളെല്ലാം ദിക്ർ സമ്മാനിക്കും. അതാണ് എല്ലാ സ്ഥാനങ്ങളുടെയും അടിത്തറ. എല്ലാ സ്ഥാനമാനങ്ങളും പടുത്തുയർത്തുന്ന അസ്തിവാരവും അതാണ്. ഏതൊരു മതിൽക്കെട്ടും അതിന്റേതായ അസ്തിവാരത്തിൽ പടുത്തുയർത്തുന്നത് പോലെ. ആ ഭിത്തിക്ക് മേലെയാണല്ലോ പിന്നീട് അതിന്റെ മേൽക്കൂരയും നിൽക്കുന്നത്. അതായത് ഒരാൾ തന്റെ ആലസ്യ

ത്തിൽനിന്ന് ഉണർന്നെഴുന്നേറ്റില്ലെങ്കിൽ തനിക്ക് സഞ്ചരിക്കേണ്ടതായ വഴികൾ താണ്ടാൻ അയാൾക്ക് കഴിയുകയില്ല. മുമ്പ് പറഞ്ഞതുപോലെ ആ ഉണർന്നെഴുന്നേൽപിന് ദിക്റിലൂടെയല്ലാതെ സാധിക്കുകയില്ല. ദിക്റിൽനിന്ന് അകന്നുകൊണ്ടുള്ള അശ്രദ്ധ (ഗഫ്‌ലത്ത്) ഹൃദയത്തിന്റെ ഉറക്കമോ അല്ലെങ്കിൽ അതിന്റെ മരണമോ ആണ്.

നാൽപത്തിരണ്ട്: ദിക്ർ ചെയ്യുന്നവൻ ദിക്ർ ചെയ്യപ്പെടുന്നവനോട് (അല്ലാഹുവിനോട്) ഏറെ അടുത്തയാൾ ആയിരിക്കും. അല്ലാഹു അയാളുടെ കൂടെയുണ്ടാകും. ഈ 'കൂടെയുണ്ടാകൽ' (മഇയ്യത്ത്) എല്ലാവർക്കുമുള്ള, അല്ലാഹുവിന്റെ അറിവും സാക്ഷ്യവുംകൊണ്ടുള്ള 'കൂടെയാവൽ' അല്ല. പ്രത്യുത അത് ഒരു പ്രത്യേകതരം കൂടെയുണ്ടാകലാണ്. അതായത് അടുപ്പത്തിന്റെയും ബന്ധത്തിന്റെയും ഇഷ്ടത്തിന്റെയും സഹായത്തിന്റെയും അനുഗ്രഹത്തിന്റെയും ഒക്കെയായ പ്രത്യേകതരം കൂടെയുണ്ടാകലാണ്. അല്ലാഹു പറഞ്ഞതുപോലെ: "തീർച്ചയായും അല്ലാഹു സൂക്ഷ്മത പാലിച്ചവരോടൊപ്പമാകുന്നു. സദ്‌വൃത്തരായിട്ടുള്ളവരോടൊപ്പവും" (ക്വുർആൻ 16:128). "...അല്ലാഹു ക്ഷമിക്കുന്നവരുടെ കൂടെയാകുന്നു" (ക്വുർആൻ 2:249). "തീർച്ചയായും അല്ലാഹു സദ്‌വൃത്തരോടൊപ്പമാകുന്നു" (29:69). "...അവർ രണ്ടുപേരും (നബിയും അബൂബക്കറും) ആ ഗുഹയിലായിരുന്നപ്പോൾ അല്ലാഹു അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്. അദ്ദേഹം തന്റെ കൂട്ടുകാരനോട്, ദുഃഖിക്കേണ്ട, തീർച്ചയായും അല്ലാഹു നമ്മുടെ കൂടെയുണ്ട് എന്ന് പറഞ്ഞസന്ദർഭം..."(ക്വുർആൻ 9:40).

ദിക്ർ ചെയ്യുന്നവർക്ക് ഈ 'കൂടെയുണ്ടാവലി'ന്റെ നല്ലൊരു വിഹിതം ലഭിക്കുന്നതാണ്. അല്ലാഹു പറഞ്ഞതായി ഒരു ഹദീസിൽ വന്നതുപോലെ: "എന്റെ അടിമ എന്നെ സ്മരിച്ചുകൊണ്ട് തന്റെ ചുണ്ടുകൾ ചലിപ്പിക്കുന്ന സമയമത്രയും ഞാൻ എന്റെ അടിമയോടൊപ്പം ഉണ്ടായിരിക്കും" (ബുഖാരി അനുബന്ധമായി തന്റെ സ്വഹീഹിലും സനദ് സഹിതം 'ഖൽക്വു അഫ്ആലിൽ ഇബാദി'ലും ഈ ഹദീസ് ഉദ്ധരിച്ചിട്ടുണ്ട്. കൂടാതെ ഇബ്നുമാജയും ഇമാം അഹ്മദും ഇബ്നുഹിബ്ബാനും ഹാകിമും മറ്റും ഇത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്).

മറ്റൊരു ഹദീസിൽ ഇങ്ങനെ കാണാം: "എന്നെ സ്നേഹിക്കുന്നവർ എന്നോടൊപ്പം ഇരിക്കുന്നവരാണ്. എന്നോട് നന്ദികാണിക്കുന്നവർക്ക് ഞാൻ കൂടുതലായി നൽകുന്നതാണ്. എന്നെ വഴിപ്പെട്ട് ജീവിക്കുന്നവരാകട്ടെ ഞാൻ ആദരിച്ചവരുമാണ്. എന്നോട് അനുസരണക്കേട് കാണിച്ചവരെ എന്റെ കാരുണ്യത്തെക്കുറിച്ച് ഞാൻ നിരാശരാക്കുന്നില്ല. അവർ ആത്മാർഥമായി പശ്ചാത്തപിച്ചാൽ ഞാൻ അവരോട് സ്നേഹം കാണിക്കുന്നവനായിരിക്കും. നിശ്ചയമായും പശ്ചാത്തപിക്കുന്നവരെ ഞാൻ ഇഷ്ടപ്പെടുന്നു. വിശുദ്ധി കൈവരിക്കുന്നവരെയും ഞാൻ സ്നേഹിക്കുന്നു. ഇനി അവർ പശ്ചാത്തപിച്ചു മടങ്ങുന്നി ല്ലെങ്കിൽ ഞാൻ അവർക്ക് ചികിത്സ നിശ്ചയിക്കും. അതായത് ആപത്തുകൾ മുഖേന ഞാനവരെ പരീക്ഷിക്കും. അങ്ങനെ അവരുടെ ന്യൂനതകളിൽനിന്ന് അവരെ ഞാൻ ശുദ്ധീകരിക്കും."

(ഈ റിപ്പോർട്ടിന് ഒരു പരമ്പര (സനദ്) ഉള്ളതായി അറിയില്ല. ഇബ്നു തൈമിയ്യ(റഹി) തന്റെ ചില ഗ്രന്ഥങ്ങളിൽ ഉദ്ധരിച്ച ശൈലിയിൽനിന്നും അഹ്‌ലുൽ കിതാബുകാരുടെ ഗ്രന്ഥങ്ങളിൽനിന്നുള്ള വചനമായിട്ടാണ് (ഇസ്രാഈലിയാത്ത്) മനസ്സിലാക്കുന്നത്. വിശദവിവരത്തിന് ഇബ്നു അബ്ദിൽ ഹാദിയുടെ 'അൽ ഉക്വൂദുദ്ദുർരിയ്യ' (പേജ് 343), ഇബ്നുതൈമിയ്യയുടെ 'മിൻഹാജുസ്സുന്ന,' 'രിസാലതുൻ ഫീ തഹ്ക്വീക്വിശ്ശുക്ർ,' 'അത്തുഹ്ഫതുൽ ഇറാക്വിയ്യ,' 'അൽ ഹസനതു വസ്സയ്യിഅ,' 'മജ്മൂഉൽ ഫതാവ' എന്നീ ഗ്രന്ഥങ്ങൾ നോക്കുക- കുറിപ്പുകാരൻ).

ദിക്ർ ചെയ്യുന്നവർക്ക് ലഭിക്കുന്ന ഈ പ്രത്യേകമായ സാമീപ്യത്തോട് സമാനമായ ഒന്നുമേയില്ല. 'തക്വ്‌വ'യുള്ളവർക്കും സുകൃതം ചെയ്യുന്നവർക്കുമൊക്കെ കിട്ടുന്നതിനെക്കാൾ സവിശേഷമായ ഒരു പ്രത്യേക സാമീപ്യമാണത്. അത് വാചകങ്ങൾകൊണ്ട് വിശദീകരിക്കാൻ ആവുന്നതല്ല. അത് വർണനകൾക്കും അപ്പുറമാണ്. അത് അനുഭവിച്ചും ആസ്വദിച്ചുംതന്നെ അറിയേണ്ട ഒന്നാണ്. പലരും കാൽ വഴുതിപ്പോയ ഒന്നാണിത്. സ്രഷ്ടാവിനെയും സൃഷ്ടിയെയും അടിമയെയും ഉടമയെയും മുമ്പേയുള്ളവനെയും പിന്നീടുണ്ടായവയെയും ആരാധ്യനെയും ആരാധിക്കുന്നവനെയും തമ്മിൽ വേർതിരിക്കാനുള്ള ജ്ഞാനം ഒരാൾക്ക് ഇല്ലാതിരുന്നാൽ വഴിതെറ്റിപ്പോകും. അങ്ങനെ ക്രൈസ്തവരോട് സമാനമായ അവതാര സങ്കൽപത്തിലോ അദ്വൈതവാദക്കാരുടെതിന് സമാനമായ സൃഷ്ടിയും സ്രഷ്ടാവും ഒന്നാണെന്ന വാദത്തിലേക്കോ, റബ്ബിന്റെ അസ്തിത്വം തന്നെയാണ് ഈ ദൃശ്യപ്രപഞ്ചത്തിൽ കാണപ്പെടുന്നതൊക്കെയും എന്ന വാദത്തിലേക്കോ ഒക്കെ ചെന്നുവീഴും. അവരുടെ

പക്കൽ റബ്ബും അടിമയും സ്രഷ്ടാവും സൃഷ്ടിയും എന്നിങ്ങനെ രണ്ടില്ല; പ്രത്യുത അവരുടെ വിശ്വാസത്തിൽ റബ്ബ് തന്നെയാണ് അടിമ. അടിമ തന്നെയാണ് റബ്ബ്. പരസ്പര സദൃശ്യരായ സൃഷ്ടികളും അദ്വിതീയനും പരിശുദ്ധനുമായ സ്രഷ്ടാവും ഒന്നുതന്നെയെന്നാണ് അക്കൂട്ടരുടെ ജൽപനം. ഇത്തരം അക്രമികളും നിഷേധികളും പറഞ്ഞുണ്ടാക്കുന്നതിൽനിന്നൊക്കെ അല്ലാഹു എത്രയോ ഉന്നതനും മഹാനുമാണ്!

ചുരുക്കത്തിൽ, ഒരു അടിമയുടെ കൈവശം കുറ്റമറ്റ വിശ്വാസം (അക്വീദ) ഇല്ലാതിരിക്കുകയും ദിക്റിന്റെ ആധിപത്യം അയാളെ കീഴ്പ്പെടുത്തുകയും താൻ സ്മരിക്കുന്നവനെയുംകൊണ്ട് ദിക്റിൽനിന്നും തന്നിൽനിന്ന് തന്നെയും അയാൾ മറഞ്ഞുപോവുകയും ചെയ്താൽ അദ്വൈതത്തിന്റെയും അവതാര സങ്കൽപത്തിന്റെയുമൊക്കെ വാതിലിലൂടെ അയാൾ ഉറപ്പായും കടന്നുപോയിരിക്കും.

നാൽപത്തിമൂന്ന്: തീർച്ചയായും 'ദിക്ർ' അടിമമോചനത്തിനും സമ്പത്ത് ചെലവഴിക്കുന്നതിനും അല്ലാഹുവിന്റെ മാർഗത്തിൽ കുതിരപ്പുറത്ത് കയറുന്നതിനും വാളെടുത്ത് യുദ്ധം ചെയ്യുന്നതിനുമെല്ലാം സമാനമാണ്. പ്രവാചകന്റെ ഒരു ഹദീസ് മുമ്പ് നാം പറഞ്ഞിരുന്നു: "ആരെങ്കിലും ഒരു ദിവസത്തിൽ നൂറ് പ്രാവശ്യം ഇപ്രകാരം പറഞ്ഞാൽ; (ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീകലഹു ലഹുൽ മുൽകു വലഹുൽ ഹംദു വഹുവ അലാ കുല്ലിശൈഇൻ ക്വദീർ- അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല, അവന് യാതൊരു പങ്കുകാരുമില്ല. അവന്നാകുന്നു സർവ ആധിപത്യവും. അവന്നാകുന്നു സർവസ്തുതിയും. അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു) പത്ത് അടിമയെ മോചിപ്പിച്ചതിന് തുല്യമായ പ്രതിഫലമുണ്ട്. നൂറ് നന്മകൾ അയാളുടെ പേരിൽ രേഖപ്പെടുത്തുകയും നൂറ് തിന്മകൾ മായ്ക്കപ്പെടുകയും ചെയ്യും. ആ ദിവസം മുഴുവൻ അഥവാ പ്രഭാതംമുതൽ പ്രദോഷംവരെ അത് പിശാചിൽനിന്നുള്ള രക്ഷാകവചമായിരിക്കുകയും ചെയ്യും" (ബുഖാരി, മുസ്‌ലിം).

ഇബ്നു അബീ ദുൻയാ, അഅ്മശിൽനിന്നും അദ്ദേഹം സാലിം ഇബ്നു അബിൽ ജഅ്ദിൽനിന്നും ഉദ്ധരിക്കുന്നു: "ഒരിക്കൽ അബുദ്ദർദാഅ്ﷺ നോട് ഒരാൾ നൂറ് ആളുകളെ മോചിപ്പിച്ചതായി പറഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞു: 'ഒരാളുടെ സമ്പത്ത് ചെലവഴിച്ച് 100 പേരെ മോചിപ്പിക്കുക എന്നത് ധാരാളം ചെലവുള്ള കാര്യമാണ്. എന്നാൽ അതിനെക്കാൾ ശ്രേഷ്ഠമായ കാര്യമാണ് രാവും പകലും വേർപിരിയാത്ത ശക്തമായ ഈമാൻ (വിശ്വാസം); നിങ്ങളുടെ നാവ് സദാസമയവും അല്ലാഹുവിനെക്കുറിച്ചുള്ള ദിക്ർ കൊണ്ട് പച്ചപിടിച്ചുനിൽക്കുക എന്നതും" (ഇമാം അഹ്മദ് തന്റെ 'അസ്സുഹ്ദി'ലും ഇബ്നു അബീശൈബ 'അൽ മുസ്വന്നഫി'ലും ബൈഹക്വി 'ശുഅബുൽ ഈമാനി'ലുമൊക്കെ ഉദ്ധരിച്ചതാണ് ഈ ഹദീസ്. ഇതിന്റെ പരമ്പര മുറിഞ്ഞുപോയതാണ് (മുൻക്വത്വിഅ്). ഇമാം മുൻദിരി തന്റെ 'അത്തർഗീബു വത്തർഹീബ്' എന്ന ഗ്രന്ഥത്തിൽ പറയുന്നു: 'ഇത് ഇബ്നു അബീ ദുൻയാ ഹസനായ പരമ്പരയിലൂടെ മൗക്വൂഫായ നിലയിൽ അഥവാ സ്വഹാബിയുടെ വാക്കായി ഉദ്ധരിക്കുന്നുണ്ട്- കുറിപ്പുകാരൻ).

ഇബ്നു മസ്ഊദ്ﷺ പറയുന്നു: "അല്ലാഹുവിന്റെ മാർഗത്തിൽ കുറെ ദീനാറുകൾ ചെലവഴിക്കുന്നതിനെക്കാൾ എനിക്കിഷ്ടം അത്രയും എണ്ണം തസ്ബീഹുകളിലൂടെ അല്ലാഹുവിനെ പ്രകീർത്തിക്കലാണ്" (ഇബ്നു അബീശൈബ, ബൈഹക്വി ശുഅബുൽ ഈമാനിൽ ഉദ്ധരിച്ചത്. ഇതിന്റെ പരമ്പര മുറിഞ്ഞുപോയിട്ടുണ്ട്-കുറിപ്പുകാരൻ).

അബ്ദുല്ലാഹിബിനു അംറുംﷺ അബ്ദുല്ലാഹിബ്നു മസ്ഊദുംﷺ ഒരിടത്ത് ഇരിക്കുകയായിരുന്നു. അപ്പോൾ അബ്ദുല്ലാഹിബ്നു മസ്ഊദ് പറഞ്ഞുവത്രെ: "ഞാൻ ഒരു വഴിയിൽ പ്രവേശിക്കുകയും എന്നിട്ട് സുബ്ഹാനല്ലാഹ്, അൽഹംദുലില്ലാഹ്, അല്ലാഹു അക്ബർ എന്ന് പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്നതാണ് അത്രയും എണ്ണം ദീനാർ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നതിനെക്കാൾ എനിക്കിഷ്ടം.' അപ്പോൾ അബ്ദുല്ലാഹിബ്നു അംറ് പറഞ്ഞുവത്രെ: 'ഞാൻ ഒരു വഴിയിൽ പ്രവേശിക്കുകയും എന്നിട്ട് ഈ ദിക്റുകൾ ഉരുവിടുകയും ചെയ്യുന്നതാണ് അത്രയും എണ്ണം ഞാൻ അല്ലാഹുവിന്റെ മാർഗത്തിൽ കുതിരപ്പുറത്ത് വഹിക്കപ്പെടുന്നതിനെക്കാളും യുദ്ധത്തിനു പുറപ്പെടുന്നതിനെക്കാളും എനിക്കിഷ്ടം" (ബൈഹക്വി 'ശുഅബുൽ ഈമാനിൽ' ഉദ്ധരിച്ചത്. അതിന്റെ പരമ്പരയിൽ എനിക്ക് അജ്ഞാതനായ വ്യക്തിയുണ്ട്. എന്നാൽ ഇബ്നു അബീശൈബ മുസ്വന്നഫിൽ അബ്ദുല്ലാഹിബ്നു അംറിന്റെ വാക്ക് മാത്രമായി ഹസനായ സനദോടെ ഉദ്ധരിച്ചിട്ടുണ്ട് -കുറിപ്പുകാരൻ).

അബുദ്ദർദാഅ്ﷺന്റെ ഹദീസ് മുമ്പ് വന്നതാണ്. നബിﷺ പറഞ്ഞു: "നിങ്ങളുടെ കർമങ്ങളിൽ ഏറ്റവും ഉത്തമമായതും നിങ്ങളുടെ രാജാധിരാജന്റെ അടുക്കൽ ഏറ്റവും വിശുദ്ധമായതും നിങ്ങളുടെ പദവികളിൽ ഏറ്റവും ഉയർന്നതും സ്വർണവും വെള്ളിയും ചെലവഴിക്കുന്നതിനെക്കാൾ നിങ്ങൾക്ക് ഉത്തമമായതുമായ ഒരു കർമത്തെക്കുറിച്ച് ഞാൻ നിങ്ങളെ അറിയിക്കട്ടെയോ? നിങ്ങൾ നിങ്ങളുടെ ശത്രുവിനെ അഭിമുഖീകരിക്കുകയും പരസ്പരം പോരാടുകയും ചെയ്യുന്നതിനെക്കാളും ഉത്തമമാണത്." സ്വഹാബികൾ പറഞ്ഞു: "അറിയിച്ചുതന്നാലും റസൂലേ." നബിﷺ പറഞ്ഞു: "ദിക്റുല്ലാഹ് (അല്ലാഹുവിനെ പ്രകീർത്തിക്കൽ) ആണത്" (തിർമുദി, ഇബ്നുമാജ, ഹാകിം).

നാൽപത്തിനാല്: നിശ്ചയമായും ദിക്റാണ് നന്ദിയുടെ പ്രധാനഭാഗം. അല്ലാഹുവിനെ സ്മരിക്കാത്തയാൾ അല്ലാഹുവിന് നന്ദി കാണിച്ചിട്ടില്ല. ഇമാം ബൈഹക്വി സൈദ് ഇബ്നു അസ്‌ലമിൽനിന്ന് നിവേദനം ചെയ്യുന്നു: "മൂസാനബിﷺ പറഞ്ഞു: 'നീ എനിക്ക് ധാരാളം അനുഗ്രഹം ചെയ്തു തന്നു. അതിനാൽ നിനക്ക് ധാരാളമായി നന്ദിചെയ്യാനായി ഒരു മാർഗം നീ എനിക്ക് അറിയിച്ചുതരണേ.' അല്ലാഹു പറഞ്ഞു: 'നീ എന്നെ ധാരാളമായി ഓർക്കുക (ദിക്ർ ചെയ്യുക). നീ എന്നെ ധാരാളമായി സ്മരിച്ചാൽ തീർച്ചയായും നീ എന്നോട് ധാരാളമായി നന്ദി ചെയ്തു. എന്നാൽ നീ വിസ്മരിച്ചാൽ തീർച്ചയായും നീ എന്നോട് നന്ദികേട് കാണിച്ചു'' (ശുഅബുൽ ഈമാൻ, ഇബ്നു അബീശൈബ 'മുസ്വന്നഫി'ലും ഇതുപോലൊരു റിപ്പോർട്ട് ഉദ്ധരിക്കുന്നുണ്ട്; ഇബ്നുൽ മുബാറക് തന്റെ 'അസ്സുഹ്ദി'ൽ സംക്ഷിപ്ത രൂപത്തിലും).

ഇമാം ബൈഹക്വി 'ശുഅബുൽ ഈമാൻ' എന്ന ഗ്രന്ഥത്തിൽതന്നെ അബ്ദുല്ലാഹിബ്നു സലാമിൽനിന്ന് ഉദ്ധരിക്കുന്നു: "മൂസാനബിﷺ പറഞ്ഞു: 'അല്ലാഹുവേ, നിനക്ക് അനുയോജ്യമായ വിധത്തിൽ എങ്ങനെയാണ് നന്ദി ചെയ്യുക?' അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണയാൽ സദാസമയവും നിന്റെ നാവ് പച്ചപിടിച്ചുനിൽക്കട്ടെ എന്ന് അല്ലാഹു അദ്ദേഹത്തിന് ബോധനം നൽകി. മൂസാനബിﷺ പറഞ്ഞു: 'അല്ലാഹുവേ, നിന്നോടുള്ള ആദരവിനാൽ നിന്നെ ദിക്ർ ചെയ്യാൻ മടിക്കുന്ന അവസ്ഥയിലാണ് ഞാൻ എങ്കിലോ?' അല്ലാഹു ചോദിച്ചു: 'അതെന്താണ്?' അദ്ദേഹം പറഞ്ഞു: 'ഞാൻ വലിയ അശുദ്ധിയിലോ മലമൂത്രവിസർജന അവസ്ഥയിലോ മറ്റോ ആണെങ്കിൽ.' അപ്പോൾ അല്ലാഹു പറഞ്ഞു: 'അങ്ങനെയാണെങ്കിൽ നീ ഇപ്രകാരം പറഞ്ഞുകൊള്ളുക: 'അല്ലാഹുവേ, നിനക്കാണ് സർവസ്തുതിയും. നീ എത്രയോ പരിശുദ്ധൻ. മാലിന്യങ്ങളിൽനിന്ന് എന്നെ നീ അകറ്റേണമേ. നീ എത്രയോ പരിശുദ്ധനാണ്. നിനക്കാണ് സർവസ്തുതിയും. ബുദ്ധിമുട്ടുകളിൽനിന്നും നീ എന്നെ കാക്കേണമേ" (ശുഅബുൽ ഈമാൻ 2: 591).

ആഇശﷺ പറയുന്നു: "നബിﷺ അല്ലാഹുവിനെ സദാസമയത്തും സ്മരിക്കാറുണ്ടായിരുന്നു" (മുസ്‌ലിം). ഇതിൽ ഏതെങ്കിലും ഒരു അവസ്ഥയെ പ്രത്യേകം ഒഴിവാക്കിപ്പറഞ്ഞില്ല എന്നത് ശ്രദ്ധേയമാണ്. ശുദ്ധിയുള്ളപ്പോഴും ശുദ്ധിയില്ലാത്ത-വലിയ അശുദ്ധിയുടെ - സന്ദർഭത്തിലും നബിﷺ റബ്ബിനെ സ്മരിക്കാറുണ്ടായിരുന്നു എന്നാണ് ഇത് അറിയിക്കുന്നത്. എന്നാൽ വിസർജന വേളയിൽ നബിﷺയെ ഒരാളും കാണുകയോ നബിയിൽനിന്ന് എന്തെങ്കിലും റിപ്പോർട്ട് ചെയ്യുകയോ ഉണ്ടായിട്ടില്ല. എന്നാൽ മലമൂത്ര വിസർജനത്തിന് മുമ്പും ശേഷവും പ്രത്യേകമായ ദിക്റുകൾ അവിടുന്ന് സമുദായത്തിന് പഠിപ്പിച്ചിട്ടുണ്ട്. അത് ദിക്റിന്റെ മതിയായ പ്രാധാന്യത്തെയും പരിഗണനയെയുമാണ് അറിയിക്കുന്നത്. അത്തരം സന്ദർഭങ്ങളിൽ പോലും ദിക്ർ ഉപേക്ഷിക്കുകയോ അതിൽ വീഴ്ചവരുത്തുകയോ ചെയ്യരുത് എന്നാണ് താൽപര്യം. ഭാര്യാഭർതൃബന്ധത്തിൽ ഏർപ്പെടുമ്പോഴും പ്രത്യേകമായ ദിക്റുകൾ സമുദായത്തെ പഠിപ്പിച്ചിട്ടുണ്ട്:

'അല്ലാഹുവിന്റെ നാമത്തിൽ' (ബിസ്മില്ലാഹി), 'അല്ലാഹുവേ, ഞങ്ങളിൽ നിന്നും പിശാചിനെ നീ അകറ്റേണമേ' (അല്ലാഹുമ്മ ജന്നിബ്നശ്ശൈത്വാൻ), 'ഞങ്ങൾക്ക് നീ നൽകുന്നതിൽനിന്നും പിശാചിനെ നീ അകറ്റേണമേ' (വ ജന്നിബിശ്ശൈത്വാന മാ റസറക്തനാ) (ബുഖാരി, മുസ്‌ലിം).

എന്നാൽ മലമൂത്ര വിസർജനം നടത്തിക്കൊണ്ടിരിക്കുമ്പോഴും ഭാര്യയുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുമ്പോഴും മനസ്സിൽ അല്ലാഹുവിനെ സ്മരിക്കുക എന്നത് അനഭിലഷണീയമായ കാര്യമൊന്നുമല്ല. പ്രത്യുത, സത്യവിശ്വാസിയുടെ മനസ്സിൽ ആ സ്മരണ സദാ സമയവും ഉണ്ടാവേണ്ടതാണ്. തനിക്ക് ഏറ്റവും പ്രിയപ്പെട്ടവനിൽനിന്ന് തന്റെ മനസ്സിനെ തിരിച്ചുവിടുക എന്നത് അവന് സാധിക്കുകയില്ല. മാത്രവുമല്ല അങ്ങനെയുള്ളവനെ മറന്നുകളയാൻ മനസ്സിനോട് നിർബന്ധിക്കുകയാണെങ്കിൽ അസാധ്യമായ ഒന്നിന് അയാളെ നിർബന്ധിക്കുകയാകുമത്. **(തുടരും)**

ക്വുർആൻ പാഠം

അബൂതെഹ്സീൻ
mail@nerpatham.com



# ചോദിക്കാം, പക്ഷേ...!

**"സത്യവിശ്വാസികളേ, ചിലകാര്യങ്ങളെപ്പറ്റി നിങ്ങൾ ചോദിക്കരുത്. നിങ്ങൾക്ക് അവ വെളിപ്പെടുത്തപ്പെട്ടാൽ നിങ്ങൾക്കത് മനഃപ്രയാസമുണ്ടാക്കും. ക്വുർആൻ അവതരിപ്പിക്കപ്പെടുന്ന സമയത്ത് നിങ്ങളവയെപ്പറ്റി ചോദിക്കുകയാണെങ്കിൽ നിങ്ങൾക്കവ വെളിപ്പെടുത്തുകതന്നെ ചെയ്യും. (നിങ്ങൾ ചോദിച്ച് കഴിഞ്ഞതിന്) അല്ലാഹു (നിങ്ങൾക്ക്) മാപ്പുനൽകിയിരിക്കുന്നു. അല്ലാഹു ഏറെ പൊറുക്കുന്നവനും സഹനശീലനുമാകുന്നു. നിങ്ങൾക്ക് മുമ്പ് ഒരു ജനവിഭാഗം അത്തരം ചോദ്യങ്ങൾ ചോദിക്കുകയുണ്ടായി. പിന്നെ അവയിൽ അവർ അവിശ്വസിക്കുന്നവരായിത്തീരുകയും ചെയ്തു" (ക്വുർആൻ 5:101)**

അനാവശ്യമായ ചോദ്യങ്ങൾ ഉന്നയിക്കുകയും ഉപകാരപ്രദമല്ലാത്ത അന്വേഷണങ്ങൾ നടത്തുകയും ചെയ്യുന്നതിനെ അല്ലാഹുവും റസൂലും വിരോധിക്കുന്നു. അങ്ങനെയുള്ള ചോദ്യങ്ങൾക്ക് ലഭിക്കുന്ന മറുപടി പലപ്പോഴും ചോദ്യകർത്താവിനു തന്നെ അതൃപ്തിയും വിഷമവും ഉളവാക്കുന്നതായേക്കാം. ഒരു കാര്യം ഇന്നിന്നപ്രകാരമാണെന്ന് വിശദീകരിക്കപ്പെട്ടിട്ടില്ലാത്തപ്പോൾ ജനങ്ങൾക്ക് അവരുടെ ഹിതവും സൗകര്യവും അനുസരിച്ച് അത് കൈകാര്യം ചെയ്യാൻ വിഷമമുണ്ടാകില്ല. എന്നാൽ വിശദാംശങ്ങളെക്കുറിച്ച് ചോദ്യം ചെയ്യുമ്പോൾ ലഭിക്കുന്ന വിശദീകരണം അത് ഇന്നിന്ന പ്രകാരമായിരിക്കണമെന്നുള്ള സുനിശ്ചിതത്വം ഉളവാക്കുന്നു. അതോടെ അതിൽ മുമ്പുണ്ടായിരുന്ന വിശാലതയും സൗകര്യവും നീങ്ങിപ്പോവുകയും കൃത്യതയും കണിശതയും വർധിക്കുകയും ചെയ്യുന്നു.

അബൂഹുറയ്റ﵁യിൽനിന്ന് നിവേദനം: നബിﷺ ഇപ്രകാരം പറയുന്നത് ഞാൻ കേട്ടിരിക്കുന്നു: "ഞാൻ എന്തൊന്ന് നിരോധിച്ചുവോ അതിനെ നിങ്ങൾ വെടിയുക. ഞാൻ എന്തൊന്ന് കൽപിച്ചുവോ അത് നിങ്ങൾ കഴിവിനനുസരിച്ച് നിറവേറ്റുക. നിശ്ചയമായും നിങ്ങൾക്ക് മുമ്പുള്ളവരെ നശിപ്പിച്ചത് അവരുടെ അധികരിച്ച ചോദ്യങ്ങളും പ്രവാചകന്മാരോടുള്ള അവരുടെ വിയോജിപ്പുമായിരുന്നു" (ബുഖാരി, മുസ്‌ലിം).

വിവരമില്ലാത്ത കാര്യങ്ങൾ ചോദിച്ച് മനസ്സിലാക്കരുതെന്നോ സംശയത്തിന് പരിഹാരം തേടരുതെന്നോ അല്ല ക്വുർആനികാധ്യാപനങ്ങളുടെയും തിരുവചനങ്ങളുടെയും പൊരുൾ. മറിച്ച് അനാവശ്യമായ വിശദീകരണം ആവശ്യപ്പെടുക, പരീക്ഷിക്കുന്നതിനു വേണ്ടിയോ തർക്കത്തിനുവേണ്ടിയോ മാത്രം ചോദിക്കുക മുതലായ കാര്യങ്ങളാണ് വിരോധിക്കപ്പെട്ടിട്ടുള്ളത്. അറിയാത്ത കാര്യങ്ങൾ അന്വേഷിച്ച് കണ്ടെത്തണമെന്ന് ക്വുർആനിൽനിന്നും ഹദീഥിൽനിന്നും വ്യക്തമായിട്ടുള്ളതാണ്.

നബിﷺ പറഞ്ഞു: "ഞാൻ നിങ്ങൾക്കായുപേക്ഷിച്ച കാര്യങ്ങളിൽ എന്നെ നിങ്ങൾ വിട്ടേക്കുക. നിശ്ചയം, അധികരിച്ച ചോദ്യങ്ങളും പ്രവാചകന്മാരോടുള്ള ഭിന്നതകളുമാണ് നിങ്ങൾക്ക് മുമ്പുള്ളവരെ നാശത്തിലാക്കിയത്. ആയതിനാൽ ഞാൻ വിലക്കിയ കാര്യങ്ങൾ നിങ്ങളുപേക്ഷിക്കുക, കൽപിച്ച കാര്യങ്ങൾ പരമാവധി നിർവഹിക്കുക" (മുസ്‌ലിം).

ഈ പ്രമാണവാക്യങ്ങൾ വ്യക്തമാക്കുന്ന യാഥാർഥ്യം ഉൾക്കൊള്ളുകയും ജീവിതത്തിൽ പകർത്തുകയും ചെയ്യുമ്പോൾ ഇന്നത്തെ സാമൂഹ്യ മാധ്യമങ്ങളിലും മറ്റു മേഖലകളിലും നാം കാണുന്ന അനാവശ്യ തർക്കവിതർക്കങ്ങളിൽനിന്ന് അകലം പാലിക്കാൻ നമുക്ക് സാധിക്കും. ഗുണകാംക്ഷയോടും സഹിഷ്ണുതയോടും കൂടി മാത്രമെ പ്രബോധന പ്രവർത്തന രംഗത്ത് നിലയുറപ്പിച്ചിട്ട് കാര്യമുള്ളൂ എന്ന കാര്യം ഓർക്കുക. നാഥൻ അനുഗ്രഹിക്കട്ടെ.

wisdomyouth



നാം എല്ലാ നേരവും വയറ് നിറച്ച്
വിഭവസമൃദ്ധമായ ഭക്ഷണം
കഴിക്കുമ്പോൾ ആഹാരത്തിനായി
കൊതിയോടെ കഴിയുന്ന മനുഷ്യർക്കായി ഒരു ശ്രമം

WISDOM YOUTH

# treat

## Hunger free homes

WISDOM ISLAMIC ORGANIZATION -TREAT
AC.NO. 921010033265035
AXIS BANK LTD CALICUT BRANCH
IFSC-UTIB0000136

LIVE STREAMING
wisdomglobaltv
wisdomyouth

**WISDOM ISLAMIC YOUTH ORGANIZATION,**
**C.V.COMPLEX, P.V.SWAMI ROAD, CALICUT**

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 SEPTEMBER 25

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-




GET IT ON Google Play
Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI
GooglePay Paytm